3405

# SVS

3405
121
34

# അമ്പത്തേഴ് ആളെ കൊന്നു

SAHITHYA VILASINI LIBRARY
AYATHIL, KILIKOLLOOR P.
QUILON.
SPORTS CLUB & GYMNASIUM

പ്രസാധകന്മാർ
**സാഹിത്യപ്രവർത്തക സഹകരണ**
**സംഘം ലിമിറ്റഡ്**

[Malayalam]

# ANPATHEZH AALE KONNU

(SHORT STORIES)

BY

C. A. KITTUNNI

First Impression June 1958

RIGHTS RESERVED

Printed at the Bhagyodayam Press, Pulikkeezhu

Copies 1000

PUBLISHERS

SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL

KOTTAYAM KERALA STATE

Rs. 1·25

# അമ്പലത്തേഴ് ആളെ കൊന്നു

സി. എ. കിട്ടുണ്ണി

SAHITHYA VILASINI LIBRARY
KILIKOLLOOR P. O.
QUILON.
SPORTS CLUB & GYMNASIUM

ശ്രീ

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം — തിരുവനന്തപുരം

വില ക. 1·25

NATIONAL BOOK STALL
KOTTAYAM
KALLARIKAL BAZAAR · TVM

## സി. എ. കിട്ടുണ്ണിയുടെ കൃതികൾ

| | |
|---|---|
| തോക്കും തൊപ്പിയും | (കഥകൾ) |
| കൊടിയും പടവും | ,, |
| പെൻഷൻകോൺസ്റ്റബ്ൾ | ,, |
| അനാഥബാലിക | ,, |
| റിക്ഷാക്കാരൻ | ,, |
| കഥാലോകം | ,, |
| കഥാലത | ,, |
| സ്വാതന്ത്ര്യദിനത്തിൽ | ,, |
| അമ്പത്തേഴ് ആളെ കൊന്നു | ,, |
| നാട്ടിൻപുറത്ത് | (നാടകം) |

S826 B570 124/57-58 CRB 140

# മുഖവുര

'അമ്പത്തേഴ് ആളെ കൊന്നു' എന്ന ഈ കൃതി 1958-ൽ പ്രസിദ്ധപ്പെടുത്തുന്ന എന്റെ പുതിയ കഥാസമാഹാരമാണ്.

കാൽനൂററാണ്ടിനുമുമ്പ് ഞാൻ കഥയെഴുത്തു തുടങ്ങി. 1940-ൽ ആദ്യത്തെ കഥാസമാഹാരം — 'കഥാലോകം' — പ്രസിദ്ധപ്പെടുത്തി. 1943-ൽ 'കഥാലത'യും.

ഈ രണ്ടു പുസ്തകങ്ങളുടേയും മൂന്നാംപതിപ്പുകൾ കഴിഞ്ഞകൊല്ലം സാഹിത്യപ്രവർത്തകസഹകരണസംഘം അവകാശം വാങ്ങി അച്ചടിച്ചിറക്കിയിട്ടുണ്ട്.

ഞാൻ കഥകൾ എഴുതിത്തുടങ്ങിയപ്പോഴും അവ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയപ്പോഴും സാഹിത്യനായകന്മാരുടേയും പത്രങ്ങളുടേയും നിർല്ലോഭമായ പ്രശംസകളുണ്ടായി എന്നതു വാസ്തവമാണ്.

അന്നത്തേയും ഇന്നത്തേയും കഥാരചനാസമ്പ്രദായത്തിന് അന്തരമുണ്ടല്ലോ. കാൽനൂററാണ്ടിന്നിടയ്ക്കു് നമ്മുടെ കഥാസാഹിത്യത്തിനുണ്ടായ വളർച്ച അപ്രതിമവും അസൂയാവഹവുമാണെന്നുള്ളതു് ആരേയും പറഞ്ഞറിയിക്കേണ്ടതില്ല.

കഥാസാഗരത്തിൽ എന്റെ കൊച്ചുവഞ്ചി കാൽനൂററാണ്ടിലേറെക്കാലമായി ഞാൻ തുഴഞ്ഞുവരുന്നു. എങ്കിലും പിന്നീടു പിന്നീട് വഞ്ചിയിറക്കിയവരുടെതന്നെ ഒപ്പമെത്താൻ എനിക്കു കഴിഞ്ഞിട്ടില്ലെന്നതു ഞാൻ സമ്മതിക്കുന്നു. പുരോഗമനാശ ഇല്ലാഞ്ഞിട്ടല്ല, കഴിവുകുറവുകൊണ്ട്. ചില കുറുക്കുവഴികൾ സ്വീകരിച്ചാൽ കുറെക്കൂടി അകലെ എത്താമായിരുന്നു. പക്ഷേ, ആ മാറ്റങ്ങൾ എന്നെ ആകർഷിച്ചില്ല. എനിക്ക് അവ തീരെ ഇഷ്ടമായില്ല.

കാൽനൂററാണ്ടിനുമുമ്പെഴുതിയ എന്റെ കഥകൾക്ക് ഇന്നത്തെ നിലവാരത്തിൽ വില എങ്ങനെയെന്ന് അറിയണമെന്നു മോഹമുണ്ടായി. അന്നത്തെ അഭിനന്ദനങ്ങൾ ഇന്ന് ആക്ഷേപങ്ങളാവാമല്ലോ. കഥാലോകവും കഥാലതയും സാഹിത്യപ്രവർത്തകസഹകരണസംഘം

ഇപ്പോഠം പ്രസിദ്ധപ്പെടുത്തി പത്രങ്ങഠംക്കഭിപ്രായത്തിന്നയച്ചതിൽ 'ഗ്രന്ഥാലോകം' എഴുതിയതിങ്ങനെയാണ്:

ശ്രീ. സി. എ. കിട്ടുണ്ണിയുടെ ആദ്യത്തെ കഥാസമാഹാരങ്ങളാണ് ഇവ. രണ്ടും ഇപ്പോൾ മൂന്നാംപതിപ്പിലെത്തിയിരിക്കുന്നു. ഈ കഥകൾക്ക് നല്ല പ്രചാരമുണ്ടായിരുന്നു എന്ന് ഇതിൽനിന്ന് ഊഹിക്കാം. തകഴിയും ദേവും മററും എഴുതിത്തുടങ്ങിയകാലത്തുതന്നെ കഥാരചന ആരംഭിച്ച ആളാണ് കിട്ടുണ്ണി. ഒരു സാമാന്യനിലവാരത്തിൽനിന്നു താഴാതെ തന്റെ കലയെ അദ്ദേഹം എന്നും സംരക്ഷിച്ചിട്ടുണ്ട്. ആത്മാർത്ഥത കൊണ്ട് നീറുകയും കത്തുകയും ചെയ്യുന്ന ഒരു ഹൃദയത്തെ ഈ കഥകളുടെ പിന്നിൽ നമുക്കു കാണാം. ധാർമ്മികമൂല്യത്തെ ഉയർത്തിക്കാണിക്കാൻ ചിലപ്പോൾ കലാംശത്തിനു് അപ്രധാനത കല്പിക്കുന്നതുമാത്രമാണ്, ഇതിൽ ഒരു നിരൂപകൻ കണ്ടേക്കാവുന്ന ന്യൂനത. 'കഥാലോക'ത്തിൽ പത്തുചെറുകഥകളുണ്ട്. ഒന്നിലും സംഭവങ്ങൾകൊണ്ടുള്ള ഇന്ദ്രജാലമോ അന്തരീക്ഷവർണ്ണനയുടെ ചായപ്പകിട്ടോ കാണുകയില്ല. എന്നാലും മിക്കകഥകളും നമ്മുടെ ഹൃദയത്തെ ഒന്നിളക്കിമറിക്കും. 'പട്ടീടെ പാക്യം' 'അങ്ങിനെയും വരാം' ഈ രണ്ടു കഥകൾ വിശേഷിച്ച് എടുത്തുപറയേണ്ടവയാണ്. ചായസൽക്കാരത്തിനു് കൂടിയിരിക്കുന്ന സമ്പന്നന്മാർ, വളത്തുപട്ടിയെ തീററിക്കുന്നതുകണ്ട്, വായിൽ വെള്ളമൂറിക്കൊണ്ട് ഒരു റിക്ഷാക്കാരൻ പറഞ്ഞതാണ് "ആ പട്ടീടെ പാക്യം" എന്ന്. അവന്റെ കഷ്ടതയാണ് കഥാതന്തു.

'കഥാലത'യിൽ അഞ്ചു കഥകളുണ്ട്. ചിലതു് അല്പം നീണ്ട കഥകളാണ്. ഇന്നത്തെ ആഖ്യാനസമ്പ്രദായങ്ങൾ വളരെ മാറിപ്പോയിട്ടുണ്ടെന്നു് ഈ പുസ്തകം വായിക്കുമ്പോൾ നാം ഓർക്കും. അനേകം കൊല്ലങ്ങളിലായി വ്യാപിച്ചുകിടക്കുന്ന സംഭവങ്ങൾ പലതിലും ഉണ്ട്. അങ്ങനെ ചില കഥകൾ,

3405



നോവലിൻെറ കരട്ടരേഖകൾപോലെയായിത്തീന്ന. അന്തരീക്ഷസൃഷ്ടിയിൽ അല്പംകൂടി ശ്രദ്ധചെലുത്താൻ കഴിഞ്ഞാൽ കിട്ടുണ്ണിക്കു് ഇതിലധികം നല്ലകഥകൾ എഴുതാൻ കഴിയും.

—എസ്. ഗുപ്തൻനായർ

ഗ്രന്ഥാലോകംമാസിക; എഴുതിയതു് ശ്രീ. ഗുപ്തൻനായർ. ഏതു നിലയിലും ഉദ്ധരിക്കേണ്ടതാണ് ഈ അഭിപ്രായമെന്ന തോന്നി.

"ഇന്നത്തെ ആഖ്യാനസമ്പ്രദായങ്ങൾ വളരെ മാറിപ്പോയിട്ടുണ്ടു്" എന്നുള്ളതിന്ന കഥാലതയിലെ ചില കഥകൾ ഉദാഹരണങ്ങളായി വിദഗ്ദ്ധനായ വിമർശകൻ എടുത്തു കാട്ടുന്നതു് ശ്രദ്ധേയമാണ്. "അനേകം കൊല്ലങ്ങളിലായി വ്യാപിച്ചുകിടക്കുന്ന സംഭവങ്ങൾ"കൊണ്ടു് ചില കഥകൾ "നോവലിൻെറ കരട്ടരേഖകൾ പോലെ" ആയിത്തീന്നുതന്നെയാണ് അന്നത്തേയും ഇന്നത്തേയും കഥകൾക്കുള്ള മൗലികമായ അന്തരം.

ഈ പരമാത്ഥങ്ങളൊക്കെ അംഗീകരിക്കുന്ന ഞാൻ 1958-ൽ പ്രസിദ്ധപ്പെടുത്തുന്ന 'അമ്പത്തേഴ് ആളെ കൊന്നു' എന്ന കഥാസമാഹാരത്തിലെ കഥകളിൽ അവ പാലിച്ചിട്ടുണ്ടോ?

'പുതിയ ബംഗ്ലാവി'ൻെറ പണിയിൽ ചില പഴയ കല്ലുകൾ കാണില്ലേ? എന്തോ, ആ പഴയ കല്ലുകൾക്കു് ഉറപ്പുകൂട്ടുമെന്നു് എനിക്കൊരു വിശ്വാസം. ആധുനികാഖ്യാനരീതി മാപ്പുതരാത്ത വേറെയും വശങ്ങളുണ്ടായിരിക്കും.

പണ്ഡിതനും വിമർശകനുമായ ശ്രീ. ഗുപ്തൻനായക്ക് ഞാൻ തൊഴുകൈ അപ്പിക്കുന്നു, അദ്ദേഹത്തിൻെറ നിരൂപണത്തിലെ ഒരു വാചകത്തിന്നു്—"ഒരു സാമാന്യനിലവാരത്തിൽനിന്ന താഴാതെ തന്റെ കലയെ അദ്ദേഹം എന്നും സംരക്ഷിച്ചിട്ടുണ്ടു്" എന്ന വാചകത്തിന്നു്.

അതേ, സത്യമാണ് അതിന്നുവേണ്ടി ഞാൻ ശ്രമിച്ചിട്ടുണ്ടു്. ഉയരാനുള്ള ഉത്സാഹത്തെക്കാളേറെ ഈ "സാമാന്യനിലവാരത്തിൽനിന്ന താഴാതിരിക്കാൻ" ആയിരുന്ന എൻെറ ആഗ്രഹം.

തൃശ്ശൂർ
13-1-1958

സി. എ. കിട്ടുണ്ണി

3405

## കഥകൾ


| | |
|---|---|
| അമ്പത്തേഴ് ആളെ കൊന്നു | 9 |
| പെണ്ണു പെണ്ണുതന്നെ | 19 |
| വിഷം കേറി, വിഷമിറങ്ങി | 35 |
| ഭക്തിയും മുക്തിയും | 45 |
| സപ്ലണ്ണച്ചെയിൻ | 62 |
| പുതിയ ബംഗ്ലാവ് | 71 |
| മാധവിയുടെ മാനസാന്തരം | 85 |

# അമ്പത്തേഴ് ആളെ കൊന്നു.

**കോരൻതന്തയെ** നാട്ടുകാർക്കെല്ലാം വളരെ ഇഷ്ട മാണ്. വേലികെട്ടാണ് തന്തയുടെ സ്ഥിരം 'ഉദ്യോ ഗം.' മൂച്ച്യുള്ള വെട്ടുകത്തി കോരൻതന്തയുടെ ക യ്യിൽ എപ്പോഴും കാണാം. മുട്ടിറങ്ങാത്ത മുണ്ടുടുത്ത് അതഴിയാതിരിക്കാനായി വീതി കുറഞ്ഞ ഒരു തുകൽ വാറ് മീതെ കെട്ടിയിരിക്കും. ഉയരം കുറഞ്ഞ കറു ത്തു തടിച്ച ശരീരം. തലയിൽ ഒററരോമമില്ലെങ്കി ലും നെഞ്ചിലും പുറത്തും ധാരാളമാണ്. വയററത്തു മാങ്ങയോളം പോന്ന ഒരു മുഴയുണ്ട്. നിരുപദ്രവി യാണത്രെ അത്. ശരീരത്തിനനുസരിച്ച മുഖമല്ല; ചെറിയമുഖം. പതിഞ്ഞ മൂക്ക്.

സന്തോഷത്തോടുകൂടിയല്ലാതെ കോരൻതന്തയെ കാണാറില്ല. നടക്കുമ്പോഴും വർത്തമാനം പറയുമ്പോ ഴും പണിയെടുക്കുമ്പോഴും ഒക്കെ ചിരിക്കും.

കുട്ടികളെ കണ്ടാൽ എന്തെങ്കിലും തമ[illegible] യാതെ വിട്ടൊഴിയുകയില്ല. ഏതു വീട്ടി[illegible] ളും കോരൻതന്തയെ അറിയും.

ആ നാട്ടിൻപുറത്ത് മിക്കവാറും [illegible] ന്നുടമസ്ഥരും വേലി കെട്ടിക്കുക കോരൻത[illegible] ണ്ടാണ്. കോരൻതന്തയെ ചെന്നു കണ്ട[illegible]

ഞ്ഞിട്ടോ ഒന്നും വേണ്ട അയാൾ വേലി കെട്ടാനെ ത്തുന്നതിന്ന്. കൊല്ലവും പതിവുള്ള മാസങ്ങളിൽ കോരൻതന്ത സമയമെത്തി പണിയാരംഭിക്കും. പല പ്പോഴും, പട്ടിലിൽ കയറി മുള്ളു വെട്ടി അട്ടക്കിക്ക ഴിഞ്ഞിട്ടാവും വീട്ടുടമസ്ഥർ വിവരമറിയുക. പറമ്പി ന്റെ പിന്നിൽകൂടി വേലിയിന്മേൽ ചവുട്ടി ഇല്ലിക്കൂ ട്ടത്തിന്മേൽ പൊത്തിപ്പിടിച്ചു കേറാൻ മൂപ്പർക്കൊരു വിഷമവുമില്ല. നൂറ് "അടക്ക്" മുള്ളിന്ന് ആറു റു പ്പികയാണ് വെട്ടുകൂലി. പക്ഷേ തന്ത കണക്കുകൂട്ടു മ്പോൾ ആറു റുപ്പിക നാലരയും മൂന്നേമുക്കാലുമൊ ക്കെയൊവുക പതിവാണ്. മുള്ളടക്കുകൾ പല: പ്രാ വശ്യം എണ്ണുന്നതു കാണാം. എത്ര എണ്ണിയാലും ആ കത്തുക ഒന്നാവുകയില്ല. എണ്ണത്തു ചിലപ്പോൾ അ മ്പതാവും. നൂറ് കഴിഞ്ഞു തൊണ്ണൂറ് വന്നേയ്ക്കും. കോരൻതന്തയും കണക്കുശാസ്ത്രവും തമ്മിൽ അത്ര യ്ക്കു ബന്ധമുള്ളൂ. വീട്ടുടമസ്ഥന് നഷ്ടം വരാതിരി ക്കണമെന്നാണ് കോരൻതന്തയുടെ വ്യഗ്രത. ആ വ്യഗ്രതയിലാണ് കണക്കധികവും മേലുകീഴാവുക. നാ ട്ടുകാക്കിതറിയാം. കോരൻതന്തയ്ക്കു പിഴച്ചാലും ത ന്തയെ ആരും നഷ്ടപ്പെടുത്തുകയില്ല.

ഒരു ദിവസവും കോരൻതന്തയ്ക്ക് തന്റെ മിന്നു ട്ടുകത്തി വെറുതെ വെയ്ക്കേണ്ടിവരാറില്ല. മു വേലികെട്ടും മുടങ്ങാതെ ഉണ്ടായിരിക്കും.

ന്തല്ലാം രസകരങ്ങളായ കഥകളാണെന്നോ പറയുക! ഇല്ലിക്കൂട്ടത്തിന്മേൽ ഇട തൂ മൂത്തു വളൻ നില്ക്കുന്ന മുള്ളുകൾ അസ്വ ാതെ. ദേവശാപംകൊണ്ട് അവരിങ്ങിനെ

ഭൂമിയിൽ വന്നിരിയ്ക്കുയാണ്. അവരെയാണ് താൻ വെട്ടി "ശരിപ്പെടുത്തുന്നതു്." പ്രേതങ്ങളും പിശാചുക്കളും നമ്മെ കടന്നാക്രമിക്കാതിരിക്കാനായി പണ്ട് ബ്രഹ്മാവ് ഉപദേശിച്ചതനുസരിച്ചുണ്ടായതാണത്രെ നമ്മുടെ വീടിനും പറമ്പിനുമുള്ള അതിരും വേലിയും. "വേലിയും കോലുമില്ലാത്തടത്ത് ദുർദ്ദേവതകൾ ഇഷ്ടം പോലെ കടന്നു വിളയാടും" എന്ന വിശ്വാസം നാട്ടുകാരിലിന്നുമുള്ളതു് ഈ കഥയ്ക്കു താങ്ങായി നില്ക്കും.

എഴുത്തും വായനയും അറിയാത്ത കോരൻതന്തയ്ക്കു രാമായണകഥ ഹൃദിസ്ഥമാണ്. അയൽപക്കത്തെ ശങ്കരൻപൂശാരി രാത്രി രാമായണം വായിക്കുന്നതു മുററത്തു ചെന്നിരുന്നു കേൾക്കാൻ ഒരു ദിവസവും തന്ത മുടക്കം വരുത്താറില്ല. "രാമബകവാ" നെന്നു പറയുമ്പോഴെയ്ക്കും തന്ത കണ്ണടച്ചു കൈക്കൂപ്പും.

ഏഴു പെൺകുട്ടികളുള്ള കോരൻതന്തയ്ക്ക് "കടശ്ശി"യായി ഒരു 'ശിന്ന'നുണ്ട്. അവനെ കൂടെ കൊണ്ടുനടക്കുക തന്തയുടെ പതിവാണ്. "കാലപ്പോക്കിലെ കൃഷി" എന്നാണ് തന്ത അവനെപ്പററി ഫലിതം പറയുക.

രാമായണഭക്തികൊണ്ടാവാം, രാമനെന്നാണ് തൻെറ ഏകമകന് തന്ത പേരിട്ടതു്. രാമനെ "പത്തുവരെ" പഠിപ്പിക്കണമെന്ന് കോരൻതന്ത നിശ്ചയിച്ചിരുന്നു. എന്നാൽ രണ്ടാംക്ലാസ്സിൽ രണ്ടുകൊല്ലം തോററതോടുകൂടി രാമൻ ആരുമറിയാതെ സ്വയം സ്കൂളൊന്നു മാറി. "പൊത്തകവും സ്ലേററുംകൊണ്ടു് രാമൻ എന്നും സ്കൂളിലേയ്ക്കു പുവ്വും. നേരത്തിന് കഞ്ഞി കുടിക്കാൻ കുടിയില് വരും. നിട്ടും മാഷമ്മാ

രു് പറേണ്ട് ചെക്കൻ ചെല്ല്ണില്ലാന്ന്"—കോരൻ തന്ത അത്ഭുതപ്പെട്ടു. "മാഷ്ടമ്മാരു് ക്ലാവിനെ കാണാണ്ടാവും; മ്മിണി ക്ലാങ്ങളില്ലേ?—" തന്തയ്ക്കു് ഇങ്ങിനെ സമാധാനിക്കാനേ കഴിഞ്ഞുള്ളൂ. കുറേ മാസങ്ങൾക്കുശേഷമാണ് കശുമാവിൻ തോപ്പിലെ ഒരു വലിയ മാവിൻെറ കൊമ്പത്തുനിന്നു രാമൻെറ സ്ലേററും പുസ്തകവും കന്നു മേയ്ക്കാൻ പോയിരുന്ന അയൽപക്കത്തെ കൃഷ്ണൻകുട്ടി കണ്ടെടുത്ത് കൊണ്ടുവന്നതു്.

പത്തുവരെ പഠിക്കാനൊത്തില്ലെങ്കിലും രാമായണം നല്ല 'ശീലിൽ' നീട്ടി വായിക്കാൻ മകനു കഴിയണമെന്നു കോരൻതന്ത വളരെ ആശിച്ചു. നിത്യവും സന്ധ്യയ്ക്കു രാമനെ കുളിപ്പിച്ചു ഭസ്മമണിയിച്ച് മണ്ണെണ്ണച്ചിമ്മിനിക്കു മുമ്പിലിരുത്തി തന്ത രാമായണം പുസ്തകം എടുത്തുകൊടുക്കും. "ശ്രീരാമ! രാമരാമ! ശീതാബിരാമരാമാ!" എന്നൊക്കെ ചില വരികളെ മകൻെറ അക്ഷരജ്ഞാനവും അച്ഛൻെറ കേട്ടറിവും ബലമായി പിടിച്ചുവലിച്ചുകൊണ്ടുവരും. ഭക്തിയിൽ അതു വേണ്ടതിലധികം നീളും. ഇരുവരും തൃപ്തിപ്പെടും.

സ്കൂളിൽ പോയിരുന്നപ്പോൾ മുടക്കുദിവസങ്ങളിലേ രാമൻ അച്ഛൻെറ കൂടെ പണിസ്ഥലത്തേയ്ക്കു ചെന്നിരുന്നുള്ളൂ. പഠിപ്പു നിൎത്തിയതോടെ അച്ഛൻെറ കൂടെയായി എപ്പോഴും. വേലിയിന്മേൽ പുതിയ മുള്ളു് ചാരിക്കഴിഞ്ഞാൽ പുറംവാരി വെച്ചു കയറുകൊണ്ടോ നേരിയ കമ്പികൊണ്ടോ കെട്ടി മുറുക്കണം. കയറിൻെറ തല പിടിച്ചു കുററിയിന്മേൽ ചുററി അപ്പുറത്തുള്ള അച്ഛനു നീട്ടിക്കൊടുക്കുവാൻ രാമൻ എളുപ്പം പഠിച്ചു. അച്ഛൻ ഇല്ലിക്കൂട്ടത്തിന്മേൽ കയ

റി മുള്ള വെട്ടുമ്പോഴും വേലിയിൽ മുള്ള ചാരുമ്പോഴും രാമന്ന പണിയില്ല. തണലത്തിരുന്ന "പൊത്തകം നോക്കാ"നാണ് അച്ഛൻെറ ആജ്ഞ. പക്ഷേ പിള്ളരുമായി കളിയിൽ മുഴുകുകയാണ് രാമൻെറ പതിവ്. ഇടയ്ക്കു് അകലെനിന്ന് അച്ഛൻ നീട്ടിവിളിയ്ക്കും. "രാമാ!!"

"എന്താപ്പോ!"

"പൊത്തകം നോക്കുന്നില്ലേ?"

"ഉവ്വാ."

"ഏതു പാഠത്തിലായി?"

"കുറുക്കൻേറ..."

കുറേ കഴിയുമ്പോഴും ഈ ചോദ്യവും ഉത്തരവും ആവർത്തിക്കും. "കുറുക്കൻേറ" എന്നതിന്ന മാററമുണ്ടാവുമെന്ന മാത്രം.

SAHITHYA VILASINI LIBRARY AYATHIL, KILIKOLLOOR P. O. QUILON. SPORTS CLUB & GYMNASIUM

ദിവസങ്ങളും മാസങ്ങളും കൊല്ലങ്ങളും കടന്നുപോകുന്നു. പോയ്ക്കോള്ളട്ടെ. കോരൻതന്തയ്ക്കതിലൊരു കാര്യവുമില്ല. ലാഭമില്ല, നഷ്ടമില്ല, പുതിയ ആവശ്യങ്ങളില്ല, ആവലാതികളില്ല.

പെൺമക്കളുടെ പ്രശ്നമാണ്, പ്രത്യേകിച്ചൊന്നു പറയണമെങ്കിൽ, പറയാനുള്ളതു്. അതിലുമെന്തൊന്നാണ് ചിന്തിക്കാൻ? മൂത്തവർ പണിക്കുപോയി കൂലി കൊണ്ടുവരുന്നു. തൻെറ വരുമാനവും കൂടിയാവുമ്പോഴും കുടുംബം സുഖമായിക്കഴിയുന്നു. കാളിയേയും ചക്കിയേയും പാറുക്കുട്ടിയേയും മുമ്പേ 'കെട്ടിക്കൊടുത്തു.' അതിനൊന്നും ഒരു വിഷമവുമുണ്ടായില്ല. നാട്ടുകാർ സഹായിച്ചു. "പെങ്കൊച്ചിൻെറ കല്യാണകാര്യം ഒറച്ചു .." കോരൻതന്ത ഓരോ വീട്ടിലും ചെ

ന്നു തല ചൊറിഞ്ഞു കീഴ്പോട്ടു നോക്കി പതുക്കെ അറിയിക്കും. നെല്ലായിട്ടും പണമായിട്ടും മററു പദാത്ഥങ്ങളായിട്ടും ലോഭമില്ലാതെ കിട്ടുകയായി. ആവശ്യം കഴിഞ്ഞു സാധനങ്ങൾ ശേഷിക്കും.

കോരൻതന്തയ്ക്കു് വിശേഷവിധിയായി മാററം ഒന്നുമില്ലെങ്കിലും രാമനിൽ കാലം പല പരിവത്തനങ്ങളും വരുത്തിയിട്ടുണ്ടു്. രാമൻെറ വിവാഹം കഴിഞ്ഞിട്ടു കൊല്ലമൊന്നായി. അച്ഛൻെറ വാത്സല്യാതിരേകമാണു് കാലേ വിവാഹം കഴിയാൻ കാരണമെന്നു പ്രത്യേകം പറയേണ്ടതില്ല. എന്തെങ്കിലും ഒരു ജോലിയിലേർപ്പെട്ടതിനുശേഷം മതി കല്യാണം എന്നു രാമൻ ശഠിച്ചതാണു്. മുള്ളുവെട്ടും വേലികെട്ടും പഠിക്കാൻ അച്ഛൻ ഉപദേശിച്ചെങ്കിലും രാമൻ അതിഷ്ടപ്പെട്ടില്ല. ആദ്യത്തെപ്പോലെ വേലി മുറുക്കാനായി രാമനെ അന്വേഷിച്ചാൽ കണ്ടെത്തുകയുമില്ല. "വരാം" എന്നു പറഞ്ഞു രാമൻ വഴി വേറെ വെയ്ക്കും. മുടി ഭംഗിയായി ഈരി കള്ളിമുണ്ടും ബനിയനുമായി നടക്കുന്ന രാമൻ അച്ഛനെ കണ്ടാൽ ഒഴിഞ്ഞുമാറും. അച്ഛനതിൽ ആക്ഷേപവും ആവലാതിയുമില്ല.

അക്കൊല്ലം ചിങ്ങം പിറന്നതു മഴയോടൊപ്പം കോരൻതന്തയുടെ ദുർദ്ദശയും കൊണ്ടായിരുന്നു. കാരണമൊന്നുമില്ല, കോരൻതന്തയ്ക്കല്പം പനി, തലവേദന, ശരീരത്തിലാകെ ഒരു തരിപ്പു്, തേളു കുത്തിയ മാതിരി സന്ധികളിൽ പ്രത്യേകമൊരു കടച്ചിൽ. രണ്ടുനാലുദിവസം ഇതെല്ലാം സഹിച്ചു് ആ തടിമിടുക്കൻ പണിക്കുപോയി. ഒരാഴ്ച കഴിഞ്ഞില്ല. ജീവിതത്തിൽ ദീനശയ്യ കണ്ടിട്ടില്ലാത്ത അയാൾ കിടപ്പിലായി.

ഓണത്തിൻെറ അത്തം കഴിഞ്ഞാൽ കോരൻ തന്തയ്ക്കൊരു പതിവുണ്ട്. വളരെക്കാലമായിട്ടുള്ള പതിവ്. പ്രധാനപ്പെട്ട വീടുകളിൽചെന്ന് പടിപ്പുറവും മററവുമെല്ലാം പുല്ലുചെത്തി വെടിപ്പാക്കുക. നെല്ല്, അരി, കറിയ്ക്കുള്ള സാധനങ്ങൾ, കാശ് ഇവ തന്തയ്ക്കു കിട്ടും. തന്തയുടെ ഓണം ഇതുകൊണ്ടുതന്നെ പൊടിപൊടിക്കും. എഴുനേല്ക്കാൻവയ്യാത്ത തന്ത, രാമനെ വിളിച്ച് ഈ പണിയെപ്പററി ഓർമ്മിപ്പിച്ചു. രാമൻ അനുകൂലിച്ചില്ല. വല്ലവരുടേയും മററം ചെന്നു ചെത്താൻ തന്നെക്കൊണ്ടാവില്ലെന്നു രാമൻ തീർത്തു പറഞ്ഞു. ദീർഘകാലത്തെ വഴക്കവും വരുമാനവും മുടങ്ങുന്നതിലുള്ള സങ്കടവും, മകൻെറ അനുസരണക്കേടും വാക്കേററവും കോരൻ തന്തയെ കലികൊള്ളിച്ചു. അച്ഛനും മകനും തമ്മിൽ ഇദംപ്രഥമമായി വലിയ വഴക്കു നടന്നു.

അന്നു കുടിയിൽനിന്നിറങ്ങിപ്പോയ രാമനെക്കുറിച്ച് ഒരു കൊല്ലത്തേയ്ക്കു യാതൊരു വിവരവുമുണ്ടായില്ല. വ്യാധിയോടുകൂടി ആധിയും ചേർന്നപ്പോൾ കോരൻതന്ത അത്യന്തം അവശനായി......

പിറെറക്കൊല്ലം കന്നി 1-ാംനു- കോരൻതന്തയുടെ കുടിലിൽനിന്ന് ഒരു കൂട്ട നിലവിളി പൊങ്ങി. ആസന്നമൃത്യുവായി കിടന്നിരുന്ന വയസ്സൻ അന്ത്യശ്വാസം വലിച്ചു എന്നാണ് അയൽക്കാർ വിചാരിച്ചത്. കാര്യം അതല്ലായിരുന്നു. കാലുറയും കോട്ടും ബൂട്ടും തൊപ്പിയും കെട്ടും ഭാണ്ഡങ്ങളുമായി ഒരു കൊമ്പൻമീശക്കാരൻ അവിടെ കയറിച്ചെന്നപ്പോഴാണ് നിലവിളിയുണ്ടായത്. ആ വേഷത്തിലും രാമനെ അമ്മയും സഹോദരിമാരും പെട്ടെന്നറിഞ്ഞു.

"രാമബകവാൻെറ" കാരുണ്യംകൊണ്ട് തൻെറ മകനെ കണ്ട് കണ്ണടയ്ക്കാൻ കഴിയും എന്ന കോരൻ തന്തയുടെ ഉറച്ച വിശ്വാസവും പ്രതീക്ഷയും സഫലമായതു് ഒരത്ഭുതം തന്നെയാണ്. മകൻ വന്ന് മൂന്നാമത്തെ ദിവസം കോരൻതന്ത—നാട്ടുകാരുടെ ഇഷ്ടനായ ആ തൊഴിലാളി—സമാധാനത്തോടും ശാന്തിയോടും കൂടി ഇഹലോകവാസം വെടിഞ്ഞു.

* * * * *

പട്ടാളക്കാരനായ രാമൻ തന്നെയാണ് നാട്ടുകാർക്ക് സംസാരവിഷയം.

തൻെറ പട്ടാളജീവിതകഥകൾ വിവരിക്കുന്നതിൽ രാമന്ന് വലിയ താല്പര്യവും അഭിമാനവുമായിരുന്നു. അമ്പത്തേഴാളെ കൊന്നവനാണ് താനെന്നു പറയുമ്പോൾ രാമൻെറ കൊമ്പൻമീശ താനെയൊന്നു വിറകൊള്ളും. കാർമ്മേഘത്തുണ്ടിൽ പ്രഭാതരശ്മിയേല്ക്കുംപോലെ ആ കറുത്ത മുഖത്തൊരു ചുവപ്പു വ്യാപിക്കും. മണിപ്പൂർ സമരരംഗത്തു കയ്യോടുകൈ ചേർന്നാണ് സമരം നടന്നതു്. നൂറുകണക്കിന് ഇരുഭാഗത്തും വെടിയേററു വീണു. ഒരു ദിവസം അർദ്ധരാത്രി ശത്രുക്കളുടെ രഹസ്യക്യാമ്പു് പെട്ടെന്നു തങ്ങളാക്രമിച്ചു. അന്നാണ് താൻ വെടിവെച്ചു വീഴ്ത്തിയവരെ എണ്ണാൻ കഴിഞ്ഞതു്. ശത്രുഭടന്മാരുടെ നെഞ്ചു പിളർന്നതു്, തലമണ്ട തെറിച്ചതു്, കൈയ്യററതു്, കാലൊടിഞ്ഞതു്—ഇങ്ങിനെ വിവിധരംഗങ്ങൾ രാമൻ വിടാതെ വർണ്ണിക്കും.

ദിവസവും ഉച്ചതിരിഞ്ഞാൽ രാമൻ ടൌണിൽ

പോകും. ഒന്നാന്തരമൊരു സൈക്കിൾ അതിനായി വാങ്ങിയിരുന്നു.

സിനിമ ആദ്യത്തെ കളി കഴിഞ്ഞിട്ടാവും രാമൻ മടങ്ങുക. അന്ന്, എന്തോ ഇരുട്ടിനു മുമ്പേ അയാൾ മടങ്ങിയെത്തി.

'ജാനു' കുട്ടിയേയുമെടുത്ത് പടിക്കൽ നിൽക്കുകയായിരുന്നു. രണ്ടു വയസ്സുള്ള 'മോഹൻ' സൈക്കിളിൽ മണി കിലുക്കി വന്ന അച്ഛനെ കണ്ട് ആഹ്ലാദിച്ച് ചിരിച്ചു കൈനീട്ടി. ഓമന മകനെ സൈക്കിളിലിരുന്നുതന്നെ രാമൻ വാങ്ങി മാറോടണച്ചു. കുട്ടിയേയുംകൊണ്ട് അയാൾ സൈക്കിൾ മുന്നോട്ടു വിട്ടു.

മോഹന് സൈക്കിൾ സവാരി ഇഷ്ടപ്പെട്ടു. അവൻ വായ് തുറന്നു ചിരിച്ചു സൈക്കിളിന്റെ 'ഹാൻഡി'ലിന്മേലും 'ബെല്ലി'ന്മേലുമൊക്കെ കമഴ്ന്നു പിടിച്ചുല്ലസിക്കുകയായിരുന്നു. കൊച്ചുമകന്റെ ആനന്ദത്തിൽ നിലീനനായി അവനെ ഒരു കൈകൊണ്ടു പിടിച്ചു രാമൻ സൈക്കിൾ ഓടിച്ചു.

"സൈക്കിൾയജ്ഞ"ക്കാരെക്കുറിച്ചു പുച്ഛമാണ് രാമന്. 90–100 മണിക്കൂർ നിർത്താതെ സൈക്കിളോടിക്കുക എന്നതൊക്കെ രാമനെസംബന്ധിച്ചിടത്തോളം പരിഗണനാർഹമായ കാര്യമേ അല്ല. സൈക്കിളും മോട്ടോർസൈക്കിളുമായി അത്രയേറെ അടുപ്പമാണ് അയാൾക്ക്.

കുട്ടിയേയുംകൊണ്ട് വിചാരിച്ച വഴികൾ കടന്നു രാമൻ മുന്നോട്ടുപോയി. സന്ധ്യാംഗനയുടെ മുഖം

വിളറിയതും തുടൻ കുറേശ്ശ കരുത്തതും രാമൻ കണ്ടില്ലെന്നുണ്ടോ?

സൈക്കിൾ മെയിൻറോഡിലേക്കു തിരിഞ്ഞതും തെക്കുനിന്നു അതിവേഗത്തിൽ ഡോക്ടർ വർഗ്ഗീസ്സിന്റെ കാർ വന്നതും ഒപ്പമായി.....

കുട്ടി വളരെ അകലെ തെറിച്ചു വീണു. തൊട്ടടുത്ത ചാലിൽ സൈക്കളോടുകൂടി രാമനും.

രാമൻ അമിതമായി മദ്യപിച്ചിരുന്നുവെന്ന് ആസ്പത്രിയിലെ പരിശോധനയിൽ വ്യക്തമായി. കുട്ടി ആസ്പത്രിയിലെത്തുന്നതിനുമുമ്പു മരിച്ചുപോയിരുന്നു....

താടിമീശയും തലമുടിയും വളത്തി പ്രാകൃതവേഷത്തിൽ, സ്ഥിരബുദ്ധിയില്ലാതെ, എങ്ങും അലഞ്ഞു നടക്കുന്ന ആ മനുഷ്യനെ നിങ്ങൾ കണ്ടിരിക്കും. "ഞാൻ അമ്പത്തേഴാളെ കൊന്നു" എന്നയാൾ ധൈര്യശൌര്യങ്ങൾ ജ്വലിക്കുന്ന കണ്ണുകളോടെ തലയുയത്തി ഉറക്കപ്പറയും. ഉടനെ ശിരസ്സും ശബ്ദവും താഴും. "അമ്പത്തെട്ടാമത്...എന്റെ........" ഇത്രയും പറയുമ്പോഴെക്കും അയാൾ വിവശനാകും. തലയിൽ കൈ വെച്ച് അലമുറയോടെ എങ്ങോട്ടെന്നില്ലാതെ ഓട്ടം.

[അഖിലേന്ത്യാറേഡിയോ കോഴിക്കോട് നിലയത്തിന്റെ അനുവാദത്തോടെ]

★

# പെണ്ണു പെണ്ണുതന്നെ

"ഇതാ ഇതു വിഷമാണ്. പാഷാണം ചേൎത്ത പാല്. നോക്ക്, നിറം നോക്ക്; ആരും അറിയണ്ട, ആരോടും പറയണ്ട, നിൻെറ മോഹം അങ്ങിനെയാണെങ്കില് അതു നടക്കട്ടെ. ഭൎത്താവിനോടുകൂടി മരിക്കണമെന്നല്ലേ ആഗ്രഹം. ഒരു നിലയ്ക്കുതു് ശരിതന്നെയാണ്. പണ്ടു്, ഭൎത്താവു് മരിച്ചാൽ ഭാൎയ്യയും ചിതയിൽചാടി മരിക്കയല്ലേ പതിവ്. പക്ഷേ കാലം മാറി. ഇന്നങ്ങിനെയൊന്നും പതിവില്ല. യോഗമാവുമ്പോൾ ഭൎത്താവു പോകും; അല്ലെങ്കിൽ ഭാൎയ്യ പോകും. ശേഷിക്കുന്നവർ വിധിവരെ ജീവിക്കും. അതിന്നു് നീ സമ്മതിക്കുന്നില്ല; നിനക്കിപ്പോൾ മരിച്ചേതീരൂ; അല്ലേ?..."

'അതേ, മാധവിച്ചേച്ചി! എനിക്കിനി ജീവിതം വേണ്ട. ദൈവം ഇങ്ങിനെയല്ലേ വെച്ചതു്!... ഹാവൂ! എന്തൊരു ചതി!...'—നളിനി അതിദയനീയമായി അലമുറകൊണ്ടു.

'എന്നാൽ...' —മാധവിമിസ്ട്രസ്സ് പാൽപ്പാത്രവും പിടിച്ചു് ചുററും നോക്കി: 'ഇപ്പോഴിവിടെ ആരുമില്ല. എല്ലാവരും ഊണു കഴിക്കയാണ്. നീ ഉറച്ചല്ലോ മരിക്കാൻ? ഒന്നുകൂടി ആലോചിക്ക്. ഞാ

നായിട്ടിതു ചെയ്യേണ്ടിവരുന്നത്...' അവർ വ്യസനിച്ചു.

'നിങ്ങൾക്കൊരു ദോഷവുമില്ല മാധവിച്ചേച്ചി! ഞാനുറച്ചു. ഞാനിനി ജീവിക്കില്ല. സത്യമാണ്'— നളിനി കിടക്കുന്നേടത്തുനിന്ന് പെട്ടെന്നെണീററ് മാധവിമിസ്ട്രസ്സിൻെറ കയ്യിൽനിന്ന് പാൽപ്പാത്രം ബലമായിത്തന്നെ വാങ്ങി.

ശരിയാണ്. പാഷാണംചേർത്ത പാൽതന്നെ. നീലനിറം; ഓക്കാനംവരുന്ന ഗന്ധം.

ഇടവും വലവും നോക്കാതെ നളിനി ഒററ മോന്തലിന് പാൽ പകുതിയും അകത്താക്കി. നാഴിയോളം!

അവൾക്ക 'മനംമറിയുന്ന'തായിതോന്നി. ഛർദ്ദിക്കാൻ വരുന്നു. ഛർദ്ദിക്കാതിരിക്കാൻ എല്ലാ ശക്തിയുമെടുത്ത് അവൾ ശ്വാസമടക്കിപ്പിടിച്ചു.

തല ചുററുന്നതായിത്തോന്നി നളിനി കണ്ണു ചിമ്മി നിലത്തേയ്ക്കു ചാഞ്ഞു. തൻെറ അവസാനനിമിഷം അടുത്തുവെന്ന് അവൾക്കനുഭവമായി. കൃതാർത്ഥതയുടെ നേരിയ അരുണിമ വാടിയതെങ്കിലും മനോഹരമായ ആ മുഖകമലത്തിൽ തെളിഞ്ഞുവന്നു.

നളിനിയുടെ വിവാഹം കഴിഞ്ഞിട്ട് ഒരു വർഷമെ ആയിട്ടുള്ളു.

എല്ലാംകൊണ്ടും അനുയോജ്യരായിരുന്നു നളിനിയും സുഗതനും. പണംകൊണ്ടും പദവികൊണ്ടും ഒത്ത കുടുംബങ്ങളിലെ അരുമസന്താനങ്ങളാണവർ. അഴകും ആരോഗ്യവും ദമ്പതികൾക്ക വേണ്ടുവോളമുണ്ട്. നളിനിയുടെ ഇഷ്ടമാണ് സുഗതൻെറ ഇഷ്ടം. സുഗത

ൻെറ അഭിപ്രായത്തിൽനിന്നും ആദർശങ്ങളിൽനിന്നും വിഭിന്നമായി ഒന്നുമില്ല നളിനിക്ക്.

ഇങ്ങനെ സുഖമായിക്കഴിയുമ്പോഴാണ് സുഗതൻ പെട്ടെന്ന് മരണംപ്രാപിച്ചത്. ആരേയും അമ്പരപ്പിക്കുന്ന സംഭവം! സ്വന്തക്കാരെന്നല്ല നാട്ടുകാരാകമാനംതന്നെ ആ യുവാവിൻെറ ആകസ്മികമായ അപകടമരണത്തിൽ അകംനൊന്തു ദുഃഖിച്ചു.

കാറോടിക്കാൻ പഠിക്കയായിരുന്നു സുഗതൻ. ബാലചന്ദ്രൻ പല പ്രാവശ്യമായി "ഡ്രൈവിംഗ്" പരിചയിക്കാൻ സുഗതനെ ക്ഷണിച്ചുതുടങ്ങിയിട്ട്. ബാലചന്ദ്രൻെറ അച്ഛൻ ഒരു വലിയ അമേരിക്കൻ മോട്ടോർകമ്പനിയുടെ ഏജൻറാണ്. അച്ഛനും മകനും വേറേവേറെ കാറുകളുണ്ട്. നല്ലൊരു വർക്ക്ഷോപ്പുമുണ്ടവർക്ക്. സുഗതന് ഡ്രൈവിംഗ് പരിശീലിക്കാൻ മോഹമായിരുന്നുവെങ്കിലും സമയം കിട്ടാറില്ല. ഈ പ്രാവശ്യം ബാലചന്ദ്രൻ കാറുമായി വന്നു ക്ഷണിച്ചപ്പോഴം സുഗതൻ തയ്യാറായി. ഒരാഴ്ചകൊണ്ട് 'സുദർശനം' പിടിച്ച് വണ്ടി വിടാൻ സുഗതനു വശമായി. ബാലചന്ദ്രൻ നിരന്തരശ്രമം ചെയ്ത് സുഗതനു ഡ്രൈവിംഗ് ലൈസൻസ് സമ്പാദിച്ചു കൊടുക്കുകയും ചെയ്തു. ഒരു ദിവസം—അന്നൊരു ഞായറാഴ്ചയായിരുന്നു—സുഗതനും ബാലചന്ദ്രനും അകലെ ഗ്രാമപ്രദേശത്തേയ്ക്കു കാർ വിട്ടു. കാർ വഴിവക്കിലെ ഒരു വലിയ മാവിൽ ചെന്നിടിച്ച് സമീപത്ത് പത്തടിയോളം താഴ്ചയുള്ള പാടത്തേയ്ക്കു മറിഞ്ഞു. ബാലചന്ദ്രൻ യാതൊരു പരുക്കുംകൂടാതെ ചാടി രക്ഷപ്പെട്ടെങ്കിലും വണ്ടിക്കടിയിൽപെട്ട സുഗതന് ജീവനാശം സംഭവിക്കയാണുണ്ടായത്.

ആശുപത്രിയിൽനിന്നും മൃതദേഹം വീട്ടിൽകൊണ്ടുവന്ന സമയത്തുണ്ടായ സങ്കടരംഗങ്ങൾ വർണ്ണിക്കുക വയ്യ. പ്രാണാധികപ്രിയനായ ഭർത്താവിൻെറ ദേഹം കെട്ടിപ്പിടിച്ച് നളിനിയുടെ വിലാപം താങ്ങാനാവാത്ത താപഭാരത്താൽ ആ സുമാംഗി പല പ്രാവശ്യം ബോധഹീനയായി. അവളുടെ പിടിയിൽനിന്ന് മൃതദേഹത്തെ വേർപെടുത്തി മറവുചെയ്യാൻ കൊണ്ടു പോകുന്നതിന് ആശക്കാർ സഹിച്ച വിഷമം കുറച്ചൊന്നുമല്ല. നല്ല ധൈര്യമുള്ളവരെന്നും ഏതു സങ്കടത്തിലും ഒരു തുള്ളി കണ്ണീർവരാത്തവരെന്നും പറയപ്പെട്ടുന്ന ആളുകൾതന്നെ അന്നു പൊട്ടിക്കരഞ്ഞു.

രണ്ടു ദിവസം—തികച്ചും നാൽപ്പത്തിയെട്ടു മണിക്കൂർ—അതിന്നു ശേഷം കഴിഞ്ഞു. നളിനിയുടെ കദനാഗ്നി അപ്പോഴും കത്തിക്കാളുകയായിരുന്നു. അല്പമെങ്കിലും ശമനം അതിനുണ്ടായില്ല. പച്ചവെള്ളം പോലും അവൾ കഴിച്ചില്ല. മററു നിലകളിൽ സ്വയം മരിക്കുന്നതിനുള്ള പരിതസ്ഥിതിയില്ലായ്കയാൽ പട്ടിണി കിടന്നു ജീവത്യാഗം ചെയ്കയെന്നതാണ് അവളുടെ ഉദ്ദേശം.

നളിനി തളർന്നവശയായി. ചാവാൻ തന്നെ സഹായിക്കണമെന്ന്—എന്തെങ്കിലും വിഷം കൊണ്ടുവന്നു കൊടുക്കണമെന്ന്—കാണാൻവന്ന മാധവി മിസ്ട്രസ്സിനോടവൾ അപേക്ഷിച്ചു. അങ്ങനെ ചെയ്താൽ തൻെറ കഴുത്തിലുള്ള താലിച്ചെയിനും മററും ഊരിത്തരാമെന്നും കൂടി പറയാതിരുന്നില്ല.

ഈ തക്കം നോക്കി അവളുടെ ജീവനെ രക്ഷിക്കാനായി ബുദ്ധിശാലിനിയായ മാധവി മിസ്ട്രസ്സ്

"കട്ടത്ത വിഷമായ പാഷാണം അരച്ചു കലക്കിയ പാൽ" അവളെക്കൊണ്ടു കുടിപ്പിക്കുകയാണ്.

മരണത്തെ പ്രതീക്ഷിച്ചുകിടന്ന നളിനിക്കു നിരാശയാണുണ്ടായതു്. അവൾ പാത്രത്തിലേക്കു നോക്കി. വിഷത്തിന്റെ നിറം തന്നെ. പച്ച കലർന്ന നീല നിറം. പാഷാണം അകത്തു ചെന്നതു പോരാഞ്ഞിട്ടാവും. ബാക്കിയുള്ള പാലും ഒരു മോന്തലിന്നവൾ തീർത്തു.

ഇല്ല, മരണം അവളെ സമീപിച്ചില്ല. നേരെ മറിച്ചു ക്ഷീണത്തിനു കുറവു്. അംഗങ്ങൾക്കെല്ലാമൊരുണർവ്വു്.

പിറേറന്നു മാധവിമിസ്ട്രസ്സ് നളിനിയെ കാണാൻ വന്നപ്പോൾ നളിനി അവരെ നോക്കി നന്നായൊന്നു ചിരിച്ചു. മിസ്ട്രസ്സ് പ്രതീക്ഷിക്കാത്തതായിരുന്നു ഈ ചിരി. നളിനി സ്വബോധമില്ലാതെ ചിരിക്കയാണോ എന്നു കൂടി മിസ്ട്രസ്സ് അന്ധാളിച്ചു.

"മാധവിച്ചേച്ചി! അസ്സല് പാഷാണം—" നളിനി വീണ്ടും ചിരിച്ചു.

"നളിനിക്കെന്നോടു ദേഷ്യമുണ്ടോ?" മിസ്ട്രസ്സു ചോദിച്ചു.

"ഇല്ല, തീരെയില്ല, സ്നേഹമാണ്. ഇന്നലെ ഞാനൊരു സ്വപ്നം കണ്ടു മാധവിച്ചേച്ചി."

"എന്താ സ്വപ്നം?"

"ഞാനിങ്ങനെ വെറുതെ മരിച്ചിട്ടൊരു കാര്യവുമില്ലെന്നു്"

"നന്നായി! ദൈവം നിനക്കങ്ങിനെ സ്വപ്നം കാട്ടിയതാണ്."

നളിനി വീണ്ടും ചിരിച്ചു

ആരുടെയും നിർബന്ധം കൂടാതെ തന്നെ അവൾ കുളിക്കാനും ഭക്ഷണം കഴിക്കാനും തുടങ്ങി.

ദിവസങ്ങളും ആഴ്ചകളും മാസങ്ങളും കടന്നു പോയി. നളിനി ഭർത്തൃഗൃഹത്തിലല്ല ഇപ്പോൾ, സ്വന്തം വീട്ടിൽ.

* * * *

പെണ്ണുങ്ങളുടെ ഒരു മട്ടു കണ്ടോ? തന്നത്താൻ ചാവാൻ നോക്കിയ പെണ്ണാണ്. ഇന്ന് കല്യാണം കഴിയാത്ത കന്യകപോലെയാണ് നടത്തം. കാലത്തു ടുത്ത സാരിയല്ല ഉച്ചതിരിഞ്ഞു്. പൗഡറും മുടിക്കെട്ടും തലവെട്ടിപ്പും ഒക്കെക്കണ്ടാൽ അന്നത്തെ നളിനിയാണ് ഈ നളിനിയെന്ന് ഊഹിക്കാൻ കൂടി കഴിയില്ല.

"ഒരു പണക്കാരൻ ചെറുപ്പക്കാരനെ പാട്ടിലാക്കിയെന്നു കേട്ടു."

"ആരെയാണ്?"

"മോട്ടോർകമ്പനി ഉടമസ്ഥൻെറ മകനില്ലേ, സൂട്ടിട്ടുനടക്കുന്ന കറുത്ത സുന്ദരൻ ബാലചന്ദ്രൻ—അയാളെ"

"ഓഹോ! അയാളുടെ കാർ മറിഞ്ഞല്ലെ പാവം സുഗതൻ മരിച്ചതു്?"

"അതെ!"

"അയാൾക്കു കുററമൊന്നുമുണ്ടായില്ലേ?"

അയാൾക്കെന്തു കുററമാണ്. സുഗതനാണത്രെ ഓടിച്ചിരുന്നതു്. സുഗതനു ഓടിക്കാൻ ലൈസൻസു മുണ്ടായിരുന്നു."

"വേറെ ആരുടെ കൂടെ പോയാലും വേണ്ടില്ല ഈ മാന്യനെ......"

"എന്താ അയാളുടെ തൊലി അൽപ്പം കറുത്തതാണോ? കുററം?"

"തൊലി മാത്രമല്ല അയാളുടെ മനസ്സും കറുത്തതാണു്. ഒരു ദിവസം ഒരാളുടെയെങ്കിലും നെഞ്ചത്തു കേറാഞ്ഞാൽ അയാൾക്കുറക്കം വരില്ല. മോട്ടോർ കമ്പനിയിലെ ഫിററർ ജോണിനെ ഒരിടിക്കു വീഴ്ത്തിയവനാണു പുള്ളി. ജോൺ ക്ഷയരോഗാസ്പത്രിയിലാണിന്നു്......"

"ആളൊരു ക്രൂരൻ തന്നെയാണു്. ചോരച്ച കണ്ണും മുഖവും അതു വിളിച്ചു പറയുന്നുണ്ടു്."

"അയാളെ ആ പെണ്ണു മനസ്സിലാക്കിയിട്ടില്ല. കോട്ടും ബൂട്ട്സും കാറും കണ്ടു മയങ്ങിയതാവും"

"അല്ലാതെ. കോളജിൽ പഠിക്കുമ്പോൾ തന്നെ ഇവരു വലിയ ലവിലായിരുന്നത്രെ."

"എന്നാലാദ്യം തന്നെ ആവായിരുന്നില്ലേ?"

"ബാലചന്ദ്രൻ ഇവളെ വിവാഹം ചെയ്തു കിട്ടാൻ പഠിച്ചപണി പതിനെട്ടും നോക്കി. അന്നു പററിയില്ല. അന്നിവൾക്കു സുന്ദരക്കുട്ടപ്പൻ സുഗതൻ വേണം"

"ഓ! സുഗതൻ. സുന്ദരനെന്നു മാത്രമോ? എന്തൊരു സ്വഭാവമായിരുന്നു. കാപട്യം എന്തെന്നറിഞ്ഞുകൂടാത്ത ഒരു ശുദ്ധാത്മാവു്"

"അയാൾ വിട്ടുപിരിഞ്ഞിട്ടു കൊല്ലം തികയുന്നേയുള്ളു. നളിനി അയാൾക്കു ജീവനായിരുന്നു. കണ്ടിലേയ്ക്കു മറിഞ്ഞ കാറിന്റെ അടിയിൽ നിന്നു വലിച്ചെടുത്തപ്പോൾ സുഗതന്നു് കുറച്ചനക്കമുണ്ടായിരുന്നു. ന

ളിനി നളിനി നളിനി എന്നു മൂന്നു പ്രാവശ്യം പറഞ്ഞത്രെ മരിക്കുന്നതിനു മുമ്പ് .... കഷ്ടം! ആ ആളെ ഇത്ര വേഗമങ്ങു മറക്കുക! പെണ്ണു പെണ്ണു തന്നെ, അല്ലേ?"

"മറക്കാതിരുന്നിട്ടിനിയെന്താ? മരിച്ചയാൾ മടങ്ങി വരുമോ? പതിനേഴു വയസ്സുള്ള നളിനി ആയുഷ്കാലം മുഴുവൻ ഓർത്തോർത്തു നരകിക്കണമെന്നോ?"

"അതെ, അതു ശരി, എന്നാലും പെണ്ണു പെണ്ണു തന്നെ"

സുഗതൻ മരിച്ച് ഏതാനും മാസങ്ങൾക്കു ശേഷം നാട്ടിലെവിടെയുമുള്ള സംസാരത്തിൻെറ രീതിയും സാരവുമാണിത്. നല്ല സ്വത്തും പഠിപ്പും ആരോഗ്യവുമുള്ള ഒരു ചെറുപ്പക്കാരൻെറ ഭാര്യയാവാൻ നളിനി സമ്മതിച്ചതു നന്നായി, ബുദ്ധിപൂർവ്വമായി എന്നു ചിലർ: ഭർത്താവിൻെറ മരണത്തിനു ഹേതുഭൂതനായ ഒരാളെ ഇത്ര പെട്ടെന്നു വിവാഹം ചെയ്യുന്നതു 'മഹാ വൃത്തി'കേടാണ് എന്നു മററു ചിലർ. ഓരോരുത്തർക്കും അവരവരുടെ അഭിപ്രായങ്ങൾക്കു അനുകൂലമായി ന്യായങ്ങളുമുണ്ടായിരുന്നു.

*　　　*　　　*

നളിനീബാലചന്ദ്രന്മാരുടെ വിവാഹം നാട്ടുകാർ മറക്കുകയില്ല. അത്ര ആഡംബരത്തോടും ആർഭാടത്തോടും കൂടിയാണതു നടന്നത്. വിവാഹഘോഷയാത്രയിൽ സംബന്ധിച്ച കാറുകളുടെ എണ്ണം തന്നെ അമ്പതിലേറെയാണെന്നു പറഞ്ഞാൽ മററെല്ലാം ഒരു വിധം ഊഹിക്കാം.

സുഗതൻെറ കണ്ഠത്തിൽ മാല്യമണിയിച്ച കൈ

കൾ ബാലചന്ദ്രൻെറ കഴുത്തിൽ മാല്യമർപ്പിക്കു മ്പോൾ വിറകൊള്ളുമെന്നു ചിലർ വിചാരിച്ചിരുന്നു. നളിനിയുടെ നേത്രങ്ങളിൽ നിന്നു വിവാഹവേദിയിൽ അശ്രുകണങ്ങൾ അടർന്നു വീഴുമെന്നും. ഇല്ല, ഒന്നുമു ണ്ടായില്ല. അവളുടെ ഉന്നതവക്ഷസ്സ് വല്ലാതെ ഉ യരുകയും താഴുകയും ചെയ്തിരുന്നതു കൊണ്ട് അവൾ കണക്കററു ദീർഘശ്വാസം വിട്ടിരുന്നു എന്നോ കിത ച്ചിരുന്നു എന്നോ പറയാം—അത്രമാത്രം. ആനന്ദത്തി ൻെറ അലകളുയർന്നാൽ ആ ലക്ഷണമാണല്ലൊ. അ ഴലുണ്ടെങ്കിൽ മുഖം പറയും. സുസ്മേരസുന്ദരമായ മു ഖാബ്ജത്തിന്നൊരു വാട്ടവുമില്ല. മഷിയെഴുതി മ നോഹരങ്ങളായ നീണ്ട നേത്രങ്ങൾ തൻെറ തീരുമാന ത്തിൻെറ ദൃഢതയെ പ്രസ്ഫുടീകരിക്കുന്ന വിധം തി ളങ്ങി ശോഭിച്ചിരുന്നു. ബാലചന്ദ്രൻ അവളുടെ കഴു ത്തിൽ ഹാരാർപ്പണം ചെയ്തപ്പോൾ അവളുടെ കവി ളുകൾ റോസാപ്പൂ പോലെ അരുണാഭങ്ങളായി. ന ളിനി സുന്ദരിയാണ്. പക്ഷെ അപ്പോഴത്തെ പോ ലെ ആകർഷകത്വം ആ സൗന്ദര്യത്തിന്നുണ്ടായിട്ടില്ല.

വിവാഹാനന്തരം 'നാണ'ത്തിന്നു മണിക്കൂറുക ളും ദിവസങ്ങളും ജായാപതികൾക്കു നഷ്ടപ്പെടാറുണ്ട്. അതൊന്നും നളിനീബാലചന്ദ്രന്മാരെ സംബന്ധിച്ചുണ്ടാ യില്ല. വിവാഹത്തിനു മുമ്പുതന്നെ അവർ അടുത്തുക ഴിഞ്ഞിരുന്നുവല്ലൊ. പഠിക്കുന്ന കാലത്തേ ഉണ്ടായി രുന്ന പരിചയവും കൂട്ടുകെട്ടും മങ്ങിക്കിടന്നിരുന്നതു് ഒന്നു തുടച്ചു മിനുക്കുക പണിയുള്ള കാര്യമല്ല.

ഭാര്യയെ മുൻസീററിൽ ഒപ്പമിരുത്തി ബാലച ന്ദ്രൻ സാവധാനം കാറോടിച്ചു പോകുമ്പോൾ വഴിയു ടെ ഇരുഭാഗത്തും നിന്നു സ്ത്രീപുരുഷന്മാർ ആ ദമ്പതിക

ളെ കണ്ണിമയ്ക്കാതെ നോക്കും. ഒരിക്കൽമാധവി മിസ്ട്ര സ്സിൻെറ ഏഴാംക്ലാസ്സിൽ പഠിക്കുന്ന മകൻ വിജയൻ 'അതാ, ചാവാൻ പാഷാണം കഴിച്ച സ്ത്രീ' എന്നു നളിനിയെ ചൂണ്ടിക്കാട്ടി വിളിച്ചു പറഞ്ഞു. വഴിയി ലുള്ളവരെല്ലാം ചിരിച്ചു. ബാലചന്ദ്രൻെറ കുത്ത മുഖം ഒന്നു കൂടെ കറുത്തു. 'ആ കുറുമ്പനെ രണ്ടു പൊട്ടിക്കാം' എന്നു പറഞ്ഞു് അയാൾ കാർ നിൎത്തി. പക്ഷെ നളിനി തടഞ്ഞു. നളിനി എല്ലാവരേക്കാളും കൂടുതൽ ചിരിച്ചതേയുള്ളു. നാണക്കേടോ പരിഭവമോ പരിഭ്രമമോ ഒന്നും അൽപ്പം പോലും അവളുടെ മുഖത്തങ്കുരിച്ചില്ല. 'പെണ്ണു പെണ്ണു തന്നെ'—കാർ നീങ്ങിയപ്പോൾ പതുക്കെയാണെങ്കിലും പലരും പറഞ്ഞു.

മൂന്നു മാസം കഴിഞ്ഞു പോയി, നമുക്കെല്ലാം തൊണ്ണൂറു ദിവസമാണതു്. എന്നാൽ മൂന്നു ദിവസം പോലെ ആ മൂന്നുമാസത്തെ കരുതുന്നവരുണ്ട്. നളിനീ ബാലചന്ദ്രന്മാരാണതു്.

നവ ദമ്പതിമാരുടെ പ്രധാന വിനോദം കാർ സവാരിതന്നെ. നളിനിയുടെ ആശയാണതെന്നാണ് പറയപ്പെടുന്നതു്.

അന്നൊരുദിവസം വളരെ വൈകിയാണ് അവരുടെ കാർ മടങ്ങിയതു്. രാത്രി പത്തുമണിക്കു ശേഷം. അകലെ ഗ്രാമപ്രദേശത്തേയ്ക്കു സർക്കീട്ടു പോയിരിക്കുകയായിരുന്നു.

പിറേറന്നു പ്രഭാതം പതിവില്ലാത്ത മാതിരിയായിരുന്നു. തലേന്നു പാതിര മുതൽ തുടങ്ങിയതാണ് മഴയും ഇടിയും. ഇടി ശമിച്ചെങ്കിലും മഴ ചാറിച്ചാറി നിൽക്കുകയാണ്. ഇരുട്ടിൻെറ തിരശ്ശീല സമയം

കഴിഞ്ഞിട്ടും നീങ്ങിക്കഴിഞ്ഞിട്ടില്ല. തണുപ്പ് ഇഴുകിപ്പിടിക്കുന്ന വല്ലാത്തൊരു കാററ്.

'ബെഡ് ടീ' യുമായി പോയ വേലക്കാരൻ മൂന്നു തവണ മടങ്ങി വന്നു. ഏഴുമണികഴിഞ്ഞിട്ടേ ബാലചന്ദ്രനും ഭാര്യയും എഴുനേല്ക്കാറുള്ളു; ഇന്ന് എട്ടായി. രാത്രി നേരം വൈകിയിട്ടല്ലേ കിടന്നതു്. കാലത്തു മഴയും. എട്ടരയായിട്ടും എഴുനേൽക്കാത്തതിൽ ഒരു വിശേഷവും തോന്നിയില്ല.

എട്ടരകഴിഞ്ഞു. ഒമ്പതായി. ഒമ്പതര.

എന്താണിതു്!

എന്താണിതു്!

വീടാകെ സംഭ്രമം.

വാതില്ക്കൽ തട്ടി വിളിയായി.

തട്ടും വിളിയും ഉറക്കെയായി.

പരിഭ്രമം വളർന്നു പരന്നു.

ആ വലിയ വീട്ടിലും പരിസരങ്ങളിലും വായു ഗതാഗതം നിലച്ച മാതിരി. അവിടെയുള്ളവരും പുറത്തുനിന്നു വരുന്നവരും സംഭ്രമിക്കുകയാണ്. ആ ശൈത്യത്തിലും വിയത്തൊലിക്കുകയാണ്.

വാതിൽ വെട്ടിപ്പൊളിക്കാൻതന്നെ നിശ്ചയിച്ചു.

മുറിച്ചു ചിറയിൽക്കൂടി വെള്ളം പെട്ടെന്നു കുത്തിയൊഴുകുംപോലെ പൊളിഞ്ഞുവീണ വാതിൽ പഴുതിലൂടെ ആൾക്കാർ അകത്തേയ്ക്കു പ്രവഹിച്ചു.

അഹോ!

അച്ഛൻ മോഹാലസ്യപ്പെട്ടു വീണു. കൂടെ അമ്മയും

രക്തത്തിൽ മുങ്ങി നിശ്ചേഷ്ടനായി കിടക്കുകയാ

ണ്് തങ്ങളുടെ ഓമന മകൻ. കിടക്കയും കട്ടിലും മാത്രമല്ല, വിശാലമായ മുറിയാകെ ചോര പരന്നുണങ്ങിക്കിടക്കുന്നു!

കൊലപാതകം—

ഭയങ്കരമായ കൊലപാതകം!

"നളിനിയോ?"

"നളിനിയെക്കാണാനില്ലല്ലോ"

"അക്രമികൾ ബാലചന്ദ്രനെക്കൊന്ന് നളിനിയെ പിടിച്ചുകൊണ്ടു പോയിരിക്കയാണ്".

"അതെ".

"അപ്പോൾ വാതിൽ അകത്തുനിന്ന് സാക്ഷായിട്ടിട്ടുണ്ടല്ലോ,"

"ഓട്ട പൊളിച്ച് കടന്നതാവും"—മുഖങ്ങൾ മേലോട്ടുയർന്നു.

"ഓടോ? തട്ടല്ലേ മുകളിൽ? തട്ടിന്നൊരു കേടുമില്ലല്ലോ."

"പിന്നെ?"

ആലോചന-അമ്പരപ്പ്! ഒരു പിടിയും കിട്ടുന്നില്ല.

അടച്ചിട്ടിരുന്ന "ഓവുമുറി"യുടെ വാതിൽ ചിലർ തള്ളിത്തുറന്നു. അതിന്റെ പിന്നിലെ ജനാലയുടെ മരംകൊണ്ടുള്ള അഴി രണ്ടെണ്ണം വെട്ടിമുറിച്ചിരിക്കുന്നതു് അവരുടെ ദൃഷ്ടിയിൽപെട്ടു. "ഇതാ, ഇതാ കണ്ടു" അവർ ആവേശത്തോടെ ഉറക്കെപ്പറഞ്ഞു. "അഴിമുറിച്ചാണ് അക്രമികൾ കടന്നു വന്നിരിക്കുന്നതു്. പുതല്പ പിടിച്ച അഴികളു് നോക്കിൻ!-" ഒരാൾ ബാക്കി നിൽക്കുന്ന അഴികളിൽ ഒന്നു ഒരു തട്ടു തട്ടി ഒടിച്ചിട്ടു.

ഇതിനിടയ്ക്കു് പടിക്കൽ നാലഞ്ചാളുകൾ ഓടി ക്കിതച്ചെത്തി.

"എന്താണു്?"

"ന.. ളിനീ...ന...ളീ...നി..."—അവർക്കു സം സാരിക്കാൻ വിഷമം. ഒരു വിധം അവർ പറഞ്ഞൊ പ്പിച്ചു. "നളിനി അവിടെ മരിച്ചു കിടക്കണു."

"എവിടെ? എവിടെ?"

"അയ്യോ, ആഭരണങ്ങളൊക്കെ എടുത്തു് അക്ര മികൾ കുട്ടിയെ കൊന്നു"

"എവിടെയാണു് കൊന്നിട്ടിരിക്കണതു്?"

"ആ പറമ്പില്"

"ഏതു പറമ്പില്?"

"സുഗതൻെറ വീടില്ലേ? ആ വീട്ടു പറമ്പില്."

"ഏതു സുഗ..."

"മിണ്ടാതിരിക്കൂ. അതാ പോലീസ്സ്."

ശരവേഗത്തിൽവന്ന ഇൻസ്പെക്ടരും എട്ടു പോ ലീസ്സുകാരും ബാലചന്ദ്രൻ മരിച്ചുകിടക്കുന്ന മുറിയി ലെത്തി. എല്ലാവരും മുറിക്കു പുറത്തു് പോകണമെ ന്നും അനുവാദംകൂടാതെ ഒരാളും സ്ഥലംവിടരുതെന്നും ഇൻസ്പെക്ടർ ഉഗ്ര സ്വരത്തിൽ ആജ്ഞാപിച്ചു. നാലു ഭാഗത്തും പോലീസിനെ കാവൽ നിത്തി. അദ്ദേ ഹം മുറി പരിശോധിക്കാൻ തുടങ്ങി.. ഒരെഴുത്തു് താ മസംന്യെ ഇൻസ്പെക്ടർ കണ്ടെടുത്തു.

"എന്നെൻെറ ജന്മം സഫലമായി! ദുഷ്ടനായ ബാലചന്ദ്രനെ വധിച്ചതു് ഞാനാണു്. ഇന്നാണു് ര ഹസ്യം പൂൎണ്ണമായി അറിയാൻ എനിക്കു കഴിഞ്ഞ തു്. എൻെറ സംശയം യഥാൎത്ഥമായി ഇയാളുടെ

വായിൽനിന്നുതന്നെ അതു പുറത്തുവന്നു എന്നെ ലഭിക്കാൻവേണ്ടി ഈ ദുഷ്ടൻ എൻെറ ഭത്താവിനെ ചതിച്ചു കൊല്ലുകയാണുണ്ടായതു്. എൻെറ ഭത്താവിനെ വളരെ പുച്ഛിച്ചും പരിഹസിച്ചും ഞാനിയാളോടു പറഞ്ഞുപോന്നു. ആദ്യംമുതൽ എനിക്കയാളെയായിരുന്നു സ്നേഹമെന്നും —അതെ പ്രേമമെന്നും—അച്ഛൻെറ സഹിക്കാൻവയ്യാത്ത നിർബന്ധമനുസരിച്ചു സുഗതനെ കല്യാണംകഴിക്കേണ്ടി വന്നതാണെന്നും ഞാനിയാളെ പറഞ്ഞു ധരിപ്പിച്ചു. സുഗതൻ ചത്തതു് എൻെറ നല്ലകാലത്താണെന്നും ദൈവം എൻെറ ആശ നടത്തിത്തന്നതാണെന്നും ഞാനീ വഞ്ചകനോടു പറഞ്ഞു. കോളേജിൽവെച്ചു് ഞാനിയാളുമായി പരിചയമുണ്ടായിരുന്നതുകൊണ്ടു് ഇതെല്ലാം എളുപ്പത്തിൽ ഫലിച്ചു. സുഗതൻ മരിച്ചപ്പോൾ നീ ചാവാൻ തുനിഞ്ഞതെന്തിനാണെന്നു് ഇയാൾ ചോദിക്കാതിരുന്നില്ല. ആ നാട്ടിൻപുറം കല്യങ്ങമാറു് ഞാൻ പൊട്ടിച്ചിരിച്ചു. ഒരാക്കുല്ലായിരുന്നോ അതു്? ആളുകളെ ബോധിപ്പിക്കണ്ടേ? ഇയാളുടെ സംശയങ്ങൾ നീങ്ങി. "ദൈവമല്ല, ഓമനേ, ഞാൻ തന്നെയാണു് നിൻേറയും എൻേറയും അഭീഷ്ടം സാധിപ്പിച്ചതു്"—സന്തോഷം കൊണ്ടും മദ്യത്തിൻെറ ലഹരികൊണ്ടും മതിമറന്ന ഈ ദുഷ്ടൻ ആ സംഭവം വിവരിച്ചു. എൻെറ ഭത്താവിനെ ഇയാൾ കൊന്ന സ്ഥലത്തു് കാർ എത്തിയിരുന്നു. അതേ സ്ഥലത്തുവെച്ചു് ഇയാളുടേയും കഥ കഴിച്ചാൽ എനിക്കു കൂടുതൽ സംതൃപ്തിലഭിക്കുമായിരുന്നു. ആശിക്കായ്കയല്ല. കാർ സവാരി ഞാനിഷ്ടപ്പെട്ടതും ആ വഴിക്കിയാളെ തിരിച്ചതും എൻെറ ഏ

ദയശാന്തിയെ ഉദ്ദേശിച്ചുതന്നെ. നാട്ടുകാരുടെ പരിഹാസത്തിലൊന്നും എനിക്കു പരിഭവം തോന്നാഞ്ഞതു് അവരുടെ അഭിപ്രായംതന്നെ എനിക്കുമുള്ളതു കൊണ്ടായിരുന്നു. "പെണ്ണു പെണ്ണുതന്നെ" എന്നു് ഇപ്പോഴെങ്കിലും അവർ അറിയുമല്ലോ...മാധവിച്ചേച്ചിയുടെ പാഷാണപ്പാലിനെപ്പററി ഞാനിപ്പോൾ ഓക്കുന്നു. (കയ്ക്കുന്ന വേപ്പിന്റെ ഇല അരച്ചുകലക്കിയ പാലായിരുന്നു അതു് എന്നു് പിന്നീടെനിക്കു മനസ്സിലായി.) അവരോടു ഞാൻ നന്ദിയുള്ളവളാണു്. ആ പാഷാണപ്പാലാണു് എന്റെ വിജയത്തിന്നെല്ലാം അടിസ്ഥാനം. എന്റെ സംശയം ശരിയാണോ എന്നറിയാനും ശരിയാണെങ്കിൽ ഉചിതമായ പ്രതിക്രിയ ചെയ്തു് എന്റെ കത്തവ്യം അനുഷ്ഠിക്കാനും അന്നു രാത്രി ഞാൻ നിശ്ചയിച്ചു. ആ പാഷാണപ്പാല് തളന്ന എന്റെ ദേഹത്തേയും ബുദ്ധിയേയും ഉണത്താനും അതുവഴി ഇങ്ങിനെയൊരു തീരുമാനത്തിലെത്താനും കാരണമായി. ഇപ്പോൾ എന്നെ അനുഗ്രഹിക്കുന്ന ശരിയായ "പാഷാണം" കണ്ടുപിടിക്കാനും...ഇയാളുടെ ഭാര്യാപദത്തിന്നു്-അതേ എന്റെ ജീവിതത്തിന്നു്–പരീക്ഷണത്തിന്നു്–ഞാനൊരവധി നിശ്ചയിച്ചിരുന്നു. മൂന്നുമാസം. കാരുണികനായ ജഗൽപ്പിതാവിന്നു നന്ദി! ഉദ്ദേശം നിറവേറി ചാരിതാത്ഥ്യത്തോടു കൂടി എനിക്കു മരിക്കാൻ കഴിഞ്ഞുവല്ലോ...ഇയാൾ എന്നെ ചുംബിച്ചു: ആലിംഗനംചെയ്തു; എല്ലാം ചെയ്തു. പക്ഷെ എന്റെ ശവത്തിന്മേലായിരുന്നു അതെല്ലാം നടത്തിയിരുന്നതു്. കുറേക്കൂടി മുമ്പു് ഈ ചതി അറിയാൻ തരപ്പെട്ടിരുന്നുവെങ്കിൽ ഇയാളുടെ

കയ്യേററങ്ങളേററു നീറാനും നാറാനും ഇടവരികയി ല്ലായിരുന്നു. എന്തുചെയ്യാം. ഞാൻ അനുഭവിക്കേണ്ട തെല്ലാം അനുഭവിച്ചേക്കണ്ടേ! ഈ നീണ്ട കത്ത് ഞാൻ നിർത്തുന്നു. കൃത്യം പന്ത്രണ്ടുമണിക്ക് ഞാനിയാളുടെ കഥ കഴിച്ചു. പ്രകൃതികൂടി ഈ പ്രതികാര സൽക്ക ർമ്മത്തിനനുകൂലമായിരുന്നു. ഭയങ്കരമായ ഇടിയും പേ മാരിയും!

ഒരു മണിക്കൂർ വേണ്ടിവന്നു എനിക്കീ കത്തെ ഴുതാൻ. എൻെറ കൈ വിറച്ചില്ല; ബുദ്ധി പതറി യില്ല. ഞാൻ കൃതകൃത്യയാണ്.

എൻെറ കുടുംബക്കാരോടും നാട്ടുകാരോടും ഒരു വാക്ക്. അവസാനത്തെ ഒരപേക്ഷ. ഞാൻ മരിച്ചു കിടക്കുന്ന സ്ഥലത്തു തന്നെ—എൻെറ ഭർത്താവിൻെറ സമീപത്തുതന്നെ—എന്നെ മറവുചെയ്യണം.

നളിനി”

★

# വിഷം കേറി; വിഷമിറങ്ങി.

"ചങ്കരാ! ചങ്കരാ!—"

"ആരാത്ത്?"

"ഞമ്മളല്ലെ; എന്ത്ട്ക്ക്ണ് നീയ്?"

"വാ, മമ്മതാപ്ലേ; കഞ്ഞികുടിയ്ക്ക്യാ.

"കഞ്ഞികുടീയ്ക്ക്യേ? എവിട്ന്നൊത്തു!"

മമ്മതു് ഒന്നു ചിരിച്ചു് ആ കുടിലിൻെറ ഉമ്മ റത്തു കയറിയിരുന്നു.

ശങ്കരനും ചിരിച്ചു. "അകത്തേയ്ക്കുവാ. കഞ്ഞീല്് പങ്കു കൂടാം."

"ബേണ്ട, കുടിച്ചോ. ഞാനിവിടിരിക്കാം."

"മമ്മതാപ്ല കഞ്ഞി കുടിച്ചോ?"

"ഓ!"

ശങ്കരൻ പുറത്തുവന്നു. "അമ്മ എവിടുന്നോ നാഴിയരി വായ്പമേടിച്ചു് കൊണ്ടുവന്നതാ. കാര്യം വല്യ കൊഴപ്പത്തിലായല്ലോ. ഇങ്ങനെ പണിയില്ലാഞ്ഞാ എങ്ങനെ ജീവിക്കും!—"

"കൊയപ്പത്തിൻെറ കാര്യം പറേണ്ട. വാളെടുത്തു് വായോ. പുവ്വാത്തവയിക്ക്–കെയക്കോട്ട്–ഒന്നു പോയ്നോക്കാം."

ശങ്കരൻ അകത്തേയ്ക്കു കടന്ന് വാളെടുത്ത് കൊണ്ടുവന്നു. ഇരുവരും യാത്രയായി.

ഈർച്ചപ്പണിക്കാരാണ് മമ്മതും ശങ്കരനും. ഇരുവരും കൂട്ടായി ഈ പണിക്ക് പോയിത്തുടങ്ങിയിട്ട് പത്തുകൊല്ലത്തോളമാവും. പത്തുകൊല്ലത്തിനിടയ്ക്ക് അവർ "ഇണ" പിരിഞ്ഞിട്ടില്ല. അറക്കുമ്പോൾ മുകളിലാണ് മമ്മതിന്റെ സ്ഥാനം. ശങ്കരൻ താഴെ. കയ്യിണക്കമുള്ളവരാണ് മമ്മതും ശങ്കരനുമെന്ന് തൊഴിലാളികൾ പറക്കപ്പറയും.

അന്തോണിമുതലാളിയുടെ മരക്കമ്പനിയിൽ സ്ഥിരം ജോലിക്കാരായിരുന്നു ഇവർ. ഇവരെ കൂടാതെ മുപ്പതിലേറെ വാൾക്കാർ അന്തോണിമുതലാളിയുടെ ജോലിക്കാരായുണ്ടായിരുന്നു അറുപത്ത് എഴുപതാളുകൾ അങ്ങിനെ നിത്യവും പണിചെയ്തിരുന്ന സ്ഥാനത്ത് ഇന്നൊരു മിഷ്യനാണ്.

അന്തോണിമുതലാളിയുടെ അപ്പന്റെ അപ്പനായിട്ട് ആരംഭിച്ചതാണ് മരക്കച്ചവടം. ഒന്നോ രണ്ടോ വാൾക്കാരോടുകൂടിത്തുടങ്ങി. ജനാലിന്റെ അഴികൾ, വാതിൽപ്പലകകൾ എന്നിവയറുത്ത് വിൽക്കുകയായിരുന്നു ആദ്യം. ആ സ്ഥാനത്ത് റെയിൽ സ്ലിപ്പറുകൾ, വലിയ കെട്ടിടം പണിക്കുള്ള മരങ്ങൾ, കപ്പലിൽ മൊത്തമായി കയററി അയക്കേണ്ട ഉരുപ്പടികൾ മുതലായവ അറത്തു കൂട്ടേണ്ട നിലയായി. രാത്രി കൂടി വളരെ ആളുകൾ പണി ചെയ്തിട്ടും ഓർഡറുകൾ തീർത്തുകൊടുക്കാൻ സാധിക്കാതായപ്പോഴാണ് മിഷ്യൻ വെയ്ക്കേണ്ട ആലോചന മുതലാളിക്കുവന്നത്.

"മിഷ്യൻ വന്നാലും നിങ്ങളുമുഴുവൻ പോകേ

ണ്ടിവരില്ല.” എന്നാണ് അന്തോണിമുതലാളി പറഞ്ഞിരുന്നതു്. മമ്മതു്, ശങ്കരൻ തുടങ്ങി അധികം ‘സർവ്വീസു’ള്ളവർ അതുകേട്ടു സമാധാനിച്ചിരുന്നു. പക്ഷേ ഒരുമാസത്തിലേറെ ആ ആശ്വാസം നിലനിന്നില്ല.

“സെൻറ് ആൻറണീസ് സോമില്ലി”ലെ യന്ത്രത്തിൻെറ ഇടി തങ്ങളുടെ നെഞ്ചിലെ ഇടിയായിത്തോന്നി തൊഴിലാളികൾക്കു്. എന്തുചെയ്യാം!

അന്തോണിമുതലാളിക്കു് കടമുണ്ടായിരുന്ന തൊഴിലാളികളുടെ അറക്കവാളുകൾ അദ്ദേഹം പിടിച്ചെടുത്തു. എന്നിട്ടും സംഖ്യ മതിയാവാതെ അഞ്ചും പത്തും അദ്ദേഹം സഹിക്കേണ്ടിവന്നു. ഇങ്ങനെയൊരു നഷ്ടം വന്നില്ലായിരുന്നുവെങ്കിൽ പിരിഞ്ഞുപോകുന്ന ‘സർവ്വീസു’ള്ള തൊഴിലാളികൾക്കു് താൻ നല്ല സംഖ്യ സമ്മാനമായി കൊടുക്കുമായിരുന്നുവെന്നു് അദ്ദേഹം പറയുകയുണ്ടായത്രെ. മമ്മതിനും ശങ്കരനും കടമില്ലാതിരുന്നതുകൊണ്ടു് അവരുടെ വാൾ അവൎക്കു കിട്ടി. അന്തോണിമുതലാളിയുടെ കമ്പനിയിൽനിന്നു ഈ ഒരേ ഒരു വാൾ മാത്രമെ ‘രക്ഷ’പ്പെട്ടിട്ടുള്ളുവെന്നതു് തൊഴിലാളികൾക്കിടയിൽ സംസാരവിഷയമായിരുന്നു. മമ്മതും ശങ്കരനും ആ നിലയിലും ഗണനീയത നേടി.

ഒട്ടേറെ പല്ലുകളുള്ള ലോലമായ നീണ്ട വാൾ ചുമലിൽവച്ചു് ശങ്കരൻ മുമ്പിലും, അരം, നൂൽച്ചരടു് മുതലായ സാമഗ്രികളുള്ള ചെറിയ ‘മുളക്കമ്പം’ പിടിച്ചു് മമ്മതു പിറകിലുമായി ദിവസവും പണിയന്വേഷിച്ചു് നടക്കും. ഏതാണ്ടു് സമപ്രായക്കാരാണു് ആ ചങ്ങാതികൾ. നാല്പതു നാല്പത്തഞ്ചു വ

യസ്സിലധികം അവക്ക് പ്രായമില്ല. ഉടുത്ത മുണ്ടിനു പുറമേ, ഈർച്ചപ്പൊടിയുടെ കറകൊണ്ടു് കറുത്തുതടിച്ച ഒരു തോർത്തും ശങ്കരൻെറ ദേഹത്തിൽ കാണാം. മമ്മതിനും പണിമുണ്ടുണ്ടു്. പക്ഷേ വരുമ്പോഴും പോകുമ്പോഴും അതു കാണുകയില്ല. ഉടുത്ത കള്ളിമുണ്ടിൻെറ അടിയിലാണതൊളിക്കുക. മമ്മതു് ബനിയനിട്ടിരിക്കും. വിയർപ്പു് ഭൂപടങ്ങൾ വരച്ചിട്ടുള്ള ആ ബനിയൻ മമ്മതിന്നൊഴിച്ചുകൂടാ. ഈയിടെയായി മമ്മതിൻെറ ബനിയനും കള്ളിമുണ്ടും ശങ്കരന്നത്ര പിടിക്കുന്നില്ല. 'പണിക്കാരു് പണിക്കാരുടെ മാതിരി നടക്കണം. കള്ളിമുണ്ടും ബനിയനുമായി മീശവച്ചു് അന്തസ്സിലങ്ങിനെ നടന്നാൽ മുതലാളിമാരാരും വിളിച്ചു പണിതരില്ല. ശങ്കരൻെറ അഭിപ്രായമാണു്.

സ്ഥിരം ജോലിയുള്ളകാലത്തു് മമ്മതിനും ശങ്കരനും സുഖമായിരുന്നു. അവരുടെ കുടുംബകാര്യങ്ങൾ ഭംഗിയായി നടന്നിരുന്നു. ഇപ്പോൾ വല്ലപ്പോഴുമാണു് ജോലി കിട്ടുക. മഴക്കാലം വന്നതോടുകൂടി പണി തീരെയില്ലെന്നായി. കുട്ടികളുടെ കാതിലുണ്ടായിരുന്ന കമ്മലുകൾ കൂടി വിററു് ചിലവുകഴിഞ്ഞു.

മമ്മതിൻെറ വീട്ടിലെ കാര്യങ്ങൾ ശങ്കരനും ശങ്കരൻെറ വീട്ടിലെ കാര്യങ്ങൾ മമ്മതിന്നും മുഴവനറിയാം. ശങ്കരൻ കഞ്ഞികുടിക്കുകയാണെന്നു പറഞ്ഞപ്പോൾ മമ്മതിനാശ്ചര്യം തോന്നിയതാണു്. മമ്മതു കഞ്ഞികുടിച്ചു എന്നതിൽ ശങ്കരനു വിശ്വാസവുമില്ലായിരുന്നു.

അന്നു് ചെങ്ങാതികൾ കൂടുതൽ വഴിനടന്നു. പട്ടണം വിട്ടു് ഉൾനാട്ടിലെത്തി. എവിടേയും പണിയില്ല.

ഉച്ചയോട്ടകൂടി അവർ മടങ്ങുകയായിരുന്നു. ഒരിട വഴിയുടെ മൂലയിൽ വെച്ചു അടുത്ത പറമ്പിൽ നിന്നു ആരോ അവരെ വിളിച്ചു. "എടോ, ഒരു പ്ലാവ് അറക്കാനുണ്ടു്."

"ഓ, വരാം, എവിടെയാണാവോ"

"ഇതാ ഇവിടെത്തന്നെ"

അവർ ആർത്തിയോടെ നോക്കി. „പറമ്പിൽ ഒരു വലിയ പ്ലാവു തടി വെള്ളയഴിച്ചു് ഇട്ടിരിക്കുന്നു.

"ഒരു കാര്യം"—പറമ്പിൽ നിന്നിരുന്ന ആൾ ശങ്കരനെ സംശയത്തോടെ നോക്കി: "അയിത്തക്കാരനാ?"

ശങ്കരൻ ഒന്നും മിണ്ടിയില്ല. മമ്മതു ഇടതുകൈ കൊണ്ടു് തടിച്ച മേൽമീശ ഒന്നു തടവി ചോദിച്ചു "ഏ?"

"ഇതു മനയാണ്. അമ്പലം കണ്ടോ? അയിത്ത ജാതിക്കാരുണ്ടെങ്കിൽ വയ്യ."

"എന്താ ചങ്കരാ!" മമ്മതു ശങ്കരനെ നോക്കി ഒന്നു ചിരിച്ചു. ശങ്കരൻ അപ്പോഴേക്കും നടന്നു കഴിഞ്ഞിരുന്നു.

മമ്മതു ഒപ്പം നടന്നു. "അപ്പോ ചങ്കരാ......!"

ശങ്കരൻ ഒന്നു മൂളുകമാത്രം ചെയ്തു.

"അപ്പോ ഞാൻ ബനിയനിട്ടോണ്ടും കള്ളിമുണ്ടുടുത്തോണ്ടും വീശ വച്ചോണ്ടും അല്ല . പണി കിട്ടാത്തതു് ട്ടോ."

ശങ്കരൻ മിണ്ടാതെ നടക്കുകയാണ്.

"എന്തനാ ചങ്കരാ ഇങ്ങനത്തെ ജാതി? ഇങ്ങനത്തെ ജാതീലിരിക്കണേൽ ഭേദം.."

"ഭേദം?"

"ഒരു മൊഴം കയറ്..."

"അത്രയ്യൊന്നൂല്ല്യ".

"ഇല്ല്യോ, ഒരമ്പലോം മനേം ഒള്ള കാരണം..."

"അമ്പലത്തില് ഞങ്ങക്ക്, ഹിന്ദുജാതിയ്യൊക്കെ കടക്കാം ഇപ്പഴ്."

"എന്നിട്ടെന്തേയിത്?"

"ചില അറിവില്ലാത്ത പഴേ വെമ്പാലകള്. അതു നിങ്ങടെ ജാതീലും കാണും."

"ഞങ്ങടെ ജാതീല് ഇക്കൂത്തില്ല്യാപ്പാ!"

"ഇതാവില്ല്യ; വേറൊന്നാവും"

"ഏതാ വേറൊന്ന്?"

"ഉണ്ടാവൂന്നേ."

"ഇല്ല്യല്ല്യ."

"ഉണ്ടാവും"

"ഏതെങ്കിലും ഒന്നു പറ."

"വേണ്ട, പറേണ്ട."

"പറഞ്ഞോ"

വീട്ടിലെത്താൻ രണ്ടുമൂന്നുനാഴികയുണ്ടല്ലോ. സംഭാഷണമങ്ങിനെ നീണ്ടുപോയി.

നിരാശതയുടെ വളക്കൊഴപ്പിൽ ദുർബ്ബീജങ്ങൾ വേഗം മുളയ്ക്കും. സംഭാഷണം നീളുംതോറും തുടങ്ങി വെച്ച തമാശയുടെ കുളുർമ നീങ്ങിപ്പോകുന്നതവർ അറിയുന്നില്ല. വാക്കുകളുടെ പുകയും ചൂടും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും വെൺഭിത്തികളിൽ കരുവാളിപ്പും പൊള്ളലുമുണ്ടാക്കുന്നതും അറിയുന്നില്ല.

അദൃശ്യങ്ങളായ രണ്ടു മായാസർപ്പങ്ങൾ അവരിൽ അവരറിയാതെ അങ്ങോട്ടുമിങ്ങോട്ടും വിഷപ്പല്ലേ

ല്പിക്കുന്നു. ഓരോ വാക്കു വായിൽ നിന്നു വീഴുന്നതോടെ വിഷം കയറും. തൻെറ ചങ്കരൻ, തൻെറ മമ്മതാപ്ല എന്ന ഉറച്ച ബന്ധത്തിനൊരു വൈകൃതം—ശൈഥില്യം—വന്നപോലെ. തങ്ങൾ ഒന്നാണെന്ന ദീർഘനാളത്തെ നിനവിൻെറ പിരിമുറുക്കത്തിനു ഒരയവു വന്ന മാതിരി. അല്ലെങ്കിൽ അവരുടെ വാദപ്രതിവാദങ്ങൾക്കു ഈ രാജ്യം മാത്രമല്ല, ഉത്തരേന്ത്യ കൂടി കളവും കാരണവുമായതെന്തിനാണ്!!......

അവർ, അവർ മാത്രമല്ല, ഇപ്പോൾ. ഓരോ വലിയ സംഘം ആളുകൾ തങ്ങളുടെ പിറകിലുള്ളതുപോലെ. സാധാരണ ആളുകളല്ല; കല്ലും വടിയും കത്തിയും കൈയ്യിലുള്ള ആളുകൾ!—അലകളുയത്തിആത്തിരമ്പുന്ന സമുദ്രങ്ങൾ!—

ശങ്കരനു മമ്മതിനേക്കാളും മമ്മതിനു ശങ്കരനേക്കാളും ശക്തിയും അഭിമാനവും ഉണ്ടെന്നു തോന്നി.

ഇരുവരും അന്യോന്യം തുറിച്ചുനോക്കി; നെട്ടവീർപ്പിട്ടു.

പണി കിട്ടാത്തതോ കുടുംബം പട്ടിണി കിടക്കുന്നതോ അല്ല ഇപ്പോഴവരുടെ പ്രശ്നം. എന്തിനെയോ ഏതിനേയോ സംരക്ഷിക്കേണ്ടവരാണവർ!

നീറിപ്പുകയുന്ന രണ്ടഗ്നിപർവതങ്ങൾ! ഏതു നിമിഷത്തിലും പൊട്ടിത്തെറിച്ചേക്കാം.

തങ്ങളുടെ വീടുകൾക്കു സമീപമെത്തിയതു്, പെട്ടെന്നാണവരറിഞ്ഞതെന്നു തോന്നുന്നു. അത്രവേഗം അവിടെ ചെന്നു ചേൻറു.

“ആട്ടെ ചങ്കരാ, വാളിങ്ങ്‌ താ. നമ്മടെ രണ്ടാളുടെ കാശല്ലെ. ഇത്രനാളും നിൻെറ കുടീലിരുന്നി

ല്ലേ? ഇനി ന്റെ കുടീലിരുന്നാ ന്താ ദോശംന്ന് നോക്കാലോ" ശങ്കരന്റെ വീട്ടിലേക്കു തിരിയുന്ന ഇടവഴിയുടെ മുഖത്തെത്തിയപ്പോൾ മമ്മതു പെട്ടന്നു പറഞ്ഞു. മമ്മതിന്റെ ശബ്ദം പതറിയിരുന്നു.

ശങ്കരന്ന് ഒരു 'ഷോക്ക്' തട്ടിയമാതിരി തോന്നി. അയാൾ ഒന്നും മിണ്ടാതെ അഭിമാനത്തോടെ ഈർച്ചവാൾ ചുമലിൽ നിന്നെടുത്ത് മമ്മതിന്റെ നേരെ നീട്ടി. മമ്മത് വാൾ വാങ്ങി വേഗത്തിൽ നടന്നു.

മമ്മതും ശങ്കരനും 'തുണ്ണ'ക്കാരായി ഈർച്ചപ്പണി തുടങ്ങിയിട്ട് പത്തു കൊല്ലത്തോളമായല്ലോ. ആദ്യം അവർക്കു സ്വന്തമായി വാൾ ഉണ്ടായിരുന്നില്ല. അന്തോണിമുതലാളിയുടെ വാൾ വാടകയ്ക്കെടുത്തായിരുന്നു അവർ പണിതിരുന്നതു്. തങ്ങളുടെ വരുമാനത്തിൽനിന്ന് വാൾക്കൂലി പോകുന്നതിനെപ്പററി രണ്ടുപേരും ആലോചിച്ച് വളരെ ബുദ്ധിമുട്ടി കാശുണ്ടാക്കി നാല്പതു ഉറുപ്പികയ്ക്കു് വാൾ വാങ്ങിയതാണു്. മുതലാളിയുടെ കമ്പനിയിൽ ജോലിയുള്ളപ്പോൾ വാൾ കമ്പനിയിലാണു് രാത്രി സൂക്ഷിക്കാറ്. അവിടത്തെ പണി നഷ്ടപ്പെട്ട് പുറത്തുവന്നതോടുകൂടി വാൾ ശങ്കരന്റെ വീട്ടിൽവയ്ക്കും. മമ്മതു് നിർബ്ബന്ധിച്ചതുകൊണ്ടാണു് ശങ്കരൻ ഇതിന്നു സമ്മതിച്ചതു്. മമ്മതിന്റെ കുടിലിൽ ഒററ മുറിയേ ഉള്ളു. ശങ്കരന്റേതിൽ രണ്ടു മുറിയുണ്ടു്.

ഇടവഴിയുടെ മുമ്പിൽവച്ചുള്ള വേർപ്പാടു് തങ്ങൾ തമ്മിലുള്ള സ്ഥിരമായ വേർപ്പാടായി ഇരുകൂട്ടർക്കും തോന്നിയിരുന്നു.

അന്നു് പാതിര കഴിഞ്ഞിരിക്കും. 'തുള്ളിയ്ക്കൊരു കുടം'മെന്ന നിലയിൽ മഴ പെയ്യുകയാണു്. ശക്തിയായ കാററും മിന്നലും ഇടിയും.

തൻെറ ഉമ്മറത്തു് ഒരാൾ വന്നു കയറിയപോലെ ശങ്കരന്നു തോന്നി. ആ രാത്രി കൊടും തണുപ്പുണ്ടായിട്ടും ശങ്കരൻ വിയത്തൊലിക്കുകയാകുന്നു. അയാൾക്കുറക്കം വരുന്നില്ല. പായയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു് അതേവരെ കഴിച്ചുകൂട്ടി.

ശങ്കരൻ ചെവിയോർത്തു് ശ്രദ്ധിച്ചു. വല്ല നായ്ക്കളും കോലായിൽവന്നു കേറിയതായിരിക്കുമോ? അല്ലാ ഒരാൾ അങ്ങിങ്ങും നടക്കുന്നമാതിരി. കള്ളനായിരിക്കും. എന്തു കക്കാനാണു്. ചട്ടിയും കലങ്ങളും ആർക്കുവേണം? വാളുണ്ടെങ്കിൽ പേടിക്കേണ്ടിയിരുന്നു.

പിന്നെയും കാൽപ്പെരുമാററം.

നായ്ക്കളല്ലാ തീർച്ച.

നെടുവീർപ്പിൻെറ ശബ്ദം.

കാററു്?

ശങ്കരൻ വാതില്ക്കലേയ്ക്കു നീങ്ങിക്കിടന്നു.

"ച—ങ്ക—രാ! ച—ങ്ക—രാ!"—ചങ്കു പൊളിഞ്ഞുവരുന്നതുപോലെയുള്ള വിളി.

ശങ്കരൻ എണീററതും വാതിൽ തുറന്നതും എങ്ങിനെയാണെന്നയാൾക്കറിഞ്ഞുകൂടാ. പെട്ടെന്നുണ്ടായ ഇടിമിന്നലിൽ നനഞ്ഞൊലിക്കുന്ന ബനിയനും കള്ളിമുണ്ടുമായി ഈർച്ചവാളും പിടിച്ചുനില്ക്കുന്ന ചങ്ങാതി മമ്മതാപ്ലയെ അയാൾ വ്യക്തമായി കണ്ടു.

"വാതിൽ തുറക്കേണ്ടിയിരുന്നില്ല. ഇയാൾ ഈ പാതിരായ്ക്കു് മഴ നനഞ്ഞു് വന്നിരിക്കുന്നതു് എന്നെ

കൊല്ലാനായിരിക്കും?" ശങ്കരൻ അകത്തു നിന്ന നില്പിൽ നിന്ന് ബോധപൂർവ്വം ചിന്തിക്കാൻ തുടങ്ങി.

"ചങ്കരാ!" വാള് താഴെയിട്ട് മമ്മതു് അകത്തേയ്ക്കു ചാടിക്കയറി. അയാൾ ശങ്കരനെ കെട്ടിപ്പിടിച്ചു നിലവിളിച്ചു. "ചങ്കരാ, ഷെമിക്കണം. പടച്ചോനാണേ ഷമിക്കണം. അങ്ങിങ്ങും പറഞ്ഞതൊക്കെ മറക്കണം.. വാളു് ഞാൻ ചോയിച്ചതു് ൻെറ തെററു്...നിനക്കു് വാളു് തക്കം പറയാണ്ട് തരാൻ തോന്നീലോ...അല്ലെങ്കില്...ൻെറ പടച്ചോനേ! ഓർത്തുടാ!... ചങ്കരാ! ഷെമിക്കണം. ഇനി മ്മളു് ചാവണവരെ—മ്മളു് കയിഞ്ഞമാതിരി കയീണം—മ്മടെ രണ്ടാളടെമേലും ഒരു വെഷം കേറീതാ. അതെറങ്ങി....."

ശങ്കരനും ഒരു കുട്ടിയെപ്പോലെ പൊട്ടിക്കരഞ്ഞു.

★

# ഭക്തിയും മുക്തിയും

**1948**

ഇന്ത്യ മാത്രമല്ല, ലോകം മുഴുവൻ ഞെട്ടി വിറച്ചു: മഹാത്മജി വധിക്കപ്പെട്ടു!

മഹാത്മജി സ്വാഭാവികമായി മരണം പ്രാപിക്കുന്നതിനെക്കുറിച്ചാലോചിക്കാൻ തന്നെ വിഷമം. ആ ശാന്തിധനൻെറ വിരിമാറിലേയ്ക്കു് ഒരാൾ—ഒരിന്ത്യക്കാരൻ—നിറതോക്കൊഴിക്കയും അദ്ദേഹം നിലംപതിച്ച് അതിദയനീയമായി അന്ത്യശ്വാസം വലിക്കുകയും ചെയ്തു എന്ന വിവരം അറിഞ്ഞപ്പോൾ!!...

ദിവസങ്ങളും ആഴ്ചകളും നീങ്ങിയിട്ടും എനിക്കൊരു സ്വസ്ഥത ലഭിച്ചില്ല: ഉറക്കമില്ലായ്മ, തലവേദന, എന്തെന്നില്ലാത്ത ക്ഷീണം. ഭക്ഷണത്തിന്നു രുചിയില്ല.

സംഭവിക്കേണ്ടതു സംഭവിക്കും. വരേണ്ടതു വഴിയിൽ തങ്ങില്ല. സോക്രട്ടീസിനെ വിഷം കൊടുത്തു് കൊന്നില്ലേ? യേശുക്രിസ്തുവിനെ ക്രൂശിൽ തറച്ചില്ലേ? ദീനത്തിന്നു് ഞാൻ തന്നെ ഇങ്ങിനെ ചികിത്സകൾ ചെയ്തുനോക്കി. ചേമ്പിലയിൽ വെള്ളമൊഴിക്കുന്ന മാതിരി.

ആയിടെ എനിക്കൊരു വിവാഹക്ഷണനംകിട്ടി. നാനാഭാഗങ്ങളിലും സുഹൃത്തുക്കൾ ഉള്ളതുകൊണ്ട് ക്ഷണക്കത്തുകൾ ധാരാളം ലഭിക്കാറുണ്ട്. ക്ഷണിക്കുന്ന വക്കറിയാം എൻെറ പ്രാരബ്ധങ്ങൾ. മിക്കവരും ഒരു ചടങ്ങായി മാത്രം ക്ഷണക്കത്തുകളയയ്ക്കുകയാണ്. ചെല്ലുമെന്നുദ്ദേശിച്ചിട്ടല്ല.

ഏതാണ് ഈ വിജയൻ? കെ. സി. വിജയൻ. ക്ഷണക്കത്തിലുള്ള വരൻെറ പേർ കുപ്പിയിലെ വെള്ളത്തിൽപിടിച്ചിട്ട മീനിനെപ്പോലെ വളരെനേരം എൻെറ ചിന്തയിലോടിനടന്നു. ഒരെത്തും പിടിയും കിട്ടുന്നില്ല. കൂടെയുള്ള എഴുത്തെടുത്തു ഞാൻ വായിച്ചു:

"ഒരു കാലത്ത് ലണ്ടനാവുന്ന കുണ്ടന്തുരിലെ ആദ്യത്തെ ബി. ഏ. കാരനും എ. പെ. പെ. ബ. (എത്രയും പെരിയപെരിയ ബഹുമാനപ്പെട്ട) രവിപുരം പ്രൈമറിസ്കൂളിലെ വാദ്ധ്യാരുമായ മ. രാ. രാ. ശ്രീ. ചാർളി വിജയൻ അവർകൾ അറിയിക്കുന്നത് എന്തെന്നാൽ..."

ഇത്രത്തോളമായപ്പോൾ വിജയനെമനസ്സിലായി.

ചാർളി വിജയൻ നാലഞ്ചുകൊല്ലം എൻെറ സഹപാഠിയായിരുന്നു. തമാശക്കാരനായിരുന്ന വിജയന്ന് മാത്തുമാസ്റ്ററിട്ടപേരാണ് 'ചാർളി വിജയ'നെന്ന്. "ഇവനൊരു ചാർലി ചാപ്ലിൻ" എന്നാണ് മാസ്റ്റർ ആദ്യം പറഞ്ഞത്. പിന്നീടതു ചാർളി വിജയനായി.

തൃശ്ശൂരിലുള്ള മാതുലഗൃഹത്തിൽ താമസിച്ചാണ് വിജയൻ പഠിച്ചിരുന്നത്. ഞാൻ പഠിപ്പു മതിയാ

ക്കി ഓരോ പണികളിൽ പ്രവേശിച്ചിരുന്നപ്പോഴും വിജയന്ന് എന്നെ മറക്കാൻ കഴിഞ്ഞില്ല. ചില ഞായറാഴ്ചകളിൽ അവനന്വേഷിച്ചു വരും.

കോളേജിൽ ചേൻന്ന് എറണാകുളത്തു താമസമാക്കിയപ്പോൾ വിജയനെ കാണാൻ പ്രയാസമായി. ബി. എ. പാസ്സായ വിവരം കത്തുമൂലം അയാൾ അറിയിച്ചിരുന്നു.

പുതുവർഷം കൊണ്ടു കലങ്ങിമറിഞ്ഞ കിണററിലെ വെള്ളം തെളിഞ്ഞുവരുന്നതുപോലെ എൻെറ മനസ്സു ശാന്തമാകുന്നതായിത്തോന്നി. വിനോദത്തിൻെറ മധുരമുള്ള വിഭവമായിരുന്നു വിജയൻെറ കത്ത്.

കല്യാണത്തിന്നു പോകാൻ ഞാൻ തീർച്ചയാക്കി. ഒരുല്ലാസയാത്ര ആവശ്യമാണ്. മനസ്സിൻെറ ബാക്കിയുള്ള മ്ലാനത അതു നീക്കും.

ഞായറാഴ്ചയാണു വിവാഹം. ശനിയാഴ്ചരാത്രി ഞാൻ പുറപ്പെട്ടു.

പതിനഞ്ചുനാഴികയുണ്ടു കുണ്ടന്നൂക്ക്. ഒരു ബസ്സേയുള്ളു. കാലത്തും വൈകുന്നേരവും ഓരോ 'ട്രിപ്പ്'

കുണ്ടന്നൂർ അനത്ഥനാമംതന്നെയെന്നു ബസ്സിലിരിക്കുമ്പോൾ തോന്നി. ഇരുഭാഗവും കശുമാവിൻ തോപ്പുകൾ. ഇടുങ്ങിയ വഴികൾ, കുണ്ടും കുന്നും കുറവല്ല- മുമ്പിൽനിന്ന് ഒരു വണ്ടിവന്നാൽ 'സൈഡ്' കൊടുക്കുന്നതെങ്ങിനെ? സാദ്ധ്യമല്ല. ഏതെങ്കിലും തിരിവിലേയ്ക്കു പിന്നോക്കം കൊണ്ടുവരണം.

ഇരുട്ടായി കശുമാവിൻതോപ്പിൽ ഒച്ചയുണ്ടാക്കി ആഞ്ഞടിക്കുന്ന കാററ്. പനിയുള്ളപോലെ എൻെറ ദേഹമാകെ കുളിരും വിറയും.

ബസ്സു നില്ക്കുന്നേടത്ത് വിജയൻ കാത്തുനില്ക്കു മെന്നാണ് എഴുത്തിൽ. അവിടെനിന്ന് ഒരു നാഴിക നടക്കണം.

ചാർലി ആ സ്ഥലത്തുവന്നുനിന്നിട്ടില്ലെങ്കിൽ! വൈഷമ്യങ്ങൾ ചിന്തയിലേയ്ക്കു വന്നുതുടങ്ങി. ആ ഭാഗത്ത് ഒരാളേയും അറിയില്ല. രാത്രി എന്തുകഴിക്കും? എവിടെ കൂട്ടം?...അയാൾ വരും. ഇപ്പോൾ കാത്തുനില്ക്കുകയാവും. "വൈകുന്നേരത്തെ ബസ്സിൽ ഇല്ലെന്നു കണ്ടാൽ ഞാൻ കാത്തുനില്ക്കുന്ന സ്ഥലത്തുനിന്ന് നിരാഹാരസത്യാഗ്രഹം നടത്തും. എല്ലാ സത്യാഗ്രഹക്കാരും പറയുമ്പോലെ മരിക്കുംവരെയല്ല, വിവാഹമുഹൂർത്തം കഴിയുംവരെ."—വിജയൻെറ കത്തിലെ ഈ വരികൾ ഓർമ്മവന്നു.

ഇടയ്ക്ക് ഞാനൊന്നു മയങ്ങി. എന്തെല്ലാമോ ഇടിഞ്ഞുപൊളിഞ്ഞു ദേഹത്തിൽ വീഴുന്നു എന്നു തോന്നി. കണ്ണുതുറന്നു നോക്കിയപ്പോൾ ചീററിയും അലറിയും ബസ്സ് ഒരു കയററം കയറുകയാണ്. അടയ്ക്കാപ്പുണ്ണിക്കാരൻ—പച്ചപ്പുടയ്ക്കയുടെ രൂക്ഷ ഗന്ധംകൊണ്ട് മനസ്സിലാക്കിയതാണ്—ഒരു മുസ്ലീം വൃദ്ധൻ എൻെറ തോളിൽ തലവെച്ചു സുഖനിദ്രകൊള്ളുന്നു. എൻെറ ദേഹം ഉറങ്ങാനുള്ള ഉപകരണമാക്കിയതു സഹിക്കാം. മൂപ്പരുടെ വായിൽനിന്ന് മുറുക്കാൻതുപ്പലോടുചേർന്ന കൊഴുത്തവെള്ളം ഷർട്ടിൻെറ ഒരു ഭാഗം മുഴുവൻ നനച്ചിരിക്കയാണ്. അറപ്പോടെ ഞാനാ തല പിടിച്ചുപൊക്കി. അതാ സാവധാനം തല ചാഞ്ഞുവരുന്നു. എൻെറ ചുമല് തന്നെ ലക്ഷ്യം. വീണ്ടും കുറച്ചുശക്കോടെ തല ഞാൻ പൊക്കിനിത്തി. ഇത്ത

വണ്ടി കുറച്ചുനേരം അതു സ്വസ്ഥാനത്തു നിന്നു. പിന്നേയും ചരിയുകയാണ്. വീഴാൻപോകുന്ന നേന്ത്രവാഴ ഊന്നിട്ടു നിർത്തുന്നതുപോലെ എന്റെ കൈ ഞാൻ കാരണവരുടെ കഴുത്തിലേയ്ക്കു ചരിച്ചുനീട്ടിവച്ചു. ബസ്സ് കുണ്ടിൽ ചാടുമ്പോൾ തലയൊന്നിളകുമെന്നുമാത്രം.

അകലെ ഒന്നുരണ്ടു വിളക്കുകൾ കാണുന്നു. ബസ്സ് അവിടെ നില്ക്കുമായിരിക്കാം.

ഊഹം ശരിയായി. ബസ്സ് ആ സ്ഥലത്തു നിന്നു.

വിശാലമായ മൈതാനം. മൈതാനത്തിന്നു നടുവിലായി ഒരമ്പലം. അമ്പലത്തിൽ എന്തോ വിശേഷമുണ്ടു. ഏഴു നിലയിലുള്ള ദീപസ്തംഭം ചുററും നിറയേ തിരിയിട്ടുകൊളുത്തിയതു് രജനീ ദേവിയുടെ കഴുത്തിലെ കാഞ്ചനപ്പതക്കംപോലെ പ്രശോഭിച്ചിരുന്നു. ബസ്സുനില്ക്കുന്നതു ക്ഷീണിതക്കും ഭാരംചുമക്കുന്നവക്കും ആശ്വാസമരുളുന്ന ഒരത്താണിയുടെ മുമ്പിലാണ്. വയസ്സായി 'താടിമീശകൾ' താഴെമുട്ടുന്ന ആൽ വൃക്ഷം അത്താണിക്കു പന്തലിട്ടു നില്ക്കുന്നു. കിഴക്കുവശം രണ്ടു മുറികളുള്ള ഓടിട്ട ഒരു ചെറിയ എടുപ്പാണ്. ആദ്യത്തെ മുറിയുടെ മുമ്പിൽ "ശ്രീകൃഷ്ണവിലാസം നായർ കാപ്പി ക്ലബ്ബ്" എന്നുംരണ്ടാമത്തേതിൽ "ഗ്രാമീണ വായനശാല" എന്നും ഓരോ ബോർഡുകൾ തൂങ്ങിക്കിടക്കുന്നു. പഞ്ചായത്തുവക വഴിവിളക്കും കാപ്പിക്കടയിലെ റാന്തലും സഹവത്തിത്വ സിദ്ധാന്തത്തിൽ നൽകുന്ന വെളിച്ചം ബസ്സിറങ്ങിനില്ക്കുന്നവക്കു വലിയൊരു സഹായംതന്നെ.

കാപ്പിക്ലബ്ബിൽനിന്ന്, നീണ്ടൊരു ടോർച്ചുമായി ഓടിയെത്തിയ വിജയൻ എന്നെ കെട്ടിപ്പിടിച്ചു.

"ലണ്ടനാകാനിരിക്കുന്ന കുണ്ടന്നൂക്കു സ്വാഗതം"— അയാൾ പൊട്ടിച്ചിരിയോടെ എൻെറ ബാഗ്ഗും കുടയും ഒന്നിച്ചു കൈക്കലാക്കി. "കുണ്ടന്നൂർ സ്റ്റേററ് റസ്റ്റോറൻറിൽ ഒന്നു കയറാം"—വിജയൻ കാപ്പിക്കടയുടെ നേരെ നടന്നു.

"വേണ്ട, കല്യാണവീട്ടിലേയ്ക്കു പോകുമ്പഴല്ലേ കാപ്പിക്കടെയില് കേറണത്. എന്താ, അവിടെ ഒന്നുമില്ലേ?"

"ഒരു നാഴിക—അല്ല, ഞങ്ങൾക്കൊക്കെ ഒരു ഫർലോങ്ങേള്ളു —നടക്കണേ! ബസ്സിലിരുന്ന ക്ഷീണോം. ഒന്നു കുടിയ്ക്കാം."

"കുളിക്കാതെകണ്ട് ഒന്നും കഴിക്കാൻ പററില്ല, വിജയാ. ഛർദ്ദിച്ചേക്കും."

"ബസ്സ് ചൊരുക്കുണ്ടോ!"

"ബസ്സ് ചൊരുക്കല്ല; ഷർട്ടുകണ്ടോ മുഴുവൻ തുപ്പലാണ്. മനം മറിച്ചില് തുടങ്ങീട്ട .നേരം കുറെയായി."

"അല്ലാ, മുരുക്കു തുടങ്ങിയോ?"

"ഇല്ല."

"പിന്നെ?"

സംഗതി ഞാനയാളെ ഗ്രഹിപ്പിച്ചു. പൊട്ടിച്ചിരി അങ്ങെങ്ങും മാറെറാലിക്കൊണ്ടു.

ഇരുഭാഗവും ഇല്ലിക്കൂട്ടങ്ങളുള്ള ഇടവഴികളിൽക്കൂടെ ഞങ്ങൾ നടന്നു. വിസ്തൃതമായ വയലാണു പിന്നെ. "പെരുപ്പൂരാതെ പററില്ല. ഞങ്ങളെ രക്ഷിക്കുന്ന ഗംഗാദേവിയുടെ എഴുന്നള്ളത്തിതിലെയാണ്"— വിജയൻ പിന്തിരിഞ്ഞു പറഞ്ഞു.

പാടത്തിൻെറ മദ്ധ്യത്തിൽക്കൂടി ഒഴുകുന്ന വെള്ളച്ചാലിൻെറ അടുത്തെത്തിയിരുന്നു. വിജയൻെറ ഗംഗാദേവി ഈ ചാലാണ്.

"ചെരിപ്പൂരിയാൽ മതിയോ? മുണ്ട്..."

"വേണ്ട, അഴിയ്ക്കണ്ട. നല്ലപോലെ പൊക്കിപ്പിടിച്ചാൽ മതി."

ചാലും പാടവും കഴിഞ്ഞു് പിന്നേയും ഇടവഴിയിൽ കൂടി തുടൻ. "തൻെറ ഫർലോങ്ങ് അവസാനിക്കാറായോ ചാർളി? നടന്നുനടന്ന് കാലു കഴഞ്ഞല്ലോ."—

"ഇതാ എത്തിപ്പോയി. പാട്ടു കേട്ടില്ലേ? അതു കല്യാണവീട്ടിൽ നിന്നാണ്."

"അല്ലാ, ഇവിടങ്ങളിലും എത്തിയോ ഈ ഏപ്പാടൊക്കെ?"

"താനെന്തു വിചാരിച്ചു! കുണ്ടന്തൂർ സിററിയെക്കുറിച്ച് മനസ്സിലാക്കീട്ടില്ല, അല്ലേ?"

കരി, നുകം, വെള്ളം ചവിട്ടിന്നുള്ള വലിയ ചക്രം, തേക്കുകൊട്ട മുതലായ കാർഷികോപകരണങ്ങൾ യഥാസ്ഥാനങ്ങളിൽ വെടിപ്പായി വെച്ചിട്ടുള്ള പടിപ്പുരയും, കാലികൾ നിറഞ്ഞ രണ്ടു തൊഴുത്തുകളും മററും ചേർന്ന വിജയൻെറ വീട് എൻെറ പ്രതീക്ഷയിൽ കവിഞ്ഞതായിരുന്നു. കുന്നുപോലെയുള്ള വയ്ക്കോൽ തുറുകൾ നാലഞ്ചെണ്ണമുണ്ട്.

വിജയൻെറ അച്ഛനും അമ്മയും അനുജന്മാരുമൊക്കെച്ചേർന്ന് എന്തെന്നില്ലാത്ത ആത്മാർത്ഥതയോടും ആദരവോടുംകൂടി എന്നെ സ്വീകരിച്ചു. 'തൃശ്ശൂർക്കാരൻ' എന്നതാണ് എൻെറ പ്രധാന ബഹുമതി

എന്നു തോന്നുന്നു. സല്ക്കാരത്തിരക്കിൽ, വിജയന്റെ അച്ഛൻ· തദ്ദേശിയരായ മാന്യന്മാരോട് ഈ രാജ്യപ്പേരു് പറയുന്നതു പല പ്രാവശ്യം ഞാൻ കേൾക്കയുണ്ടായി.

കുളിയും ഊണുമെല്ലാം കഴിഞ്ഞ് കുരുത്തോല കൊണ്ടും മാവിലകൊണ്ടും കമനീയമായലങ്കരിച്ചിട്ടുള്ള കല്യാണപ്പന്തലിലേയ്ക്കു് വിജയന്റെ അകമ്പടിയോടെ ഞാൻ പ്രവേശിച്ചപ്പോൾ, ഇരിക്കുന്നവർ എഴുന്നേല്ക്കാൻ തുടങ്ങി. പ്രായമായവർ കൂടി. ഊതിവീർപ്പിച്ച ബലൂൺപോലെ എനിക്കെന്നെത്തോന്നി.

"നിത്തെടാ; കണ്ണിൽ കണ്ട പീറ സിനിമാപ്പാട്ടുകള്. ഇതു കണ്ടോ? ഇന്നലെ ഞാൻ വാങ്ങീതാ. പുതിയ പ്ളെയിററു്."— ഖദർധാരിയായ എന്നെ ആപാദചൂഡം ഒന്നു നോക്കി, ഖ ർ മുണ്ടും, ഖദർ ലീഡർ ഷർട്ടും, നീളത്തിലുള്ള ഖദർ ഷോളും ധരിച്ച ദീർഘകായനായ ഒരു മാന്യൻ ഗ്രാമ്ഫോണിന്റെ അടുത്തേയ്ക്കു ചെന്നു. അദ്ദേഹം തന്നെ പുതിയ പ്ളെയിററു് ഉറയിൽ നിന്നെടുത്തു ഗ്രാമഫോണിൽ വച്ചു.

രഘുപതിരാഘവരാജാറാം .....

പതിതപാവനചീതാറാം......

കല്യാണപ്പന്തൽ മാറെറാലികൊള്ളാൻ തുടങ്ങി. ഒരേ ഈരടി തന്നെ എട്ടും പത്തും പ്രാവശ്യം ആവർത്തിക്കുകയാണു്. രീതിയ്ക്കു ചിലപ്പോൾ വ്യത്യാസമുണ്ടെന്നു മാത്രം.

മഹാത്മജിക്കു ഏററവും പ്രിയപ്പെട്ട ഗാനമാണല്ലോ "രാംധൂൻ". അദ്ദേഹത്തിന്റെ വിയോഗം മൂലം

ദുസ്സഹദുഃഖം അനുഭവിക്കുന്ന അനേകായിരം ഹൃദയങ്ങളിലേക്കു അൽപ്പമൊരാശ്വാസം പകർന്നുകൊടുപ്പാൻ "രാംധൂൻ" ഗാനത്തിനു കഴിഞ്ഞു. സന്ധ്യാസമയങ്ങളിൽ ഓരോ ഗൃഹത്തിലും ബാലികാബാലകർ ഭക്തിപൂർവ്വം ഈ ഗാനം പാടി. തക്കമറിഞ്ഞ പാട്ടുപിടുത്തക്കമ്പനിക്കാർ "രാംധൂൻ" പ്ളെയിററുകൾ പലതിറക്കി. അതിലൊന്നാണിവിടെപ്പാടുന്നതു്.

പന്തലിൻെറ ഒരു ഭാഗത്തു സദ്യശ്രമക്കാർ നിരന്നിരിക്കയാണു്. ചേന, കുമ്പളങ്ങാ, മത്തൻ, നേന്ത്രക്കായ, വഴതനങ്ങ, വെണ്ടക്കായ തുടങ്ങിയ പച്ചക്കറികൾ കൂമ്പാരമായിട്ടാണു് ഓരോരുത്തരുടെ മുമ്പിലും. നാളികേരം ഉടച്ചു കൂട്ടുന്നതിനു കണക്കില്ല. ഇഞ്ചി ചൊരി കളയുക, നാരങ്ങ നുറുക്കുക, പച്ചമുളകു അരിയുക ഇതൊരു ഭാഗത്തു്. സൂര്യോദയംവരെ സദ്യശ്രമം നീളും. ഉറക്കം വരാതിരിക്കാനും, ഉല്ലാസം വിടാതിരിക്കാനും ഉത്തമൌഷധങ്ങളായ കടും ചായയും പുകയും കൂട്ടുകാർ ഉപയോഗിച്ചു തുടങ്ങി. ഗ്യാസ് ലൈററ് നാലഞ്ചെണ്ണം സൃഷ്ടിച്ചു പരത്തുന്ന പൂനിലാവിൽ പകലെന്നപോലെ കുട്ടികൾ തലങ്ങും വിലങ്ങും ഓടിക്കളിക്കുകയാണു്. അവരെ ശാസിച്ചും ശ്രമക്കാരിൽ പ്രധാനിയുമായി അഭിപ്രായങ്ങൾ കൈമാറിയും ഗൃഹനാഥൻ അവിശ്രമം അങ്ങിങ്ങു നടക്കുന്നു.

രഘുപതി രാഘവരാജാറാം' ...
പതിതപാവനസീതാറാം......

ഗാനം നിൽക്കാതൊഴുകുകയാണു്. കസാലകളിലും താഴെ പായയിലും ഇരിക്കുന്നവരുടെ ശ്രദ്ധ മുഴുവൻ പാട്ടിൽ തന്നെ. ഉമ്മറത്തും അകത്തുമായി കൂടിയിട്ടുള്ള

സ്ത്രീകൾ ശ്വാസം കഴിക്കുന്നില്ലെന്നു തോന്നും. പാട്ടു എവിടെ നിന്നാണു പുറപ്പെടുന്നതു എന്ന കാര്യത്തിൽ ഭിന്നാഭിപ്രായമുള്ള മുത്തശ്ശിമാർ മിണ്ടുന്നില്ലെങ്കിലും അങ്ങിങ്ങ വിരൽ ചൂണ്ടുന്നുണ്ട്.

ഈശ്വര അള്ളാ തേരേ നാം
സബ്‌കോ സന്മതി ഹേ ഭഗവാൻ

ഈ ഭാഗം അത്രയേറെ ആവർത്തിക്കുന്നില്ല. അതു നന്നായി. ഈശ്വരനും അള്ളാവും പരിചയമാണെങ്കിലും സബ്‌കോവും സന്മതിയും അധികം പേക്കും പിടിയില്ലല്ലൊ.

'രാംധൂൻ' പ്ലെയിററ് രണ്ടെണ്ണമുണ്ട്. ഖദർ ധരിച്ച മാന്യൻ ഈ പ്ളെയിററുകൾ തന്നെ മാറി മാറി വെയ്ക്കുകയാണ്.

രഘുപതി രാഘവ രാജാറാം
പതിത പാവന ചീതാറാം.

"വേറെ പ്ളെയിറെറാന്നു വെച്ചുകൂടേ? ഇതെപ്പൊത്തുടങ്ങിയതാണ് ഈ ചീതാറാം!"—താഴത്തിരിക്കുന്നവരിൽ ഒരു യുവാവ് പറഞ്ഞു. പ്ളെയിററ് മാറിയാൽ കൊള്ളാമെന്നു ഞാനും ആശിച്ചിരുന്നു. പാൽപ്രഥമൻ നല്ലതാണ്. പക്ഷെ അതു മാത്രമായാലോ! പിന്നെ പ്രഥമനിൽ കല്ലുമുണ്ട്. തമിഴകമ്പനിക്കാർക്ക് 'ചീതാറാം' വിരോധമില്ലെങ്കിലും മലയാളികൾക്കതു പററില്ല. അതാണ് "എപ്പൊത്തുടങ്ങിയതാണ് ഈ ചീതാറാം" എന്ന് യുവാവു പറഞ്ഞപ്പോൾ സദസ്സിൽ പൊട്ടിച്ചിരിയുണ്ടായതു്.

ചാരു കസാരയിൽ മലർന്നു കിടക്കുന്ന ഖദർ ധരിയായ മാന്യൻ ചാടിയെണീററ് പാട്ടുപെട്ടിയുടെ സൂ

ചി തണ്ട്" പിടിച്ചു പൊക്കി ക്ഷോഭത്തോടെ ഉര ത്തു. "ഏതു കുട്ടിസ്സഖാവാണടാ ഇതു്?"

അദ്ദേഹം അമർഷത്തോടെ ഒന്നു നീട്ടി മൂളി, ചങ്കുകൊണ്ടൊരു വികൃതശബ്ദമുണ്ടാക്കി വീണ്ടും പറ ഞ്ഞു: "ഇങ്കിലാബ് സിന്താബാദൊന്നും ഇവിടെ.വേ ണ്ട, കിട്ടോ. കരണക്കുററി നീരുവരുന്നതറിയില്ല. കേശവൻനായരാണിതു പറയുന്നതു്. ഓർമ്മയിരി ക്കട്ടെ."

"പ്ളെയിററൊന്നു മാറിയാൽ കൊള്ളാമെന്നു പറഞ്ഞതിനാണോ കരണക്കുററി നീരുവരുത്തുന്നതു്? എന്നാലതൊന്നു കാണട്ടെ."—ഉയരം കുറഞ്ഞു്, മീ ശവെച്ച തടിച്ചുകൊഴുത്ത ആ ചെറുപ്പക്കാരൻ എഴു ന്നേററുനിന്നു.

കേശവൻനായരുടെ ശൌര്യം തനിയേ തലതാ ഴ്ത്തി. ഒരു വല്ലാത്ത ചിരിയോടെ അദ്ദേഹം കസാ ലയിലിരുന്നു: "ഓ, ഗോപിയോ, കണ്ടില്ല. ഞാൻ കരുതി, വല്ല കമ്മ്യൂണിസ്റ്റ്പിള്ളരുമാണെന്ന്. ഗോപി എന്നു വന്നു?"

"എന്താ, കേശവൻനായരെ കമ്മ്യൂണിസ്റ്റ്പിള്ള രാണെങ്കിൽ തന്നെ ഈ ചീതാറാം ഒന്നു മാററണ മെന്നു പറഞ്ഞാൽ കുഴത്തടിച്ചു നീരു വരുത്തണോ? നിങ്ങളൊരു മാന്യനല്ലേ? നേതാവ്, പഞ്ചായത്തു പ്രസിഡൻ്റ്......."

കേശവൻനായർ വീണ്ടും ഒന്നു ചിരിച്ചു. അ ദ്ദേഹം മേലോട്ടു നോക്കി മുകുളിതപാണിയായി നെടു വീർപ്പിട്ടു. "നമ്മുടെ രാഷ്ട്രപിതാവിൻെറ സ്തോത്രം! അ വിടുന്നു നമുക്കു വേണ്ടി ജീവൻ ബലി കഴിച്ചു. ന

മ്മള് അവിടുത്തെ—ആ ഭഗവാൻെറ—സ്തോത്രം കൂടി ഭക്തിയോടെ കേൾക്കാൻ ക്ഷമ കാണിക്കുന്നില്ലാന്നു വച്ചാൽ......!" കേശവൻനായരുടെ ശബ്ദം താഴ്ന്നു. അൽപ്പസമയം കണ്ണടച്ചിരുന്നതിനു ശേഷം അദ്ദേഹം പെട്ടെന്നെണീററു് കീഴക്കോട്ടു തിരിഞ്ഞു കൈ കൂപ്പുകയായി. വരാന്തയിൽ മഹാത്മാഗാന്ധിയുടെ വലിയ ചിത്രം ചില്ലിട്ടു വച്ചിരുന്നു.

ഗൃഹനാഥനോടു പോലും ഒന്നും പറയാതെ കേശവൻനായർ ഉടൻ പടി കടന്നു പോയി.

"പോയി വിളിക്കൂ"—അനങ്ങാതെ എൻെറ അടുത്തിരിക്കുന്ന വിജയനോടു ഞാൻ പതുക്കെപ്പറഞ്ഞു. ഗാന്ധിഭക്തനായ ആ മാന്യൻ ഇറങ്ങിപ്പോയതിൽ എനിക്കു കുണ്ഠിതമുണ്ടായിരുന്നു.

"ഇവനല്ലേ കാരണക്കാരൻ? ഇവൻ ചെന്നു കാലുപിടിക്കട്ടെ"—വിജയൻ എഴുന്നേററു ചെന്ന് ഗോപിയുടെ പുറത്തു തട്ടി. "ഇവൻ കുറച്ചു ഭോപ്പനാണ്, മാഷെ. ബോമ്പയിലാണുദ്യോഗം. അവുധിക്ക് വന്നിട്ട് ഒരാഴ്ചയായി. കുണ്ടന്തുര് ഗാന്ധിയെ പിന്നക്കിപ്പറഞ്ഞയച്ചു... ഇവനൊരു തേളുവാലൻ മീശക്കാരൻ!..." വിജയൻ ഗോപിയുടെ മീശയൊന്ന് തലോടി.

വിജയന് എന്തിലും വിനോദമേയുള്ളു. കേശവൻനായരെസ്സംബന്ധിച്ച വിനോദം എനിക്കിഷ്ടമായില്ല. ഞാനൊന്നും മിണ്ടാതെയിരുന്നു. വിജയനും ഗോപിയും എന്തൊക്കെയോ സംസാരിച്ചും ചിരിച്ചും പടിക്കലേയ്ക്കു പോയി.

പിറേറന്ന് കല്യാണം കഴിഞ്ഞു് സ്വദേശത്തു തിരിച്ചെത്തിയിട്ടും കേശവൻനായരുടെ രൂപം എന്റെ മനസ്സിൽനിന്നു മാഞ്ഞില്ല. ഒത്തവണ്ണവും പൊക്കവും. മിനുത്ത കഷണ്ടി. ആ വെളുത്തദേഹത്തിനു് ശുഭ്ര ഖദർ വസ്ത്രങ്ങൾ എന്തു ചേർച്ചയാണു്. കേശവൻനായരുമായി പരിചയപ്പെടാൻ സാധിച്ചില്ല. പാട്ടു നിന്നാൽ ചെന്നു വത്തമാനം പറയണം എന്നു വിചാരിച്ചതായിരുന്നു. എന്തൊരു ഗാന്ധിഭക്തി! അല്പം ശുണ്ഠിയുണ്ടോ എന്നു സംശയം. ഗാന്ധിഭക്തർക്കു് അതു പാടില്ല. വിജയൻ ചെന്നു വിളിക്കേണ്ടതായിരുന്നു. വിളിച്ചാൽ ഒരുപക്ഷേ വന്നേനെ. പരിചയപ്പെടാമായിരുന്നു. പരിചയപ്പെടാഞ്ഞതു് ഒരു നഷ്ടമായി. പഞ്ചായത്തു പ്രസിഡണ്ടല്ലേ? തൃശ്ശൂക്ക് പലപ്പോഴും വരും. കാണും.

... ... ... ... ...

മൂന്നുമാസം കഴിഞ്ഞുകാണും. അന്നൊരിക്കൽ ഞാനെന്റെ ജോലിസ്ഥലത്തുവന്നു് എന്തോ ചിന്തിച്ചു് തൂണും ചാരി നില്ക്കുകയായിരുന്നു. "എന്താ മാഷെ, കഥാകാമുകിയെ സ്വപ്നം കാണുകയാണോ?"— പിന്നിൽനിന്നു് ഒരു ചോദ്യവും പൊട്ടിച്ചിരിയും. ഞാൻ തിരിഞ്ഞുനോക്കി. വിജയൻ, അതേ, ചാർളി വിജയൻ.

"കൺഗ്രാജുലേഷൻ മിസ്റ്റർ വിജയൻ! തന്നെ ഹെഡ്ഡിപ്പാർട്ടുമെണ്ടിൽ വലിയ ഉദ്യോഗസ്ഥനായി നിയമിച്ച ന്യൂസ് പത്രത്തിൽ കണ്ടു. കത്തെഴുതാൻ കഴിഞ്ഞില്ല.....കുറെ......"

"അതൊക്കെ പിന്നെപ്പറയാം. എനിക്കുമുണ്ടൊരു രാമായണം. ഒക്കെ വഴിയേ. ഇപ്പൊ, വരു, വേഗം വരു"—ചാർളി എന്നെ കൈപിടിച്ച് വരാന്തയിലേക്കു കൊണ്ടുപോയി.

ഇൻസ്പെക്ടർ മാരാരും അന്മറേഴ പോലീസുകാരും ചിലരെ അറസ്ററുചെയ്തുകൊണ്ടുപോവുകയാണ്. ജനങ്ങൾ കൂട്ടമായി പിറകേയും.

എന്റെ ശരീരമാകെ ഒരു വിറയൽ. വീണ്ടും വീണ്ടും ഞാൻ നോക്കി. കണ്ണെടുക്കാതെ നോക്കി.

"ആളെ മനസ്സിലായോ?"— വിജയൻ ചിരിതുടങ്ങി.

"ആ..."

"അതേ, ആ തന്നെ. ആ ചീതാറാം"— വിജയന്റെ ചിരി ഉറക്കെയായി.

എനിക്കീ ചിരി തീരെ പിടിച്ചില്ല. വിജയന്ന് അദ്ദേഹത്തോട് രസക്കേടുണ്ടായിരിക്കുമെന്ന് ആദ്യമേ ഞാനൂഹിച്ചിരുന്നതാണ്.

"എന്താ സങ്കടം തോന്നുന്നുണ്ടോ? മുഖം വാടിയല്ലോ?"

"കേശവൻനായരല്ലേ അത്, വിജയാ? നിങ്ങടെ പഞ്ചായത്തു പ്രസിഡണ്ട്? അന്ന്."

"അതേ, അന്നത്തെ ആ മാന്യൻ തന്നെ."

"എന്തുപററി?"

"പാവങ്ങളായ നാട്ടുകാരുടെ ശാപം പററി."

"എന്തിന്ന്?"

"അവരുടെ വയററിൽ തീ കൂട്ടിയതിന്ന്. അവരെ മണ്ണും പൊടിയും തീററിയതിന്ന്"— വിജയൻ

ക്രുദ്ധനായി ഉരത്തു. "ജവഹർലാൽ പറഞ്ഞവിധം തൂക്കിലിടണം ഇവരെ..."

"കരിഞ്ചന്ത..."— എനിക്കു മുഴപ്പിക്കാൻ കഴിഞ്ഞില്ല. വിജയൻ ആവേശത്തോടെ പറയുകയായി:

"അടുത്തദിവസം ഒരു റൈസ് മിൽ കേസ് പിടിച്ചില്ലേ. അവർ ഒളിച്ചുവെച്ചിരുന്ന ഒരക്കൌണ്ടു ബൂക്കാണ് ഈ മൂപ്പരെ കുഴപ്പത്തിലാക്കിയതു്. ചിലവുകഴിച്ചു് ആയിരത്തിലധികം പറ നെല്ലു് മെച്ചമുള്ള ഈ മനുഷ്യൻ ഒരു മണിപോലും സക്കാരിലളന്നിരുന്നില്ല. അഞ്ചും ആറും ഉറുപ്പിക്കു് ബ്ലാക്കുമാർക്കററടിക്കയായിരുന്നു. റൈസ്മില്ലുകാർ ഓരോ വിളവിന്നും അഞ്ഞൂറുപറ നെല്ലുവീതം ഇയാളിൽനിന്നും രഹസ്യമായി വാങ്ങിയിരുന്നു. ഇയാളുടെ അളിയന്നാണല്ലോ ഞങ്ങളുടെ നാട്ടിൽ റേഷൻഷാപ്പ്. റേഷൻഷാപ്പും ഇന്നലെ രാത്രി പോലീസ് പൂട്ടി സീൽ വച്ചിട്ടുണ്ട്. അളിയൻെറ പേര് മാത്രമേ ഷാപ്പിലുള്ളു. ഈ മൂപ്പരുടെയാണ് ഷാപ്പ്. നാട്ടിൽ ഏതു കുട്ടിക്കുമറിയാം ഇതു്. പത്തുചാക്കു് പുഴക്കലരി ഷാപ്പിൽനിന്നു പിടിച്ചു. പറമ്പിൽ വയ്ക്കോൽത്തുറുവിൻെറ അടിയിലായിരുന്നു അരി. ഒരു ചാക്കരി ഷാപ്പിൽനിന്നും കിട്ടി. കേൾക്കണോ അക്രമം! അളവു കൂടുതലുണ്ടാവാനായി ഷാപ്പിലുള്ള അരി അത്രയും വെള്ളമൊഴിച്ചു കുതത്തിയിരുന്നു! ഒരു ചാക്കു പൂഴിമണ്ണും തട്ടിൻമുകളിൽനിന്നു കണ്ടെടുത്തു."

സംസാരത്തിന്നിടയിൽ ഒരാൾവന്നു് വിജയനെ സലാംചെയ്തു് വണക്കത്തോടെ ഉണത്തിച്ചു: "ജാമ്യമനുവദിക്കാനിടയില്ലെന്നാണറിഞ്ഞതു്."

"ശരി, താൻ ആപ്പീസ്സിലേയ്ക്കു പൊയ്ക്കോളൂ."

വിജയൻ അയാളെ പറഞ്ഞയച്ച് കൂടുതൽ ഉന്മേഷത്തോടെ സംസാരം തുടന്നു.

"ജാമ്യത്തിൽ വിട്ടുവിയ്ക്കാൻ വൻതോക്കുകളിറങ്ങിയിട്ടുണ്ട്. എന്നിട്ട് വലിയ വക്കീൽമാരെ വരുത്തി കേസ്സു വാദിച്ചു ജയിക്കാമെന്നാണവരുടെ മോഹം. ഞാൻ പ്യൂണിനെ വിട്ടതു് ജാമ്യക്കായ്യമറിയാനായിരുന്നു."

"ജാമ്യമനുവദിക്കില്ലേ?"

"പോലീസിനെ ആരെങ്കിലും മെക്കിട്ടുകേറാൻ ചെല്ലുമോ!"—വിജയൻ മൂക്കത്തു വിരൽവെച്ചു.

"എന്ത്!"

"അതെ, റേഷൻഷാപ്പിൽ ചെന്ന ഇൻസ്പെക്ടരെ ഇയാറം തടഞ്ഞു. ശോധനവാറണ്ടു കിട്ടാതെ പടിയ്ക്കകത്തു കടക്കാൻ പാടില്ലത്രെ. നിയമജ്ഞൻ! തൊപ്പിയിൽ ചാണകം കോരുമെന്നു പറഞ്ഞു് മാരാരെ എതിത്തു. അതുകാരണമെന്തുണ്ടായി? തണുപ്പു മാറി. കൈവിലങ്ങും കിട്ടി..."

"പോലീസ്സിനെ എതിക്കാൻ ധൈയ്യംവന്നല്ലോ ഈ മനുഷ്യന്നു്!"—അത്ഭുതംകൊണ്ടു ഞാനമ്പരന്നു.

"മാഷെന്തറിഞ്ഞു. അന്നു്, നമ്മുടെ കല്യാണത്തിന്നോയ്, ആ ഭീമസേനൻ ഗോപിയല്ലായിരുന്നെങ്കില് ഇയാറം കൈവെച്ചേനെ. കുടിച്ചു പോക്കിരിയായി നടന്നിരുന്ന മനുഷ്യനല്ലെ. ബ്ലാക്ക്മാക്കററിൽ ഒരു പാടു സമ്പാദിച്ചു. രണ്ടുനില കേമനൊരു മാളിക ഈയിടെ തീത്തിട്ടുണ്ട്. "ഗാന്ധിമന്ദിരം." കാ

ശ്ശും ഖദറും സ്ഥാനമാനങ്ങളുമായപ്പോൾ, കള്ളഷാപ്പിൽപോയി കുടിയ്ക്കുക എന്ന സമ്പ്രദായമൊന്നു പരിഷ്കരിച്ചു. വീട്ടിൽ വെച്ചാക്കി. അന്ന് നമ്മുടെ വീട്ടിൽ വന്നപ്പോഴും ഫുൾ പൂക്കുററിയായിരുന്നു..."

ഞാൻ എന്തോ പറയാൻ മുതിർന്നു. തൽക്ഷണം ചാർളി കയ്യാംഗ്യംകാട്ടി തടയുകയും ചെവിയോർത്ത് അല്പനേരം നിശ്ചലനായിരിക്കുകയും ചെയ്തു. പെട്ടെന്ന് ചാടിയെണീററു കിഴക്കോട്ടു തിരിഞ്ഞു് കൈകൂപ്പി ശിരസ്സു കുനിച്ചങ്ങിനെ അയാൾ നിന്നു.

അടുത്ത "കൈലാസ് ബ്രാഹ്മണാൾ കേഫി"ൽ നിന്ന് റേഡിയോഗാനം ഉയരുകയാണ്:

രഘുപതി രാഘവ രാജാറാം...

പതിത പാവന ചീതാറാം ..

★

# സപ്ണ്ണച്ചെയിൻ

'അതാ പളനിമല'—സ്നേഹിതൻ ചൂണ്ടിക്കാട്ടി. അപ്പോഴേയ്ക്കും ഭക്തജനങ്ങളുടെ കീർത്തനങ്ങൾ കമ്പാർട്ടുമെൻറിൽ അലയടിച്ചു. മലയാളികളും തമിഴരും കർണ്ണാടകക്കാരും എല്ലാമുണ്ട്. 'മുരുകാ! ശ്രീവേലായുധാ! ഷൺമുഖാ!'... തൊഴുകൈയ്യോടെ ഓരോ ശിരസ്സും കുനിഞ്ഞു.

എന്തൊരു തിക്കും തിരക്കുമായിരുന്നെന്നോ വണ്ടിയിൽ. നിർബ്ബാധമായൊന്നു നിൽക്കാൻ പോലും സാധിക്കുന്നില്ല. തലവേദനയുണ്ടാക്കുന്ന കടുത്ത ചൂട്! ചുററും ശുചിത്വം എന്തെന്നറിയാത്ത ഒരു കൂട്ടം പെണ്ണുങ്ങളും ആണുങ്ങളും! പെണ്ണുങ്ങളെക്കൊണ്ടാണ് വലിയ ശല്യം. ലജ്ജയെന്നതു അവററയ്ക്കില്ലെന്നു തോന്നുന്നു. നിതംബവും മാറും മററുള്ളവരുടെ ദേഹത്തിൽ കൂട്ടിയുരസുന്നു. കൂസലില്ല! നമുക്കാണെങ്കിൽ ഈ കൂട്ടിയുരസലിൽ അറപ്പും വെറുപ്പുമാണുണ്ടാകുന്നതു്. പല ദിവസത്തെ വിയർപ്പും അഴുക്കും മുറുക്കാൻ തുപ്പലും മററും ഒന്നിച്ചതിൽ നിന്നു പുറപ്പെടുന്ന ദുർഗ്ഗന്ധം. 'കലപിലാ' എന്ന സംസാരത്തോടു കൂടി മിക്കവരും കടലയോ കപ്പലണ്ടിയോ മടിയിൽ നിന്നു വാരിത്തിന്നുകൊണ്ടിരിക്കുകയാണ്. നമ്മൾ,

മലയാളികൾ, എത്രപേർ കമ്പാർട്ടമെൻറിലുണ്ടെങ്കിലും ഇവരൊരു കൂട്ടമിങ്ങു കയറിയാൽ നമുക്കു പിന്നെ സൈ്വരമെന്നതില്ല.

നിലത്തൊന്നിറങ്ങിക്കിട്ടിയാൽ മതിയായിരുന്നു. കയ്യും കാലും നിവർത്തി നിന്നു ശുദ്ധവായു ശ്വസിക്കാൻ കൊതിച്ചു തുടങ്ങിയിട്ടു മണിക്കൂറുകൾ എത്ര കഴിഞ്ഞു വെന്നോ?

. .

പളനി സ്റ്റേഷനിൽ വണ്ടി നിന്നതോടെ ഒരു കൂട്ട നിലവിളി! എൻെറ സ്നേഹിതൻെറ മൂന്നു നാലു വയസ്സു മാത്രം പ്രായമുള്ള കുട്ടി അന്നവിടെ വച്ച് അകാലമൃത്യു അടയാഞ്ഞത്തു അത്ഭുതമെന്നേ പറയാൻ കാണുന്നുള്ളു. താഴോട്ടിറങ്ങുന്ന ഞങ്ങളുടെ ഇടയിൽക്കൂടി തല കടത്തി വണ്ടിയിലേക്കു നുഴഞ്ഞുകയറുന്ന സത്വങ്ങൾക്കു ഇടംവലം നോട്ടമോ ചിന്തയോ ഇല്ല.

തിക്കും തിരക്കും സൃഷ്ടിക്കുന്നതിനും നിയന്ത്രണാതീതമാക്കുന്നതിനും മനപ്പൂർവ്വം ശ്രമം നടക്കുന്നുണ്ടെന്നറിയാൻ കഴിഞ്ഞു. കളവിനും പോക്കററടിക്കും കളമൊരുക്കുകയാണു്. 'കനത്ത കൈകൾ' ഈ ഉദ്യമത്തിൻെറ പിന്നിലുണ്ടത്രെ. നിയമഭഞ്ജകരുടെ നേരെയുള്ള ചില നിയമപാലകരുടെ 'നിർവികാരത' കണ്ടപ്പോൾ ഇപ്പറയുന്നതിലർത്ഥമുണ്ടെന്നു തോന്നി. (തിരക്കിൽ ഞങ്ങളുടെ കൂട്ടത്തിലൊരാളുടെ മണിപ്പേഴ്സ് ചെല്ലേണ്ട സ്ഥാനത്തു ചെന്നു.)

പൂനിലാവു വെള്ളപ്പട്ടു വിരിച്ച പാതയിൽ കൂടി ഇരുവശത്തും തലയുയർത്തി നിൽക്കുന്ന വെൺമാടങ്ങൾ നോക്കി രസിച്ചുകൊണ്ടു ഞങ്ങൾ അടിവാരത്തേയ്ക്കു നടന്നു. മണി ഒൻപതു കഴിഞ്ഞിരിക്കും. അന്നു മല

യിൽ എന്തോ പ്രത്യേക വിശേഷമുണ്ട്. വിവിധവ ൎണ്ണാഞ്ചിതങ്ങളായ വിദ്യുച്ഛക്തിവിളക്കുകളുടെ നീളമുള്ള മാലകൾ മലമുകളിലങ്ങനെ ആടിക്കളിക്കുന്നതു് അക ലെ നിന്നു കാണ്മാൻ നല്ല ചന്തമുണ്ടു്.

ശ്രീമുരുകമയമാണു് ആ പ്രദേശം. ശ്രേയസ്സി ന്റെ മലയാണു് പളനിമല. നാട്ടും കാട്ടും നന്നായ തു ഷൺമുഖനാമത്തിലാണു്. ഈ വാസ്തവങ്ങൾ നി ഷ്പക്ഷപാതികൾക്കു നിഷേധിക്കാനാവില്ല. എന്നാൽ അനിവാര്യമായ ഒരാപത്തു് മേലനങ്ങാതെ നിത്യ വൃത്തി കഴിക്കുവാനവസരം ലഭിക്കയാൽ ആയിരക്കണ ക്കിലാളുകൾ അവിടെ അടിഞ്ഞുകൂടി പെരുകുകയാ ണു്. അശരണർക്കു ദൈവത്തിന്റെ പേരിൽ ആശ്വാ സകേന്ദ്രമായ പളനി ആ വേഷം ചമഞ്ഞ ഒട്ടസം ഖ്യം പ്രവൎത്തിവിമുഖരാലും മടിയന്മാരാലും നിറയപ്പെ ട്ടുകൊണ്ടിരിക്കുന്നു. ഇത്രയധികം ഭിക്ഷാംദേഹികൾ നിത്യവിഹാരം ചെയ്യുന്ന സ്ഥലം വേറെയുണ്ടോ?

മലമുകളിലെ നയനാനന്ദകരമായ കാഴ്ചയും ച ന്ദ്രികാസുന്ദരങ്ങളായ മണിമേടകളും കണ്ടു് മന്ദമാരു തനേററു നടക്കാൻ രസമായിരുന്നു. എന്നാലൊരു ശല്യം. ആ ശല്യം വിടാതെ പിന്തുടരുകയാണു്. ഭ ക്ഷണം താമസം തുടങ്ങി സ്വാമിദർശനം, പൂജ, വ ഴിപാട്—പോരാ—മോക്ഷം തന്നെ സൗകൎയ്യപ്പെട്ട ത്തിത്തരാമെന്നു് 'പേശി' ക്കൊണ്ടു നിഴലെന്നപോലെ അനുധാവനം ചെയ്യുന്ന ചില ഏജണ്ടന്മാർ!

ഒരു നല്ല ലോഡ്ജിൽ ഞങ്ങൾ അന്നു രാത്രി താമ സിച്ചു. അവിടത്തെ വേലക്കാരുടെ മൎയ്യാദയുള്ള പെ രുമാററം ആരേയും ആകർഷിക്കും.

പിറേറന്നു പുലർകാലെ കളിച്ചു മലകയറാൻ പുറപ്പെട്ടു.

എനിക്കോർമ്മ വെച്ച കാലം മുതൽ പളനിമല യെക്കുറിച്ചു പല കഥകൾ കേൾക്കുകയുണ്ടായിട്ടുണ്ട്. ആന, സിംഹം, പുലി, കരടി, കാണ്ടാമൃഗം തുടങ്ങിയ കാട്ടുജന്തുക്കൾ നിറഞ്ഞ അതിഗഹനങ്ങളായ വനപ്രദേശങ്ങളിലെ വളഞ്ഞു പിരിഞ്ഞ ഒററയടിപ്പാതയിൽ കൂടെ കെട്ടും ഭാണ്ഡങ്ങളുമേന്തി ഉറക്കെ ശരണം വിളിച്ചു് മല കയറുന്ന താടിയും തലയും വളർത്തിയ ഭക്തന്മാരെ ഞാൻ സ്വപ്നം കണ്ടിട്ടുണ്ട്. മനസാ വാചാ കർമ്മണാ യാതൊരു പാപവും ചെയ്യാതെ പരിപൂർണ്ണമായ ശുദ്ധിയോടു കൂടി നോമ്പുനോററു വേണം പളനിക്കു പുറപ്പെടാൻ. മഹാചിട്ടക്കാരനായ പളനി വേലായുധസ്വാമി അകൃത്യങ്ങൾ അണുവും പൊറുക്കുകയില്ല. എന്തെങ്കിലും പിഴവു പററിയിട്ടുണ്ടെങ്കിൽ മലയ്ക്കു പോകുന്ന ആൾ മടങ്ങി വരിക എന്നതുണ്ടാകില്ല. ഞങ്ങളുടെ കുടുംബത്തിൽ തന്നെ നടന്ന ഒരു സംഭവത്തിൻെറ സ്മരണ ഈ വക ഭയശങ്കകളെ വളം വച്ചു വളർത്തി. മുത്തശ്ശിയുടെ അനുജത്തിയും മക്കളും ക്രിസ്തുമതത്തിലാണിന്നു്. മുത്തശ്ശിയുടെ ഒരു സഹോദരൻ പളനിക്കു പോയിട്ടു് തിരിച്ചു വന്നില്ല. മലയിൽ വച്ചു് അദ്ദേഹത്തെ പുലി പിടിച്ചു. ഈ സംഭവത്തിലുള്ള കഠിനമായ പ്രതിഷേധമായി പ്രശസ്തമായ ആ വലിയ കുടുംബത്തിലെ ഒരു വിഭാഗം പളനി വേലായുധസ്വാമിക്കു പ്രാബല്യമുള്ള ഹിന്ദുമതം വലിച്ചെറിഞ്ഞു. മുത്തശ്ശി അനുജത്തിയേയും മക്കളേയും കാണുമ്പോൾ കണ്ണീർ പൊഴിച്ചിരുന്നു—ബാല്യകാല

ത്തു മനസ്സിൽ പതിഞ്ഞിട്ടുണ്ടായിരുന്ന പലതും തെളിഞ്ഞുയരുവാൻ തുടങ്ങി. കരിങ്കല്ലുകൊണ്ടു ഭീമാകൃതിയിൽ കൊത്തിവച്ചിരിയ്ക്കുന്ന സുബ്രഹ്മണ്യവാഹനമായ മഹാമയൂരത്തിനടുത്തു ഞങ്ങളെത്തി. ആരും ഒന്നും സംസാരിച്ചിരുന്നില്ല,

'ചരണം വിളിയപ്പാ' — മയിൽ വാഹനത്തിന്നടുത്തുനിന്നിരുന്ന ചിലർ ഞങ്ങളെ നോക്കി ശാസിച്ചു.

ഞങ്ങളതു കേൾക്കാത്ത മാതിരി മുമ്പോട്ടു നടന്നു.

പണം, പ്രയത്നം, പ്രതിഭ, പ്രതാപം എന്നിവയുടെ മാഹാത്മ്യം മലക്കയററത്തിൽ ഇങ്ങനിന്നങ്ങോളം വ്യക്തമായി കാണാം. വനാന്തരങ്ങളിൽക്കൂടെയുണ്ടായിരുന്ന ഒററയടിപ്പാത ഒരു വിസ്തൃതരാജവീഥിപോലെയാക്കാൻ പടിപടിയായി കരിങ്കൽ വിരിച്ചുപോകാൻ കുറച്ചൊന്നുമല്ല പണച്ചെലവു്. ർമ്മകുശലതയോടു കൂടിയ ആ ശിൽപ്പമഹിമയെ—പ്രയത്നശക്തിയെ—നമസ്ക്കരിക്കതന്നെ വേണം. മുകളിലേയ്ക്കുള്ള നീണ്ട വഴി എവിടെയും ആപല്ശങ്കയില്ലാത്തതാണെന്ന പ്രതീതി ആരോഹകരിലുളവാക്കുന്നു. കയറിവന്ന ഭാഗം താഴോട്ടുനോക്കിയാൽ കാണാൻ കഴികയില്ല. നല്ലബുദ്ധിശക്തി പ്രയോഗിച്ച പ്ലാനാണിതു്. ഓരോ വിശ്രമഘട്ടങ്ങളും വിസ്തൃതമാണ്. അങ്ങിങ്ങുമുള്ള ശിലാലിഖിതങ്ങൾ ധനികരായ ഭക്തന്മാരുടെ പ്രതാപം എന്നുമെന്നും ഉയർത്തിക്കാണിക്കുന്ന. വൈജയന്തികളാണ്.

സർവ്വത്ര കാണാം വാനരന്മാരെയും യാചകരെയും. —മലമുകളിലെ ക്ഷേത്രഗോപുരത്തിൽ മുപ്പത്തുമുക്കോടി

ദേവന്മാരുടെ പ്രതിമകൾക്കു പുറമെ, മഹാത്മാഗാന്ധിയുടെ രൂപവുമുണ്ട്.

വിശേഷദിവസം കൂടിയാകയാലാവാം, അവർണ്ണനീയമായ ആൾത്തിരക്കുണ്ടായിരുന്നു കോവിലിൽ.

പരസഹസ്രം ജനങ്ങളെ വശീകരിച്ചുകൊണ്ടിരിക്കുന്ന പരമേശ്വരപുത്രൻെറ തിരുബിംബം നേരിട്ടൊന്നു കണ്ടേ കഴിയൂ എനിക്ക്.

ഭക്തനായിട്ടും ശക്തനായിട്ടും ഒടുവിൽ മുഷ്കനായിട്ടും ഞാനതിനു ശ്രമിച്ചു

'പോകട്ടെ ഞാൻ വിടു, വിടില്ല, കടന്നുകൂടാ
ച്ഛീ! വക്രബുദ്ധി തുടരുന്നതു രാമനോടോ?...

ഇങ്ങനെ ഭൃഗുരാമനും ആനമുഖനും തമ്മിൽ പണ്ടുണ്ടായ സമരം പോലെ ഞാനും ചില പിൻകുടുമക്കാരുമായി ഏററുമുട്ടി. അവസാനം 'അഭിജ്ഞനാം ഷൺമുഖ'ൻെറ രൂപം മനസ്സിൽ നല്ലപോലെ കണ്ടുകൊണ്ട് ഒരു വിധം എന്നു വച്ചാൽ നടക്കാതെ തന്നെ ഞാൻ കുറെ പുരോഗമിച്ച് വടക്കുവശത്തേയ്ക്കു ഊന്നു ചാടി.

പരിഭ്രമത്തോടെ പരിസരമാകെയൊന്നു കണ്ണോടിച്ചു. സ്ത്രീകളടക്കമുള്ള കൂട്ടകാരെയൊന്നും കാണാനില്ല. കുറച്ചകലെ ഒരു തിരക്കുകേട്ട് അങ്ങോട്ട് ഓടിച്ചെന്നു. കൗപീനം മാത്രം ഉടുത്ത് ആപാദചൂഡം ഭസ്മമണിഞ്ഞു് ജഡാധാരിയായ ഒരു സ്വാമിയാരുടെ ചുററും ആൾക്കാർ കൂടിയിരിക്കുന്നു. സ്നേഹിതൻ ഗോപി സ്വാമിയാരുടെകൈ ബലമായി പിടിച്ചിട്ടുണ്ട്. 'എന്താ ഗോപീ?—' ഞാൻ ജനക്കൂട്ടത്തിന്നിടയിൽ കൂടെ ഉഴലിയിട്ട് ഗോപിയുടെ അടുത്തു ചെന്നു

നിന്നു; 'ഈ കള്ളൻ അമ്മായിയുടെ ചെയിൻ പൊട്ടിച്ചു.'

"ആര്?"

"ഇവൻ ഈ തിരുമാലി"

"സ്വാമിയോ?"

"അതേ, ഈ കപടസന്ന്യാസി. ഇവനെ ഇപ്പോൾ പോലീസിലേൽപ്പിക്കണം."

"അമ്പട കള്ളാ! നിന്റെ ജഡയും ഭസ്മവും—! ഇപ്പോ കാണിച്ചു തരാം.!"

"മാഷെ,ക്ഷമിക്കണം! എന്നെ രക്ഷിക്കണം...!" —സന്ന്യാസി പെട്ടെന്നു എന്നെ കുനിഞ്ഞു തൊഴുതു കൊണ്ടു പറഞ്ഞു.

എന്ത്! ഇതെന്തു മറിമായം! ഇതേവരെ തമിഴ് മാത്രം പറഞ്ഞിരുന്ന സന്ന്യാസി ശുദ്ധമലയാളം സംസാരിക്കുന്നു. വലിയ പരിചയംകാണിക്കുന്നു. ഇയാളാര്?...

"നിങ്ങൾ?...മനസിലിയില്ല—"ഞാൻ ചോദിച്ചു.

"കേശവൻ"

"ഏതു കേശവൻ"

"നമ്മുടെ വടക്കെ വീട്ടിലെ"

രണ്ടു മിനിട്ടു ഞാൻ സ്തംഭിച്ചു നിന്നുപോയി. "അല്ലാ! കേശവൻനായരോ!—"

ഏഴെട്ടു കൊല്ലങ്ങളായി കേശവൻനായർ ഞങ്ങളുടെ നാട്ടിൽ നിന്നും അപ്രത്യക്ഷനായിട്ട്. ഒരു ജോലിക്കും കേശവൻനായർ പോയിരുന്നില്ല. ചില നടന്മാരെപ്പോലെ പിൻകഴുത്തുവരെ മുടി നീട്ടി മീശ—കൃതാവുകളൊക്കെ ഭംഗിയായി വച്ച് കള്ളിമുണ്ടും ബനിയ

നമായി അങ്ങനെ ഭംഗിയായി നടക്കുകയായിരുന്നു പതിവ്. അമ്മുഅമ്മ പാവം വസ്ത്രമലക്കി ബുദ്ധിമുട്ടി മകനെ പോററും. ഏകമകനാകയാല്‍ തള്ളയ്ക്കു കേശവനെന്നു വച്ചാല്‍ പ്രാണനായിരുന്നു. 'എന്താ മകന്‍ വല്ല പണിയ്ക്കും പോകില്ലേ? ഈ വയസ്സു കാലത്തും അമ്മുഅമ്മ മകനെപുലര്‍ത്തണോ??...' ചിലര്‍ വൃദ്ധയോടു ചോദിക്കും. വൃദ്ധ അവരോടു ശുണ്ഠിയെടുക്കും 'ഞങ്ങടെ കാര്യം നിങ്ങളന്വേഷിക്കണ്ടാ'

അയല്‍പക്കത്തെ സ്കൂളില്‍ പോയിരുന്ന ചെറിയ കുട്ടിയുടെ കഴുത്തിലെ കുരിശോടു കൂടിയ സ്വര്‍ണ്ണച്ചെയിന്‍ പോയതു സംബന്ധിച്ചുള്ള ചോദ്യവും അന്വേഷണവും പോലീസ് വരവും മററുമായപ്പോള്‍, ഒരു ദിവസം കേശവന്‍നായരെ കാണാതായി.

അമ്മുഅമ്മ ആ ക്രിസ്ത്യന്‍കുട്ടിയേയും അവന്‍െറ കുടുംബത്തെയും—എന്തിനു—ശ്രീയേശുക്രിസ്തുവിനെക്കൂടി ആക്ഷേപിച്ച് ദിവസങ്ങള്‍ കഴിച്ചു. എന്‍െറ മകന്‍ അറിയാത്ത കാര്യത്തിനു, അവന്‍െറ മേല്‍ വല്ലന്തി പറഞ്ഞു പരത്തി കുട്ടിയെ നാട്ടീന്നോടിച്ചു....

"മാഷെ—എന്നെ" കേശവന്‍നായര്‍ വീണ്ടും എന്‍െറ അടുത്തേയ്ക്കു നീങ്ങിനിന്നു. കൈ അരക്കെട്ടിനടുത്തേയ്ക്കു നീങ്ങി. അയാള്‍ ചെയിന്‍ എന്‍െറ കൈയ്യില്‍ ആരും കാണാതെ വച്ചു തന്നു. ഞാനതു ഗോപിക്കു രഹസ്യമായി തന്നെ കൊടുത്തു. തിരിഞ്ഞു നോക്കിയപ്പോള്‍ സന്ന്യാസി മാഞ്ഞുപോയിരിക്കുന്നു.

പിറേറന്നു കാലത്തു ഞങ്ങള്‍ മടങ്ങി.

രണ്ടാഴ്ച കഴിഞ്ഞു കാണും. നാട്ടിൽ 'സ്വരാജ് റൗണ്ടിൽ' വച്ചു ഞാൻ ഗോപിയെ കണ്ടുമുട്ടി. അയാൾ വളരെ സന്തോഷത്തോടെ എന്റെ അടുത്തു വന്നു തോളിൽ കൈവച്ചുകൊണ്ട് പറഞ്ഞു. ആ സന്ന്യാസിക്കൊരു സമ്മാനമയച്ചുകൊടുക്കണം. കോപ്പറേറ്റീവ് ബാങ്കിലെ എന്റെ കടം തീർന്നു.

"ഏതു സന്ന്യാസിക്ക്?" എനിക്കൊന്നും മനസ്സിലായില്ല. "എന്താ ഗോപി പറേന്നത്?"

"നമ്മുടെ കോണകസ്സാമിയാരെ മറന്നോ? അമ്മായി പിന്നെ ആ ചെയിൻ കഴുത്തിലിടാൻ കൂട്ടാക്കിയില്ല. പളനിയിൽ വച്ചിട്ടെന്നല്ല ഇവിടെ വന്നിട്ടും അവക്കതു തൊടാൻ തന്നെ അറയ്ക്കുന്നു എന്ന്. കാരണം പറേന്നില്ല. അങ്ങിനെ അത് എന്റെ പെട്ടിയിലിരിക്കയായിരുന്നു. അപ്പോഴാണു ബാങ്കുകാരുടെ രജിസ്ത്രനോട്ടീസ് വന്നത്. വീഴ്ചയായ സംഖ്യ മുഴുവൻ ഒന്നിച്ചടയ്ക്കാൻ. ചെയിൻ വിററു കടംവീട്ടാൻ അമ്മായി പറഞ്ഞു.

ഞാൻ പൊട്ടിച്ചിരിച്ചു. 'ഗോപീ, അമ്മായി പറഞ്ഞതു ശരിയാണ്. ഞാൻ തന്നെ അന്നു ലോഡ്ജിലെത്തി സോപ്പിട്ടു നല്ലപോലെ കൈ നാലഞ്ചുപ്രാവശ്യം കഴുകിയിട്ടാണു ഭക്ഷണം കഴിച്ചത്.

ഗോപിയും ഉറക്കെച്ചിരിച്ചു.

## പുതിയ ബംഗ്ലാവ്

"വേലപ്പൻനായരെ, നോക്കിക്കോള്ള: നല്ലപോലെ നോക്കിക്കോള്ള. പഴയകാലത്തെ പണിയാണ് കട്ട്ളപ്പടിക്കു താഴെ എന്തെങ്കിലും കാണും—"അന്തോണി വിളിച്ചുപറഞ്ഞു.

'കട്ട്ളപ്പടിക്കു താഴെ മണ്ണാങ്കട്ട!' വേലപ്പൻനായർ ചിരിച്ചു.

"അങ്ങനെ വിചാരിക്കണ്ട. കട്ട്ള വീഴാറാകുമ്പൊ എന്നെ വിളിക്കണേ."

"തനിക്കെന്താ അന്തോണി! കാരണവന്മാരായിട്ടുള്ള നാലുകെട്ട്, പടിപ്പുര, സ്രാമ്പി, തൊഴുത്ത്, കയ്യാല, വിറകുപുര, വെണ്ണീർ പുര ഒക്കെ പൊളിച്ചു വിററു തിന്ന കൂട്ടരല്ലേ. കട്ട്ളയുടെ താഴെ നിക്ഷേപം വച്ചിരിക്കണെന്തു്!"

"ഇവരു വെച്ചതല്ല; കാരണോന്മാരു്"

"പൂവും, പൂജയും ഒക്കേ പതിവുള്ള അന്തോണി, അഥവാ വല്ലതും വെച്ചിട്ടുണ്ടെങ്കിത്തന്നെ അനന്തരവന്മാരത്ത് കയ്യടക്കീട്ടുണ്ടാവും കള്ളുഷാപ്പില് ചെന്നിരിക്കും അതൊക്കെ."

"പുലി കിടന്ന മടേല് ഒരു രോമമെങ്കിലും കാണാതിരിക്കോ?"

"കണ്ടാലെടുക്കാം കിട്ടുന്നതില് പാതി തനിക്ക്" വേലപ്പൻനായർ പിന്നെയും ചിരിച്ചു.

ആ പഴയവീട് കൂലിക്കാർ പൊളിച്ചു നീക്കുകയാണ്. ചുമരുകളും കട്ട്ളകളും മാത്രമേ ഇനി ബാക്കിയുള്ളൂ.

ഏതു കാലത്താണ് വീട് പണി തീർത്തത് എന്ന് ആർക്കും നിശ്ചയമില്ല. ഇന്നു ജീവിച്ചിരിക്കുന്നവരുടെ മുത്തച്ഛന്മാരും മുതുമുത്തച്ഛന്മാരും പ്രസ്തുത ഭവനം കണ്ടിട്ടുണ്ട്.

നാലഞ്ചേക്കർ വിസ്തീർണ്ണമുള്ളതാണ് പറമ്പ്. പറമ്പിൻെറ മിക്ക ഭാഗവും കാടും പടലും പാമ്പിൻ കാവുമായി കിടക്കുന്നു.

"തീരോമ്പിൽ തറവാട്ടുകാരെപ്പററി അറിയാത്തവർ ചുരുങ്ങും. ('തിരുമുമ്പിൽ') എന്നാണ് ശരിയായ തറവാട്ടു പേരെന്നും അതു ലോപിച്ച് 'തീരോമ്പിൽ' ആയതാണെന്നും പറയപ്പെടുന്നു.) നൂററാണ്ടു പഴക്കമുള്ള പല വീരകഥകളും ഈ വീട്ടുകാരെപ്പററിയുണ്ട്. പെരുമ്പടപ്പു സ്വരൂപത്തിൻെറ ഭരണാരംഭകാലത്ത് തിരുമുമ്പിൽ മേനോന്മാർക്ക് രാജ്യകാര്യങ്ങളിൽതന്നെ വലിയ കയ്യുണ്ടായിരുന്നുവത്രെ. ആ വക കഥകൾ എന്തായാലും, ഏററവും പ്രതാപത്തോടുകൂടി കഴിഞ്ഞിരുന്ന കുടുംബമാണിതെന്നുള്ളതിൽ സന്ദേഹമില്ല. നീണ്ടുനിന്ന ഒരു വ്യവഹാരത്തിലുള്ള തോൽവിയും ഊർജ്ജസ്വലനായിരുന്ന ശങ്കുണ്ണിമേനോൻകാരണവരുടെ ആത്മഹത്യയും, അനന്തരമുണ്ടായ കുഴപ്പങ്ങളും തീരോമ്പിൽതറവാടിനെ അധഃപതനഗർത്തത്തിലേയ്ക്കു ആനയിച്ചതു് ഈ തലമുറയിലുള്ളവരുടെ അനുഭവമാണ്.

ശങ്കുണ്ണിമേനോൻെറ നിർഭാഗ്യകരമായ പര്യവസാനകാലത്തു് ഏകാവകാശിനിയായി തറവാട്ടിൽ അവശേഷിച്ചിരുന്നതു് സുഭദ്രക്കുട്ടി എന്ന എട്ടോ പത്തോ വയസ്സുള്ള ബാലികയായിരുന്നു. ധൂർത്തന്മാരായ ഗോപാലകൃഷ്ണമേനോനും കുഞ്ഞൻമേനോനും ഞാനോ നീയോ എന്ന നിലയ്ക്കു് ദുർബലമായ തറവാടിനെ വിവിധമാർഗ്ഗങ്ങളിൽ കൂടിയും തളർത്തി. മദ്യപാനത്തിനു പണസൗകര്യം കുറഞ്ഞപ്പോൾ വീട്ടുസാമാനങ്ങളിൽ കൈവെച്ചു. ജ്യേഷ്ഠനെ അനുജനും പിന്തുടന്നു. പിന്നീടു്, വേലപ്പൻനായർ പറഞ്ഞമാതിരി പുര പൊളിക്കാനും തുടങ്ങി.

കുടിയിലും മററു ദുർമാർഗ്ഗങ്ങളിലും കൂട്ടായിരുന്ന സഹോദരന്മാർക്കു് അകാലമൃതിയുടെ കാര്യത്തിലും യോജിപ്പുണ്ടായതു് സ്മരിക്കത്തക്ക സംഭവമത്രെ. ഇക്കാര്യത്തിൽ ജ്യേഷ്ഠൻ അനുജനെ പിന്തുടന്നുവെന്നുമാത്രം.

കഴഞ്ഞോളം കടമായി. ആ വലിയ തറവാടിൻെറ ഭാരവും ഭരണവും യുവതിയായ സുഭദ്രക്കുട്ടിയമ്മയുടെ ശിരസ്സിലായി. സുന്ദരിയും സുശീലയുമായ സുഭദ്രക്കുട്ടിയമ്മ നാട്ടുകാരുടെയെല്ലാം കണ്ണിലുണ്ണിയായിരുന്നു. പാട്ടമിച്ചവാരങ്ങൾ സ്ഥിരമായി കുടിശികയാക്കിയിരുന്ന ചില കുടിയാന്മാർ അതെല്ലാം അവക്കു സ്വമേധയാ എത്തിച്ചുകൊടുത്തതിൽ നിന്നുതന്നെ ഈ വാസ്തവം വെളിവാകും. ചാർച്ചയിൽപെട്ട ഒരിളയമ്മയോടും അവരുടെ ചെറിയ നാലു മക്കളോടും കൂടി തൻെറ പുരാതനമായ തറവാടിൻെറ നശിച്ച മേന്മയെ സദാ ചിന്തിച്ചും വേലി കെട്ടു്, പുരകെട്ടു് മുതലായതു് യഥാകാലം നിർവ്വഹിപ്പിച്ചും ആ

വും വിധം തറവാട്ടിൽ ശ്രീ വളത്തുവാൻ ശ്രമിച്ചും സുഭദ്രക്കുട്ടിയമ്മ സുഖസമാധാനങ്ങളോടെ കഴിഞ്ഞുവന്നു.

രണ്ടാംലോകമഹായുദ്ധകാലത്ത് ചില പദാർത്ഥങ്ങൾക്ക് പെട്ടെന്നുണ്ടായ വിലക്കയററത്താൽ വലിയ പണക്കാരായിത്തീർന്ന ആളുകൾ കുറച്ചൊന്നുമല്ലല്ലൊ. ബ്രിട്ടീഷ്കൊച്ചിയിലെ ഇസ്മായിൽസേട്ടുവിൻെറ ശമ്പളക്കാരനായിരുന്ന പ്രഭാകരമേനോൻ ലക്ഷപ്രഭുവായതു് അങ്ങിനെയാണ്. യുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനൽപ്പം മുമ്പു് പ്രഭാകരമേനോൻ സേട്ടുവിൻെറ കീഴിലുള്ള ജോലി നഷ്ടപ്പെട്ട് 'ഉഴലൂരായി' നടക്കുകയായിരുന്നു. കണക്കിൽ കൃത്രിമങ്ങളും കയ്യിരുപ്പുസംഖ്യയിൽ കുറവും കണ്ടു പിടിക്കപ്പെട്ടതിനെ തുടൎന്ന് ജയിലാധാരമാകേണ്ടിയിരുന്ന മേനോനെ സേട്ടുജിയുടെ ദാക്ഷിണ്യബുദ്ധി സ്വതന്ത്രനാക്കിയതാണ്. കുരുമുളക് മൊത്തമായി ബോംബെ, കൽക്കത്ത മുതലായ രാജ്യങ്ങളിലേയ്ക്കു് കയററി അയക്കുന്ന ഏർപ്പാടാണ് സേട്ടുജിക്ക്. പ്രഭാകരമേനോന് പ്രസ്തുതവ്യാപാരത്തിൽ നല്ല പരിചയം ലഭിച്ചിരുന്നു. ജോലി നഷ്ടപ്പെട്ട് കുറെ തിരിഞ്ഞുനടന്ന ശേഷം, മേനോൻ ഉൾനാട്ടുകളിൽ ചെന്ന് കുരുമുളകുതോട്ടങ്ങൾ കരാറെടുത്തു് കച്ചവടം ചില്ലറയായി നടത്തിത്തുടങ്ങി. ഈ ഏർപ്പാടാണ് മേനോനെ പണക്കാരനാക്കിയതും, തീരോമ്പിൽ തറവാട്ടിലെത്തിച്ചതും.

തീരോമ്പിൽ വീട്ടുകാരുടെ വലിയ പറമ്പിൽ ഒരുഭാഗം മുഴവൻ 'കുരുമുളകുകാടാ'യിരുന്നു. കൊല്ലംതോറും ടൌണിൽനിന്ന് ചില ക്രിസ്ത്യാനികൾ വന്ന് തുച്ഛമായ സംഖ്യ കൊടുത്തു് അവിടത്തെ കുരുമുളകു വാങ്ങിക്കുകയായിരുന്നു പതിവു്.

പ്രഭാകരമേനോൻ ഒരു ദിവസം യദൃച്ഛയാ ആ വഴി വന്നതാണ്. കുരുമുളകുതോട്ടം കണ്ടപ്പോൾ അയാൾക്കുണ്ടായ സന്തോഷത്തിനു് അതിരില്ലായിരുന്നു. എഴുപത്തഞ്ചുറുപ്പിക കഷ്ടിച്ചു കിട്ടിയിരുന്ന സ്ഥാനത്തു് ഇരുനൂററിഅമ്പതു റുപ്പികയ്ക്കു തോട്ടം കരാറെടുത്തു് മേനോൻ സംഖ്യ എണ്ണിക്കൊടുത്തപ്പോൾ സുഭദ്രക്കുട്ടിയമ്മക്കും വീട്ടുകാർക്കും ഉണ്ടായ ആഹ്ലാദവും ആശ്വാസവും അല്പമൊന്നുമായിരുന്നില്ല.

250 ക. യുടെ സ്ഥാനത്തു് അവസാനം ഒരു പൂജ്യം കൂടി ചേർന്ന സംഖ്യയാണു് പ്രഭാകരമേനോനു ലഭിക്കുക എന്നതു് ആ ഗ്രാമീണർക്കറിഞ്ഞുകൂടാ. പ്രഭാകരമേനോൻെറ ഔദാര്യത്തോടെയുള്ള സഹായമെന്ന നിലയ്ക്കാണു് സുഭദ്രക്കുട്ടിയമ്മ ഇതിനെ വീക്ഷിക്കുന്നതു്. ഈ ചിത്തവൃത്തിയുടെ കുളുർമ്മയിൽ അതിർകവിഞ്ഞ സ്നേഹവിശ്വാസങ്ങളുടെ ബീജങ്ങൾ അചിരേണ മുളച്ചു പൊങ്ങിയതിൽ അത്ഭുതപ്പെടാനില്ല.

അമ്പതിൽ കുറയാത്ത പ്രായമുണ്ടു് പ്രഭാകരമേനോനു്. ഉയരം കുറഞ്ഞു് തടിച്ചു വെളുത്ത ശരീരം. കണ്ണാടിപോലെയുള്ള കഷണ്ടിത്തല. സദാ മുറുക്കിച്ചുവപ്പിച്ചു നടക്കും.

ഇരുനൂററിഅമ്പതു രൂപാ മുതലിറക്കിയിട്ടുള്ളതല്ലേ. തോട്ടം നോക്കുന്നതിനും മുളകു പറിപ്പിക്കുന്നതിനും മററുമായി ചില ദിവസങ്ങൾ അവിടെ "ക്യാമ്പു ചെയ്യാൻ" പ്രഭാകരമേനോൻ നിശ്ചയിച്ചാൽ അതിലെന്താണസാംഗത്യം?

ഒരു ദിവസം, രണ്ടു ദിവസം, ഒരാഴ്ച — മേനോൻെറ വാസം അവിടെയങ്ങിനെ നീണ്ടുവന്നു.

ധാരാളം കാര്യങ്ങൾ സംസാരിക്കുവാനുണ്ട്; ധാരാളം സമയവും. തീരോമ്പിൽ തറവാട്ടിലെ കടത്തിന്റെയും ധനത്തിന്റെയും കണക്കുകൾ എല്ലാം മേനോനു മനഃപാഠമായി. കടങ്ങൾ മുഴുവൻ വീട്ടാൻ താൻ സന്നദ്ധനാണെന്ന് ഒരു ദിവസം രാത്രി പ്രഭാകരമേനോൻ തുറന്നു പറഞ്ഞപ്പോൾ സുഭദ്രക്കുട്ടിക്കുണ്ടായ ചേതോവികാരങ്ങൾ ഊഹിക്കയാണുത്തമം. മൺമറഞ്ഞുപോയ മഹാന്മാരായ കാരണവരിലൊരാൾ പ്രഭാകരമേനോനെന്ന രൂപത്തിൽ വന്നതാണോ!

എല്ലാ ബാദ്ധ്യതകളും മേനോൻ തീർത്തു. കുരുമുളകടക്കമുള്ള പറമ്പിലെ ഉൽപ്പന്നങ്ങൾ പത്തു കൊല്ലക്കാലം മേനോനു കൊടുത്താൽ മതി. സംഖ്യ അങ്ങിനെ അറിയാതെ വീടും. കുരുമുളകുകൃഷി ഒന്നു കൂടി നന്നാക്കണം. ആ ഭാരമെല്ലാം മേനോനേററു. സുഭദ്രക്കുട്ടി അദ്ദേഹം എഴുതിക്കൊണ്ടുവന്ന രേഖകളിൽ ഒപ്പിട്ടുകൊടുത്തു. മേനോനു രേഖകൾ ആവശ്യമുണ്ടായിട്ടല്ല; കടക്കാരെ ഭയപ്പെടുത്താനും ചൊൽപ്പടിക്കു കൊണ്ടുവരാനും അങ്ങിനെയൊക്കെവേണം.

സന്തോഷത്തിലും സംതൃപ്തിയിലും മുങ്ങി രണ്ടു മൂന്നുമാസങ്ങൾ നീങ്ങി.

അന്നൊരു ദിവസം, മഴ കോരിച്ചൊരിയുന്ന ഒരു രാത്രി, തീരോമ്പിൽ ഗൃഹത്തിൽ നിന്നു പതിവില്ലാത്തവിധം ഉച്ചത്തിലുള്ള സംഭാഷണങ്ങളും ശകാരങ്ങളും ഉയർന്നുകേട്ടു.

നേരം പുലർന്നപ്പോൾ പ്രഭാകരമേനോനെ കാണാനില്ലായിരുന്നു!

പ്രഭാകരമേനോന്റെ ഒരു വിവരവുമില്ലാതെ

മാസങ്ങൾ രണ്ടു മൂന്നു കഴിഞ്ഞു. ഇതിനിടയ്ക്കു ചില രജിസ്റ്റർകത്തുകളും കോടതിമുദ്രയുള്ള കടലാസ്സുകളും സുഭദ്രക്കുട്ടിക്കു ലഭിച്ചു.

ഒരു വെള്ളിയാഴ്ച. തീരോമ്പിൽ തറവാട്ടിൽ വെള്ളിയാഴ്ച ദിവസങ്ങളിൽ ചില വിശേഷങ്ങളുണ്ടു്. വിളക്കു്, പൂജ അങ്ങിനെ പലതും. പണ്ടു കാലങ്ങളിൽ ചൊവ്വായും വെള്ളിയും വിപുലമായ തോതിൽ ഈ വകയൊക്കെ നടന്നിരുന്നു. ബലികർമ്മങ്ങൾ, സാധുക്കൾക്കു കഞ്ഞി വീഴത്തു് എന്നിവ മാസത്തിൽ ആദ്യത്തെ വെള്ളിയാഴ്ച മുടങ്ങിയിരുന്നില്ല.

കാലത്തു നേരത്തെ കുളി കഴിഞ്ഞു് സുഭദ്രക്കുട്ടി ചടങ്ങുകളിൽ ബദ്ധശ്രദ്ധയായിരിക്കയാണു്. അതാ, നാലഞ്ചാളുകൾ ധൃതിയായി വരുന്നു. ഒരു പോലീസുകാരനുമുണ്ടു് കൂട്ടത്തിൽ. സുഭദ്രക്കുട്ടി ഒന്നു ഞെട്ടി. എന്തിനാണവർ ഇങ്ങോട്ടു വരുന്നതു്? അവൾ സൂക്ഷിച്ചു നോക്കി. അവളുടെ ശരീരം വിറച്ചു. പോലീസുകാരന്റെ ഒപ്പം നടക്കുന്നതാരു്? അതെ, ആ മനുഷ്യൻ തന്നെ. ആ കാർക്കോടകൻ പ്രഭാകരമേനോൻ. കാരണവരും കാരുണ്യവാനുമാണെന്നു താൻ കരുതിയ ആ കപടമൂർത്തി! അർദ്ധരാത്രി തന്റെ മുറിയിലേയ്ക്കു കടന്നു വന്ന അഴകുരാവണൻ! സംബന്ധംചെയ്യാമത്രെ. മുതലൊക്കെ തരാമത്രെ. അനുകൂലയല്ലെന്നു കണ്ടപ്പോൾ കടം വീട്ടിയ പണം മുഴുവൻ ഒന്നിച്ചു കൊടുക്കണമെന്നു്, അല്ലെങ്കിൽ കുടിയൊഴിപ്പിക്കുമെന്നു്. ഭ്രാന്തനെപ്പോലെ ബലമായി കടന്നു പിടിച്ചു് തട്ടിയിട്ടു മാനഭംഗത്തിനു മുതിന്ന നീചൻ! അക്രമി! ഇങ്ങട്ടു വരട്ടെ ചൂല്...... വെറുപ്പും കോപവും താപവും അറപ്പും അമ്പരപ്പും അവളെ സ്തബ്ധയാക്കി..

ആഗതർ പടിപ്പുരവാതിൽ തള്ളിത്തുറന്നു മുററത്തു പ്രവേശിച്ചു. സുഭദ്രക്കുട്ടി അകത്തേയ്ക്കോടി.

ആമീനും കൂട്ടരുമായിരുന്നു വന്നവർ. പ്രഭാകരമേനോൻ സമ്പാദിച്ച കോടതി വിധിയനുസരിച്ചു വസ്തു നടത്തിയെടുക്കാൻ വന്നവർ.

ഗ്രാമീണരെല്ലാം അവിടെ ഓടിക്കൂടി. എല്ലാ നയനങ്ങളും നനഞ്ഞു. എല്ലാ കണ്ഠങ്ങളും അടഞ്ഞു. എല്ലാ ഹൃദയങ്ങളും പുകഞ്ഞു.

കാര്യമില്ല, നിയമമാണ്!

നിയമത്തിനു, കണ്ണില്ല കനിവില്ല; ഇടം വലം നോട്ടമില്ല. അതു അജയ്യമാണ്.

നൂററാണ്ടു പഴക്കമുള്ള ആ തറവാട്ടിൽ നിന്ന് അത്ഭുതവിക്രമന്മാരായ ആയോധനവീരന്മാരും വിശ്രുതരാജ്യതന്ത്രജ്ഞന്മാരും ജനിച്ചധിവസിച്ചു മൺമറഞ്ഞു കിടക്കുന്ന ആ സ്ഥലത്തു നിന്ന് അവിടുത്തെ ഏകാവകാശിനിയായ സാധു സുഭദ്രക്കുട്ടിയും കൂട്ടുകാരും പെരുമ്പറയുള്ള കരച്ചിലോടെ കുടിയിറങ്ങി. അതേ അവരെ ഇറക്കിവിട്ട് പടിയടച്ചിട്ടേ വന്ന ആളുകൾ അടങ്ങിയുള്ളു.

ഈ സംഭവത്തിനു ശേഷം ഏതാനും മാസങ്ങൾ കഴിഞ്ഞു. പ്രഭാകരമേനോൻ പ്രസ്തുത സ്ഥലത്തു പഴയ വീടു പൊളിച്ചു നീക്കി ഒന്നാന്തരമൊരു പുതിയ ബംഗ്ലാവു പണിയുവാനുള്ള ശ്രമമാണ്. നാം ആദ്യം കണ്ട വേലപ്പൻനായർ, അന്തോണി തുടങ്ങിയ വേലക്കാർ ദിവസവും അവിടെ പണിയെടുക്കുകയാണ്.

പണ്ടു കാലത്തു ധനികരായ ഹിന്ദുക്കൾ ഭവനം പണിയിക്കുമ്പോൾ മുൻഭാഗത്തെ പ്രധാനകട്ട്ളയുടെ

താഴെ സ്വർണ്ണനാണ്യങ്ങളോ, സ്വർണ്ണരൂപങ്ങളോ പ്രത്യേകകർമ്മങ്ങൾ ചെയ്തു നിക്ഷേപിക്കുക പതിവുണ്ടായിരുന്നു. വീടിന്റെയും വീട്ടുകാരുടെയും സുസ്ഥിരമായ നിലനിൽപ്പിനേയും സുഖസമൃദ്ധമായ ഭാവിയേയും ഉദ്ദേശിച്ചാണത്. തീരോമ്പിൽ ഭവനം പണി ചെയ്ത കാലത്ത് അങ്ങിനെ എന്തെങ്കിലും അന്നുള്ളവർ നിക്ഷേപിച്ചിരിക്കും എന്ന അന്തോണിയുടെ നിഗമനം നിരർത്ഥകമല്ല. വേലപ്പൻനായർ അന്തോണിയുടെ പ്രസ്താവനയെ നിഷേധിച്ചു കളിയാക്കിയെങ്കിലും അയാളുടെ ഹൃദയാന്തർഭാഗത്തു ആദ്യമേ തന്നെ ഈ വിചാരവും ആശയുമുണ്ടായിരുന്നു. മുൻഭാഗത്തെ ചുമരു വെട്ടുന്നതിനും കട്ടിള ഇളക്കുന്നതിനും അദ്ധ്വാനം കൂടുതലാണ്. എന്നിട്ടും വേലപ്പൻനായർ സ്വയം ഇപ്പണി ഏറെറടുത്തതിന് വേറെയെന്താണ് കാരണം? ക്രിസ്ത്യാനിയായ അന്തോണിയെ മാത്രം ചുമരുകൾ തട്ടാൻ കൂട്ടിനു നിർത്തി ബാക്കി ജോലിക്കാരെയെല്ലാം തറ കിളയ്ക്കുന്നതിനും മററും തിരിച്ചു വിട്ടതിലും അർത്ഥമുണ്ടല്ലോ. വേലക്കാരുടെ 'മേസ്ത്രി' പോലെ മിക്കവാറും ആജ്ഞയും അട്ടഹാസവുമായി ഓടിനടക്കാറുള്ള വേലപ്പൻനായർ ഇന്നു് കയ്യേറാട്ടും കട്ടപ്പാരയും കയ്യിലേന്തി ജോലിക്കിറങ്ങിയതു പണി വേഗം തീരാൻ മാത്രമാണോ?

വേലപ്പൻനായരുടെ കറുത്തിരുണ്ട തടിച്ച ദേഹത്തിൽ നിന്നു് നെല്ലിക്കാപോലെയുള്ള വിയർപ്പുകണങ്ങൾ ഉരുണ്ടൊഴുകി. ഇപ്പോഴത്തെ കോൺക്രീററു ചുമരുകൾ കൂടി ആ ശക്തനായ തൊഴിലാളി ഇടിച്ചു നിരത്തിയിട്ടുണ്ട്. ഇത്ര പ്രയാസമില്ല. പഴമക്കാർ

മോശക്കാരൊന്നുമല്ല. ഇതെവിടുന്നു കിട്ടി ഇത്തരം കല്ല്! സൂചിക്കു പഴുതില്ലാതെ അത്തു പണിതിരിക്കുന്ന രീതി! വെട്ടുമ്പോഠം തീ പറക്കുക!... വേലപ്പൻ നായർക്കുള്ള ഉൗക്കം മിടുക്കം അവിടെ എടുത്തു.

ഒരു മണിക്കൂർ പിന്നെയും കഴിഞ്ഞു. കഠിനാ ദ്ധ്വാനത്തിൻെറ മുമ്പിൽ കനത്ത കട്ടളയ്ക്കു നിലയി ല്ലാതായി. അതൊന്നു ചലിച്ചു ഒപ്പം വേലപ്പൻ നായരുടെ മനസ്സും.

"എന്താ, വേലപ്പൻനായരേ, തൻെറ ഒച്ച കേഠം ക്കാനില്ലല്ലൊ..." അന്തോണി വേലപ്പൻനായർ ത ന്നെ പററിക്കുമെന്നുള്ള ദൃഢവിശ്വാസത്താൽ പിൻ ഭാഗത്തെ ചുമരു കടന്ന് തളത്തിലേയ്ക്കു പ്രവേശിക്ക യും തൽക്ഷണം ഇളകി നിന്നിരുന്ന ക്രൂററൻ കട്ട്ള അങ്ങോട്ടു മറിഞ്ഞു വീഴുകയും ഒന്നിച്ചായി. "...ക ത്താ...വേ!..." ഒരു നേരിയ ഞരക്കം!

പിറേറന്നു മുതൽ വേലപ്പൻനായരും ജോലിക്കു ണ്ടായില്ല.

കട്ട്ളയ്ക്കു താഴെ നിന്നു അയാഠംക്കു കഴിയാനു ള്ളതു കിട്ടിയെന്നു ചിലരും വലിയ വാതിൽക്കീറുകളോ ടു കൂടിയ കട്ട്ള അന്തോണിയുടെ മേൽ വീണതു കണ്ട തോടെ പരിഭ്രാന്തനായി ഞെട്ടി ദീനത്തിൽപ്പെട്ടുവെ ന്നു വേറെ ചിലരും പറയുന്നു. 'തീരോമ്പിൽ തറവാ ട്ടിലെ ഭൂതപ്രേതങ്ങളെ'ല്ലാം അയാളെ പിടികൂടിയെന്നു വിശ്വസിക്കുന്നവരുമില്ലാതില്ല.

അങ്ങനെ ആരംഭത്തിൽ തന്നെ അശുഭമായാണ് കെട്ടിടപ്പണി തുടങ്ങിയതു്.

പണത്തിന്നെന്തു് അശുഭമാണു്? പ്രത്യേകിച്ചു ഒരു കാര്യം തീരുമാനിച്ചാൽ എന്തു ചെയ്തും അതു നിർവ്വഹിക്കണമെന്ന ഉറച്ച മനസ്ഥിതിയുള്ള പ്രഭാകരമേനോന്നു് ഇതൊന്നും പ്രതിബന്ധമായില്ല.

മേനോൻെറ പ്ളാൻ പ്രകാരം തന്നെ പുതിയ ബംഗ്ലാവിൻെറ പണി മൂന്നു മാസം കൊണ്ടു പൂർത്തിയായി. ഒരു ഞായറാഴ്ച മേനോനും കുടുംബവും ആ സ്ഥലത്തു താമസമാക്കി.

മേനോൻെറ ഭാര്യ വിശാലാക്ഷിഅമ്മ, അദ്ദേഹത്തെപ്പോലെ തന്നെ ഉയരം കുറഞ്ഞു വെളുത്തു സുമുഖിയായ സ്ത്രീയാണു്. കണ്ടാൽ ആരോഗ്യവതിയാണെന്നു തോന്നുമെങ്കിലും 'ഏങ്ങൽ' എന്ന രോഗം സ്ഥായിയായി അവർക്കുണ്ടു്. മാസത്തിലൊരിക്കൽ—വാവടുക്കുമ്പോഴാണത്രെ—രോഗം ഭയങ്കരമാവും. വല്ലാത്ത വലിയും നെഞ്ചുവേദനയും സംഭ്രമവും. അമ്മയിൽനിന്നു ഈ സമ്പാദ്യം മക്കൾക്കും ജനനാൽ തന്നെ ലഭിച്ചിട്ടുണ്ടു്. നാലു മക്കളാണു്. രണ്ടു് ആണും രണ്ടു പെണ്ണും. മൂത്തവർ പെണ്ണുങ്ങളാണു്. അവക്കാണു സുഖക്കേടു കൂടുതൽ. ചികിത്സകൾ പലതും ചെയ്തു. തൽക്കാല ശമനം മാത്രം ലഭിക്കും. തീരെ വിട്ടുപോകുന്നതല്ലത്രെ ഈ ദണ്ഡം.

പുതിയ ബംഗ്ലാവിൽ താമസമാക്കി ഒരാഴ്ചതികഞ്ഞിട്ടില്ല. മേനോൻ സ്വയം കാറോടിച്ചു പുറത്തേയ്ക്കു പോയിരിക്കയാണു്. സമയം സന്ധ്യയോടടുത്തിരിക്കും. അടുക്കളയിൽനിന്നുള്ള അമ്മയുടെ വിളികേട്ടു് പറമ്പിൽ തെക്കുഭാഗത്തെ മാവിൻചുവട്ടിൽ മാമ്പഴം വീഴുന്നതു കാത്തു നിന്നിരുന്ന പങ്കജാക്ഷൻ

പാഞ്ഞു വരികയായിരുന്നു. അങ്ങൊരേടത്തു് കല്ലോ കുററിയോ തടഞ്ഞിട്ടാവാം, അവൻ ഊരക്കോടെ കമിഴ്ന്നടിച്ചു വീണു. അതു കണ്ടു നിന്നിരുന്ന വൃദ്ധയായ വേലക്കാരി ഇച്ചിരിഅമ്മ 'അമ്മയ്യോ!' എന്നുറക്കെ നിലവിളിച്ചു. 'കല്യാണിക്കുട്ടിയമ്മയെ മറവു ചെയ്തതിന്നു മുകളിലല്ലെ കുട്ടി വീണതു്!...'

വിശാലാക്ഷി അമ്മയും വൃദ്ധയും കുട്ടി വീണുകിടക്കുന്നേടത്തേയ്ക്കു ഓടി. തള്ള ഓടിയിട്ടു നീങ്ങുന്നില്ല. അവർ പിന്നിൽനിന്നു് സംഭ്രമത്തോടെ വിളിച്ചു പറഞ്ഞു.

"അതാ, അവിടെ ചവിട്ടല്ലെ; സുഭദ്രക്കുട്ടീടെ അമ്മയെ—കല്യാണിക്കുട്ടിയമ്മയെ—അടക്കം ചെയ്ത സ്ഥലമാണെ! മുടങ്ങാതെ അന്തിത്തിരിവെച്ചിരുന്നതാ!—"

വിശാലാക്ഷി അമ്മ പെട്ടെന്നൊരു ഞെട്ടൽ. എങ്കിലും അവർ ആ സ്ഥലത്തു ചവിട്ടി അവിടെ വീണുകിടക്കുന്ന തന്റെ മകനെ വാരിയെടുത്തു. അവർ വാവിട്ടു നിലവിളിച്ചു. കുട്ടിക്കു് ഓർമ്മയില്ല. ചോര കൊണ്ടൊരു കളി!......

പിറേറന്നു രാത്രി, അടുക്കളയിൽ ഊണുകഴിച്ചുകൊണ്ടിരിക്കുമ്പോഠം, വേലക്കാരി ഇച്ചിരിയമ്മ വെറുതെ പറഞ്ഞു: "ഇന്നലെ ഞാൻ പേടിച്ചുവെറച്ചു. കല്യാണിക്കുട്ടിയമ്മ എന്നെ കുലുക്കി വിളിച്ചു പറഞ്ഞു. 'എന്റെ മകളെ ചതിച്ചു കുടിയിറക്കി; അല്ലേ? ഞാൻ കാണിച്ചു കൊടുക്കാം' എന്നു്. അമ്പോ! ആ ചോരച്ച കണ്ണു്! അഴിഞ്ഞു ചെടപിടിച്ച തലമുടി!......ഞാൻ പിന്നെ കണ്ണിന്റെ പോള ക്രുട്ടീട്ടില്ല......കൃഷ്ണാ! ഗുരുവായൂരപ്പാ!......കല്യാണി

ക്കുട്ടിയമ്മേടെ കഞ്ഞിയാണെൻെറ വയററില്. വേലക്കാരികളില് എന്നെയാണവിടേയ്ക്കു ബോദ്ധ്യം. പത്തു പുരുഷന്മാരുടെ ശൂരതയുള്ള സ്ത്രീയായിരുന്നു. ഈ നാട്ടിലെ പാവങ്ങൾക്കൊക്കെ കല്യാണിക്കുട്ടിയമ്മ എന്നുവെച്ചാല് ജീവനാ! എന്തൊരു ശീലം! എന്നാലൊ; കോപം വന്നാല്, അപ്പോ! ഓത്തുകൂടാ, ഭദ്രകാളിയാ! ഇനിക്കു മാത്രം അടി കിട്ടീട്ടില്യ...... സത്യക്കേട്ടു കണ്ടൂടാ, അത്രതന്നെ..... ഈശ്വരാ! ഏക ഓമനമകളാണു് സുഭദ്രക്കുട്ടി! സുഭദ്രക്കുട്ടീന്നു വെച്ചാൽ ജീവനാ! മരിക്കുമ്പോക്കൂടി......നെഞ്ഞത്തുവെച്ചു്......" തള്ള നെടുവീർപ്പിട്ടു് ഒഴുകുന്ന കണ്ണീർ തുടച്ചു.

വിശാലാക്ഷിയമ്മയും മക്കളും മൂകരായി ഭയത്തോടെയാണു് അന്നു കിടക്കാൻ പോയതു്.

പാതിര കഴിഞ്ഞു കാണുകയില്ല. 'അയ്യോ! അയ്യോ! ഓടിവരിൻ! അയ്യോ......' വിശാലാക്ഷി അമ്മയുടെ നിലവിളി പുതിയ ബംഗ്ലാവാകെ മാറെറാലിക്കൊണ്ടു. കുട്ടികൾ ഞെട്ടിപ്പിടഞ്ഞെണീററു് ഉച്ചത്തിൽ കരയാൻ തുടങ്ങി. അടുത്ത കട്ടിലിൽ കിടന്നുറങ്ങിയിരുന്ന പ്രഭാകരമേനോൻ സംഭ്രമിച്ചുകൊണ്ടെണീററുവന്നു. 'എൻെറ കഴുത്തു പിടിച്ചു ഞെക്കി കൊല്ലാറാക്കിയല്ലൊ! അയ്യോ! ഞാനിപ്പോൾ ചാവും ......അയ്യോ! അയ്യോ!'—വിശാലാക്ഷിയമ്മ വിക്കിക്കരഞ്ഞു കൊണ്ടു് അങ്ങിങ്ങും പകച്ചുനോക്കി കഴുത്തുഴിയാൻ തുടങ്ങി.

"ആരു്?"—മേനോൻ ചുററും നോക്കി.

"ചോരച്ച കണ്ണും ചിടപിടിച്ച മുടിയുമുള്ള ആ സ്ത്രീ."

"ഏതു സ്ത്രീ."

"ക ..ല്യാ...ണി...ക്കു...ട്ടി...യ...മ്മ"—വിശാലാക്ഷിയമ്മ ബോധരഹിതയായി.

"അച്ഛാ! അച്ഛാ! ചെടപിടിച്ചസ്ത്രീ!..."—രഘു അച്ഛനെച്ചെന്നു കെട്ടിപ്പിടിച്ചു.

ഗിരിജയും പങ്കജാക്ഷനും ഉറക്കെ നിലവിളിക്കാൻ തുടങ്ങി.

അന്നു രാത്രി ഒരാളും അവിടെ ഉറങ്ങിയില്ല.....

വിശാലാക്ഷിയമ്മയ്ക്കു് ഏങ്ങൽ ആ മാസത്തിൽ കാലേവന്നു. വാവും മൂന്നാളും കഴിഞ്ഞിട്ടും അതു മാറിയില്ല. രണ്ടു കുട്ടികൾ തീരെ കിടപ്പിലായി.

അന്ധവിശ്വാസിയല്ലാത്ത പ്രഭാകരമേനോൻെറ ധൈര്യ്യശൌര്യ്യങ്ങൾ ഇടിഞ്ഞിടിഞ്ഞു വന്നു. ചോരച്ച കണ്ണും ചിടപിടിച്ച മുടിയുമുള്ള സ്ത്രീയെപ്പററി അങ്ങോക്കുമൊരു ചിന്ത! സുഭദ്രക്കുട്ടിയുടെ അമ്മയല്ലേ ആ സ്ത്രീ? സുഭദ്രക്കുട്ടി ഇന്നെവിടെയാണു്? നാട്ടിൽ പരന്നിരിക്കുന്ന കിംവദന്തി? അയ്യോ! അതാലോചിച്ചുകൂടാ!

ജ്യോതിഷക്കാരും മന്ത്രവാദികളും വഴിക്കുവഴി അവിടെ എത്തി. പ്രേതങ്ങളെ അടക്കംചെയ്യാൻ. കലശം, ഹോമം തുടങ്ങി പലതും നടന്നു.

അന്നൊരു ദിവസം മേനോൻ കോലായിലെ ഉത്തരത്തിന്മേൽ കയ്യുംവെച്ചു് പടിക്കലേക്കു നോക്കി ചിന്താധീനനായി നിൽക്കുകയായിരുന്നു. കയ്യിന്മേലൊരു തണുപ്പു തോന്നി. കൈ വലിച്ചുതോടുകൂടി

മൂന്നുമൂന്നര അടി നീളത്തിൽ, തങ്കവർണ്ണമുള്ള ഒരു സർപ്പം പെട്ടെന്നു തലയിൽക്കൂടി തൊട്ടു തൊട്ടില്ല എന്ന നില യിൽ താഴത്തേയ്ക്കു് ഉഗ്രമായി ചീററിക്കൊണ്ടൊരു ചാട്ടം! "അയ്യോ!"—ദിക്കെല്ലാം ഞെട്ടുമാറുള്ള ആർത്ത നാദത്തോടു കൂടി മേനോൻ എങ്ങോട്ടെന്നില്ലാതെ പാഞ്ഞു.

കാടുപിടിച്ചു കിടന്നിരുന്ന ആ വലിയ പറമ്പ് മേനോൻ വെട്ടിവെളുപ്പിച്ചതോടെ പാർപ്പിടമില്ലാതെ ചിലതെല്ലാം പുറത്തിറങ്ങി സഞ്ചരിക്കയായിരുന്നു. വഴിതെററി വന്നതാവാം അവരിലൊരുവൻ.

എന്തായാലും പുതിയ ബംഗ്ലാവിൽ താമസിക്കുക സാദ്ധ്യമല്ല എന്ന് പ്രഭാകരമേനോന്നു ബോദ്ധ്യപ്പെട്ടു. ഭാര്യയ്ക്കും കുട്ടികൾക്കും സൌകര്യമായി ചികിത്സ ചെയ്യാനെന്ന നിലയിൽ അടുത്തദിവസം മേനോൻ കുടുംബ സഹിതം തിരിച്ചുപോയി.

★

# മാധവിയുടെ മാനസാന്തരം

"അച്ഛാ! കണ്ണുകാണാത്ത മാധവിച്ചേച്ചി വിളി ക്കണു"—എൻെറ മകൾ ഓടിവന്ന് എന്നോടു പ റഞ്ഞു.

"ആരു്?"

"കണ്ണു കാണാത്ത മാധവിച്ചേച്ചി"

"കണ്ണുകാണാത്ത മാധവിച്ചേച്ചിയോ!"

"അതേ. മാധവിച്ചേച്ചിയേ അച്ഛനറിയില്ലേ?"

"ഞാനറിയില്ല കുട്ടി. കണ്ണുകാണാത്ത മാധവി ച്ചേച്ചി! നീയെങ്ങനെ ഇതു പരിചയപ്പെട്ടു?"

"അച്ഛനിവിടെ ഉള്ളപ്പോ വരില്ല. അച്ഛൻ പോയാൽ എന്നും വരും' പാവമാണച്ഛാ!"

"എവിടെയുള്ളതാ?"

"വടക്കേല് പണിക്കു നിൽക്കുന്നതാ. രണ്ടാഴ്ച യായി വന്നിട്ടു്. വീട്ട് ഇവിടെയൊന്നുമല്ല"

"കണ്ണുകാണാത്തോള് പണിക്കു നിൽക്കേ?"

"അതേ, എല്ലാ പണീം ചെയ്യും, വെള്ളം കോ രും, വെറകുവെട്ടും, പാത്രം തേയ്ക്കും, ഒക്കെചെയ്യും"

"അങ്ങനെയാണെങ്കിൽ കുറേശ്ശെയെങ്കിലും കാ ഴ്ചയുണ്ടാകും."

"ആളുകള് വരണത്ത് ഒരു നിഴലായിട്ട അറിയാത്രെ."

"എന്നെ കണ്ടിട്ടെന്താ കാര്യം?"

"ഹർജി കൊടുക്കാൻ."

"ആർക്കു് ഹർജി?"

"അച്ഛനങ്ങട്ട് ചെല്ല്. പാവം എപ്പോ നിൽക്കണെതാ. അച്ഛൻ കുളിക്കുമ്പോ വന്നു നിൽക്കണെതാ"—മകൾക്കു ശുണ്ഠിവന്നു.

"ഇതൊന്നു വായിച്ചു മുഴമിക്കാൻ നീ സമ്മതിക്കില്ല; കണ്ണുകാണാത്ത മാധവിച്ചേച്ചി...."— ഞാൻ പത്രം മേശപ്പുറത്തു വെച്ചു് എഴുന്നേററുചെന്നു.

മുററത്ത്. ഉമ്മറത്തോടുചേന്ന്, ഒരു യുവതി നിൽക്കുന്നു. സുന്ദരിയല്ലെങ്കിലും വിരൂപയല്ല. ഉയരം കുറവാണ്. ഇരുനിറം ആരോഗ്യമുള്ള കൊഴുത്ത ശരീരം.

പകച്ച മാൻപേടയുടേതെന്നപോലെ അവളുടെ കണ്ണുകൾ അങ്ങോട്ടുമിങ്ങോട്ടും ചലിക്കുകയാണ്. ഞാൻ ആ കണ്ണുകളിലേയ്ക്കു് സൂക്ഷിച്ചുനോക്കി. പുറമേയ്ക്കു വലിയ ന്യൂനതയൊന്നും തോന്നുകയില്ല.

എൻെറ വരവ് ഒരു നിഴലാട്ടംപോലെ അവൾ മനസ്സിലാക്കിയിരിക്കണം. ആദരവോടെ അവൾ രണ്ടടി പിറകിലേക്കു മാറിനിന്നു.

"എന്താ?"—ഞാൻ ചോദിച്ചു.

ഭയംകൊണ്ടും സങ്കോചംകൊണ്ടും, സംസാരിക്കാൻസാധിക്കാതെ ആ യുവതി വിഷമിച്ചു. അവസാനം കണ്ണുനീരും ഈ വാക്കുകളും ഒപ്പം പുറത്തുവന്നു "എന്നെ ഒരാള് ചതിച്ചു...അതിന്നു്..."

"ചതിക്കേ?"

"അതെ, എന്നെ നോക്കാം; ഒഴിക്കില്ല എന്നൊക്കെപ്പറഞ്ഞ് അയാള് കല്യാണം കഴിച്ചു. എൻെറ കയ്യിലുള്ള കാശൊക്കെ നശിപ്പിച്ചു. ഇപ്പൊ, നോക്ക്ണില്ല. ചെലവിന്ന് തര്ണില്ല"—വിറയാർന്ന കുറേക്കൂടി വാക്കുകൾ.

"ആരാ നിൻെറ ഭർത്താവ്?"

"ആ...ആ...വാസു..."

"ഏത് വാസു?"

"റെക്ഷാക്കാരൻ വാസു."

"കണ്ണില്ലാത്ത നീയെന്തിന്ന് കല്യാണം കഴിക്കാൻ പോയി!........അതും റിക്ഷാക്കാരൻ വാസുവിനെ!......"

മാധവിയുടെ നേത്രങ്ങളിൽനിന്നു തുടരേ ജലമൊഴുകി. തെററു പററിപ്പോയി എന്നു സമ്മതിക്കുന്ന പശ്ചാത്താപം രൂപം പ്രാപിച്ചതാണാ ബാഷ്പധാര. എൻെറ മനസ്സലിഞ്ഞു. അവളെ വിഷമിപ്പിച്ച ആ ചോദ്യം ചോദിക്കേണ്ടിയിരുന്നില്ല.

"മാധവീ! വാസുവിനെക്കണ്ടു് ഒന്നുപദേശിക്കാമെന്നല്ലാതെ ഇതിലെന്തു ചെയ്യാൻ കഴിയും!"—സഹതാപവും നിസ്സഹായതയും നിറഞ്ഞതായിരുന്നു എൻെറ ശബ്ദം.

മാധവി പെട്ടെന്നൊന്നിളകി, അവളുടെ മുഖത്ത് അരുണിമ വ്യാപിച്ചു. ഉടുത്ത മുണ്ടിൻെറ തലകൊണ്ടു് മുഖം അമർത്തിത്തുടച്ചു് നിവർന്നുനിന്നവൾ പറഞ്ഞു: "വേണ്ട: മാഷ് അയാളോടപേക്ഷിക്കണ്ട. ആരു പറഞ്ഞാലും കേൾക്കാത്ത നിഷ്ഠൂരനാ! ഞങ്ങടെ അ

യൽക്കാരു് പലരും പറഞ്ഞുനോക്കി; ഇനി മാഷ് ചെന്ന് മാഷടെ വാക്ക കളേണ്ട."

മാധവിയോട്ട് എനിക്ക മമത തോന്നി. എൻെറ വാക്ക നിഷ്ഫലമായി, ഞാൻ മോശക്കാരനാകുന്നതവൾക്ക സമ്മതമല്ലല്ലോ.

"പിന്നെ എന്തുവേണം മാധവി?"

"ലയിസ്സ് കല്യാണായ കാരണ്ം കോടതില് അരജി കൊടുത്താല് വഴിണ്ടെന്നാ ചിലരു പറേണ്. മാഷ് ഒരരജി എഴുതിത്തന്നാ മതി."

"അല്ല, നിങ്ങൾ റജിസ്റ്റ് വിവാഹമാണോ നടത്തിയതു്?"

"അതെ, അങ്ങോരെൻെറ പിന്നാലെ മാസം കൊറെ നടന്നു. ഞാൻ ചെലരോടൊക്കെച്ചോയിച്ചതില് ലയിസ്സ് ചെയ്താ ഉപേക്ഷിക്കാൻ പററില്ലാന്നറിഞ്ഞു. ലയിസ്സിന്നു സമ്മതിച്ചേപ്പിന്നേ ഞാൻ വാക്ക കൊടുത്തതു്."

മാധവി കുറേഞ്ഞാളൊന്നുമല്ല. എടുക്കാവുന്ന പരിരക്ഷകളൊക്കെ മുൻകൂട്ടിയെടുത്തിട്ടുണ്ടു്. പക്ഷെ റിക്ഷാക്കാരൻ വാസുവിനെ സംബന്ധിച്ചിടത്തോളം ഏതു രക്ഷാമാർഗ്ഗങ്ങൾക്കും ഉറപ്പുപോരാ. ഉടുത്ത മുണ്ടും ബനിയനുമാണു് വാസുവിൻെറ സ്വത്തു്. ഒരു ദിവസം വാടക കൊടുത്തില്ലെങ്കിൽ പിറെറ ദിവസം വണ്ടി വലിക്കുക സാദ്ധ്യമല്ല. ഒന്നോ രണ്ടോ മാസത്തിൽ കൂടുതൽ ഒരിടത്തും സ്ഥിരതാമസക്കാരനല്ല അയാൾ വീട്ടുവാടക കൊടുക്കുക സാധാരണ പതിവില്ലായ്ക തന്നെ കാരണം. അഞ്ചോ ആറോ പെണ്ണുങ്ങളുമായി

വാസു വേഴ്ചയിലായിട്ടുണ്ട്. ഇത്തരം വേഴ്ചയും വിവാഹം എന്നു പറയാമെങ്കിൽ പറയാം. പറഞ്ഞാലും പറയാതെയിരുന്നാലും വാസുവിന്നു പരാതിയില്ല. പെണ്ണിനെ ഭക്ഷണം കൊടുത്തു പോററി രക്ഷിക്കുക എന്നതു് പുരുഷൻെറ വിഡ്ഢിത്തമാണെന്നാണു് വാസുവിൻെറ ഉറച്ച അഭിപ്രായം. പെണ്ണിൽനിന്നു മെച്ചം ഇങ്ങോട്ടുണ്ടാവണം. അങ്ങിനെയുള്ള പെണ്ണുങ്ങളായിട്ടാണയാൾ ബന്ധപ്പെടുക. വാസു വെളുത്തവനും കുറെയൊക്കെ സുമുഖനുമാണു്. മേൽമീശ നീളത്തിൽ വച്ച് മുടി ഭംഗിയായി ചീകി മിനുക്കി മുണ്ടും ബനിയനും വെളുപ്പിച്ച് ധരിച്ചു കഴിയാവുന്നിടത്തോളം ഭംഗിയായി നടക്കുക അയാളുടെ പതിവാണു്. വാസുവിനെ അറിയാത്തവർ ചുരുങ്ങും. പൊറാട്ടു നാടകത്തിൽ 'കുറവ' ൻെറ വേഷം കെട്ടിപേരെടുത്തിട്ടുള്ളവനാണു്. നല്ലപോലെ പാടും. റിക്ഷാവണ്ടി വലിക്കുന്നതിനു മുമ്പു് ഒരു നാടകസെററുമായി നടക്കുകയായിരുന്നു. വെള്ളം കോരിയും വിറകുവെട്ടിയും മാധവി കാശുണ്ടാക്കിട്ടുള്ളതു് വാസു മനസ്സിലാക്കി. അതു കയ്യടക്കണം. റജിസ്ട്രു് ചെയ്താലെ സമ്മതിക്കു എന്നായപ്പോൾ വാസുവിന്നൊരു തടസ്സവുമുണ്ടായില്ല.

റജിസ്ട്രു് തനിക്കു ആജീവനാന്തരക്ഷ നൽകുമെന്നാണു് മാധവിയുടെ വിശ്വാസം. കോടതിയിൽ ഹർജി കൊടുത്താൽ വാസു പട്ടിപോലെ തൻെറ അടുത്തുവരും. തന്നെ രക്ഷിക്കും. അല്ലെങ്കിൽ പോലിസ്സുകാർ അയാളെ പിടിച്ചു ജയിലിലിടും. ആ ഹർജിയാണു് ഞാൻ എഴുതിക്കൊടുക്കേണ്ടതു്.

ഞാൻ മാധവിയോടു ചോദിച്ചു—"മാധവി നിങ്ങളെത്ര കാലം ഒരുമിച്ചു ജീവിച്ചു?"

"ഒന്നരക്കൊല്ലം"

"കുട്ടിയുണ്ടോ?"

ഒരു നവവധുപോലെ അവളൊന്നു വളഞ്ഞു പുളഞ്ഞു് എന്തോ പറയാൻ ഭാവിച്ച് ലജ്ജിച്ചു തല താഴ്ത്തി നിന്നു.

"ഇല്ല, അല്ലേ? ഹർജി കൊടുക്കുകയാണെങ്കിൽ ഇതറിയേണ്ടതുണ്ടു്. അതുകൊണ്ടു് ചോദിച്ചതാണു്."

"ഇനിക്ക്...ഏഴമാസം...കുളി" ഇത്രയും അവൾ പറഞ്ഞു കാലിന്റെ തള്ളവിരൽ കൊണ്ടു് നിലത്തെഴുതാൻ തുടങ്ങി.

"ശരി"

"ഞാൻ പോട്ടെ മാഷെ"

"പൊയ്യ്ക്കോള്ളു. ഇപ്പോഴെനിക്കു കുറച്ചു തിരക്കാണു്. തിരക്കു കഴിഞ്ഞാൽ ഹർജി കൊടുക്കാം."

x x x. x

നിയമം അതിന്റെ കടമ നിർവഹിച്ചു. പ്രതിമാസം പതിനഞ്ചുറുപ്പിക വീതം മാധവിക്കു ചിലവിന്നു കൊടുപ്പാൻ വാസു നിർബന്ധിതനായി.

വിചാരണയും വിധിയും കഴിയുമ്പോഴേക്കും മാധവി മാതാവായിത്തീർന്നിരുന്നു. ആശുപത്രിയിൽ കിടന്നു അവൾ ഒരാൺകുട്ടിയെ പ്രസവിച്ചു.

നിയമം, കോടതി—ഇവ അങ്ങേ അററത്തെ ശക്തികളാണ്. ഏതു വമ്പനും അവയുടെ മുമ്പാകെ മുട്ടുകുത്തുകയേ നിർവാഹമുള്ളു. എന്നാൽ 'ഒരു പ്ലോക്കമൊക്ക്', അവിടെയും രക്ഷയുണ്ട്.

റിക്ഷാക്കാരൻ വാസുവിനെ നാട്ടിൽ തന്നെ കാണാതായി. എവിടെയെന്നു ഒരു വിവരവുമില്ല.

കൊല്ലം രണ്ടു കഴിഞ്ഞു. ഇതിനിടയ്ക്കു മാധവി അനുഭവിച്ച നരകയാതനകൾ പറഞ്ഞൊപ്പിക്കുക സാദ്ധ്യമല്ല. ഒരു ചോരക്കുഞ്ഞ്. ഉററവരാരുമില്ല. വീടുകളിൽ ജോലിയെടുത്തു ജീവിക്കുന്നതെങ്ങിനെ? പിഞ്ചു പൈതലിനോടു കൂടി കണ്ണു കാണാത്ത പെണ്ണിനെ ആരു ജോലിക്കു നിർത്തും.

ചടച്ചു എല്ലും തോലുമായി ഓന്തുപോലെ തോന്നിക്കുന്ന ശിശുവിനെ ചുമലിലിട്ടു ആ അനാഥയുവതി വഴിയിൽ അങ്ങിങ്ങു നടക്കും. വാസുവെങ്ങാനും നാട്ടിലെത്തിയിട്ടുണ്ടോ എന്നവൾ പലരോടും ചോദിക്കും. അവൾ അയാളെ തലയിൽ കൈവച്ചുറക്കെ പിരാവും! ആ നിഷ്ഠൂരനെ പോലീസുകാരെക്കൊണ്ടു പിടിപ്പിച്ച് ജേലിലിട്ടു ന്തുറിടിയിടിക്കാൻ കഴിഞ്ഞാമതി, ചെലവിന്നു കാശൊന്നും കിട്ടീല്ലെങ്കിലും വേണ്ടില്ല. നിരാശ മൂത്ത മാധവി വായ പൂട്ടാതെ കരയുന്ന ശിശുവിനോടു ദേഷ്യപ്പെടും. 'പണ്ടാറക്കാലൻെറ വിത്തു എന്നെക്കൊല്ലാൻ വേണ്ടി ജനിച്ചതാ!'...

മാതൃ-ശിശുസംരക്ഷണനിയമങ്ങൾ എഴുതിയവർക്കും അവ ഗ്രഹിച്ചിട്ടുള്ള നമുക്കും ആ അമ്മയും ശിശുവും രണ്ടുകൊല്ലം ജീവിച്ചതെങ്ങിനെയെന്നു കണ്ടുപി

ടിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. ആ വിധം തന്നെ രണ്ടുകൊല്ലത്തിനു ശേഷം അവക്കുണ്ടായ മാററത്തെയും. ദൈവത്തിൻെറ മഹിമയിൽ വിശ്വസിക്കുന്നവരാണിവിടെ വിജയിക്കുക. ഉണങ്ങി ഒടിഞ്ഞു വീഴാറായ ചെടി പെട്ടെന്നു പൊടിച്ചു തളിക്കുന്നതു് അത്ഭുതം തന്നെയാണല്ലൊ.

ചികിത്സയോ, നല്ല ആഹാരമോ, തേച്ചുകളിയോ പ്രത്യേകമായി ഒന്നും ഉണ്ടായിട്ടല്ല. ഓന്തുപോലെയിരുന്ന പൈതൽ കുറേശ്ശെ നന്നാവാൻ തുടങ്ങി. അതിൻെറ ദേഹത്തിൽ മാംസം വെച്ചു. അതിനു ചൊടി വന്നു. ഓടിച്ചാടി നടന്നു തുടങ്ങി.

മാധവിയെ അടുത്തൊരു വീട്ടുകാർ ജോലിക്കു നിൎത്തി. അവളുടെ ഒട്ടിയ കവിളുകൾ തുടിച്ചു. ദേഹം ആദ്യത്തെപ്പോലെ കൊഴുത്തു തടിച്ചു.

രണ്ടു വയസ്സു കഴിഞ്ഞ വാസവൻ (മാധവി സ്വയം മകനിട്ട പേരാണതു്. അവൾ ആദ്യം നിന്നിരുന്ന സമ്പന്നഗൃഹത്തിലെ ഓമനക്കുട്ടിയുടെനാമധേയം) അമ്മയുടെ വലിയ സഹായിയാണു്. പൈപ്പിൽ വെള്ളമെടുക്കാൻ പോകുമ്പോൾ അവൻ അമ്മയുടെ കൈ പിടിച്ചു ഒപ്പം നടക്കും. പീടികയിലേക്കു സാമാനങ്ങൾ വാങ്ങാൻ പോകുമ്പോഴും മാധവിക്കു രക്ഷ അവനാണു്. എന്തൊരാശ്വാസം. കാഴ്ചയില്ലാത്ത കോട്ടം മാധവി ഇപ്പോൾ അറിയുന്നില്ലെന്നു പറയാം.

വാസവനെ അധികം നടത്താൻ മാധവിക്കിഷ്ടമില്ല. കുറച്ചു നടക്കുമ്പോഴേക്കും അവൾ അവനെ എടുത്തു ഒക്കത്തുവെയ്ക്കും. പക്ഷെ വാസവൻ കുതറി താ

ഴത്തിറങ്ങും അവനു അമ്മയുടെ കൈപിടിച്ചു നടക്കുന്നതിലാണു രസം. എന്തൊരാനന്ദവും ഉത്സാഹവുമാണവന്ന്. 'കലപിലാന്നു' അമ്മയോടെപ്പോഴും വർത്തമാനം പറഞ്ഞുകൊണ്ടു് അമ്മയുടെ കൈപിടിച്ചു് എത്ര നടന്നാലും അവന്നു മതി വരില്ല.

ആയിടെ റിക്ഷാക്കാരൻ വാസുവിനെ ടൗണിൽ കാണുകയുണ്ടായി. ഞാൻ വിവരം മാധവിയെ അറിയിച്ചു. "വസുവിൻെറ കുറുമ്പിന്നു അവനെ കുറെ മാസം ജയിലിലിരുത്തുകയെങ്കിലും വേണം"—ഞാൻ തീർത്തു പറഞ്ഞു.

എന്നെക്കാളും രോഷത്തോടുകൂടി അവളീ സംരംഭത്തെ അനുകൂലിക്കുമെന്നും, അതിന്നായപേക്ഷിക്കുമെന്നും കരുതിയിരുന്നു. പക്ഷെ ഞാനമ്പരന്നുപോയി.

മാധവി വാസവനെ പെട്ടെന്നു വാരിയെടുത്തു തെരുതെരെ ഉമ്മ വച്ചുകൊണ്ടു പറകയാണു്: "വേണ്ട, മാഷെ; ഇവൻെറ അച്ഛനെ ഇനി വെഷമിപ്പിക്കണ്ടാ."

## കിട്ടുണ്ണിയുടെ ചില കൃതികൾ

കഥാലോകം—3-ാംപതിപ്പ് വില 1 ക.
റിക്ഷാക്കാരൻ—2-ാംപതിപ്പ് വില 1 ക.
അനാഥബാലിക—2-ാംപതിപ്പ് വില 1 ക.
പെൻഷൻ കാൺസ്റ്റബ്ൾ—3-ാംപതിപ്പ് വില 1 ക.

...ഒന്നാംതരമെന്നു കൈയ്യോടെ മററു ഭാഷക്കാരെ എടുത്തുകാണിക്കാവുന്നവയായി നമുക്കു ധാരാളം ചെറുകഥകളുണ്ട്. നമ്മുടെ കഥാസാഹിത്യരംഗത്തെ ഇത്രയും മോടിപിടിപ്പിച്ചവരിൽ സി. എം. കിട്ടുണ്ണിയുടെ സ്ഥാനം മുൻപന്തിയിൽതന്നെയാണ്.

'ലോകസാധാരണത്വം' കിട്ടുണ്ണിയുടെ കഥകളുടെ പ്രത്യേകതയാണ്. നാം നിത്യജീവിതത്തിൽ കണ്ടുമുട്ടുന്ന ആളുകളാണ് ഏറിയക്രൂറം കിട്ടുണ്ണിയുടെ കഥാസാമ്രാജ്യത്തിലെ പ്രജകൾ. ഉദാഹരണം ഈ മുപ്പതുകഥകളിലുമുണ്ടെന്നു പറഞ്ഞാൽ കൂടുതലൊന്നും പറയേണ്ടതില്ലല്ലോ.

നമ്മുടെ ദേശീയസ്വാതന്ത്ര്യസമരത്തിലെ പല ഏടുകളും ഇന്നത്തെ യുവാക്കൾക്ക് പഴംകഥകളാണ്. അവ ശരിയായ കാഴ്ചപ്പാടിൽ മനസ്സിലാക്കാൻ ഈ കഥകളിൽ പലതും സഹായകമാകും.

കിട്ടുണ്ണിയുടെ ഭാഷ—അതിനു വളരെ മുമ്പുതന്നെ സഹൃദയലോകം തങ്കമുദ്ര സമ്മാനിച്ചതാണല്ലോ. ഈ നാല് സമാഹാരങ്ങളും വാങ്ങാൻ മുതലിറക്കുന്ന പണത്തിന് എത്രയോ ഇരട്ടി 'ഡിവിഡണ്ട്' കിട്ടുമെന്നുമാത്രം ചുരുക്കിപ്പറഞ്ഞുകൊള്ളട്ടെ.

—എക്സ്പ്രസ്സ് 1958 ഫെബ്രുവരി 17

കഥാലത—3-ാംപതിപ്പ് വില 1 ക.

വളരെ ലാഘവത്തോടെ യാതൊരു മുഷിച്ചിലും തോന്നാത്ത വിധത്തിൽ പറഞ്ഞിട്ടുള്ള അഞ്ചു കഥകൾ. ജീവിതത്തിന്റെ പരുപരുത്തവശങ്ങളിൽ ചിലവ ചിത്രീകൃതമായിട്ടുണ്ട്. 'അരികൊടുക്കൽ' എന്ന കഥയിൽ പാവപ്പെട്ട സ്വീപ്പർ അന്തോണിയുടെ മനുഷ്യസ്നേഹവും, നശിച്ചുപോയ കുടുംബത്തിന്റെ മാനം കാക്കാനുള്ള വെമ്പലുമാണ്, കഥാവിഷയം. അന്തോണി അവിസ്മരണീയനായ ഒരു കഥാപാത്രമാണ്.

—ലോകവാണി, മദ്രാസ്

**നാഷനൽ ബുക്ക്സ്റ്റാൾ**
കോട്ടയം — തിരുവനന്തപുരം

3405
121
34

# അമ്പത്തേഴ് ആളെ കൊന്നു

SAHITHYA VILASINI LIBRARY
AYATHIL,
KILIKOLLOOR P.O.
QUILON.
SPORTS CLUB & GYMNASIUM

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണ
സംഘം ലിമിറ്റഡ്

Indic Digital Archive Foundation
gpura.org